ജൂലൈ 2017

Price ₹ 25

# ജീവനും വെളിച്ചവും



സ്വപ്നങ്ങളിൽ നിന്ന് യാഥാർത്ഥ്യത്തിലേക്കുള്ള

പ്രയാണവഴിയാണ് യുവത്വം



CARDIAC CATHLAB
Jubilee Memorial Hospital
Latin Archdiocese of Trivandrum
Little Flower College of Nursing
Admission starts...
ANGIOGRAM, ANGIOPLASTY
College Code - JBN.
JUBILEE MEMORIAL HOSPITAL
Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility
Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2017 ജൂലൈ
പുസ്തകം - 41 ലക്കം - 7
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
മോൺ. വിൽഫ്രഡ് ഇ.
മോൺ. നിക്കോളാസ് റ്റി.
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**എഡിറ്റർ ഇൻ-ചാർജ്**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ


## മുഖവിചാരം

# സ്വപ്നങ്ങൾ പൂക്കുന്ന കാലം...

സ്വപ്നങ്ങൾ പൂക്കുന്ന കാലമാണ് യൗവനം. ഒരായിരം പ്രതീക്ഷകളും, സ്വപ്നങ്ങളും മനസ്സിലേറ്റി ജീവിതത്തെ കരുപിടിപ്പിക്കാൻ വഴികളും കലാലയങ്ങളും തേടുന്ന കാലം.

ഐക്യരാഷ്ട്രസംഘടനയുടെ കണക്ക് പ്രകാരം ലോകത്ത് ഏറ്റവുമധികം യുവജനങ്ങളുള്ളത് ഭാരതത്തിലാണ്. 10 നും 24 നും മദ്ധ്യേ പ്രായമുള്ളവർ 28 ശതമാനമാണ്. കൂടാതെ ഭാരതത്തിലെ 41 ശതമാനം പൗരന്മാരും 20 വയസ്സിൽ താഴെ ഉള്ളവരാണ്. ഈ വലിയ സാധ്യതയാണ് യുവജന ശുശ്രൂഷയെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം മനസ്സിൽ കരുതേണ്ടത്.

എസ്താർ വാൻ ഡീൻ എന്ന യുവതി 2015 ൽ ഐക്യരാഷ്ട്ര സംഘടനയിൽ യുവജനങ്ങൾ ലോകത്തിന്റെ മാറ്റത്തിന്റെ ചാലക ശക്തികളാകണമെന്ന് വ്യക്തമാക്കി. തുടർന്ന് പറഞ്ഞത് ജനാധിപത്യം പ്രഘോഷിക്കുന്ന രാഷ്ട്രങ്ങൾപോലും ഏകാധിപത്യ പ്രവണതകളാണ് പ്രതിഫലിപ്പിക്കുന്നത്. അതിനാൽ  യുവത സ്വപ്നങ്ങളുള്ളവരാകണം. എന്റെ ഭൂമി, എന്റെ രാജ്യം, എന്റെ ലോകം എന്നിവ എങ്ങനെ ഉള്ളതാകണം എന്നതിനെക്കുറിച്ച് സ്വപ്നങ്ങളുണ്ടാകണം. ഈ സ്വപ്നം യാഥാർത്ഥ്യമാകുന്നതിനുവേണ്ടി ധീരതയോടെ പ്രവർത്തിക്കാനാകണം. ജീവിതവഴികളിലുണ്ടാകുന്ന പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ധൈര്യവും ആർജ്ജവവും ഉള്ളവരാണ് അത് നേടിയെടുക്കുന്നത്. കൂടാതെ ലക്ഷ്യം പ്രാപിക്കുന്നതിനായി നിശ്ചയദാർഢ്യത്തോടുകൂടിയ പ്രവർത്തനവും ആവശ്യമാണ്.

സ്വപ്നങ്ങൾ യാഥാർത്ഥ്യമാകണമെങ്കിൽ ആദ്യം മാറ്റം സംഭവിക്കേണ്ടത് ഓരോ വ്യക്തിയിലുമാണ്. വ്യക്തികളിലുണ്ടാകുന്ന മാറ്റം സമൂഹത്തിലും, വ്യവസ്ഥിതിയിലും ലോകമെമ്പാടും യാഥാർത്ഥ്യമാകും.

മാറ്റത്തിന്റെ ചാലകശക്തികളായി യുവജനങ്ങളെ നോക്കിക്കാണുന്ന ഫ്രാൻസിസ് പാപ്പ 2018 ഒക്ടോബർ 15 ന് മെത്രാന്മാരുടെ സിനഡ് വിളിച്ചിരിക്കുകയാണ്. ക്രമം തെറ്റിയ ലോകം നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളുടെയും അസ്വസ്ഥതകളുടെയും അനിശ്ചിതത്വത്തിന്റെയും അനാഥത്വത്തിന്റെയും പശ്ചാത്തലത്തിൽ ജീവന്റെയും സ്നേഹത്തിന്റെയും പൂർണതയിലേക്ക് മനുഷ്യകുലത്തെ ചലിപ്പിക്കാനുള്ള യുവതയുടെ വിളിയും ദൗത്യവും  തേടുകയാണ് സിനഡിന്റെ ലക്ഷ്യം.

നമുക്കുചുറ്റും വളർന്നുവരുന്ന അസഹിഷ്ണതയുടെ യാഥാർത്ഥ്യങ്ങളോട് ചടുലമായി ഇടപെടുന്ന യുവതയ്ക്കായി......

- പത്രാധിപർ

# പ്രതികരണങ്ങൾ




## ലേഖനങ്ങളുടെ ആധിക്യം

ജൂൺമാസം മുതൽ സ്കൂളിലേക്ക് പോകുന്ന കുട്ടികളുടെ കലപിലശബ്ദം പോലെയായിരുന്നു ജൂൺലക്കം ജീവനും വെളിച്ചവും മാസകയിലെ 'വിദ്യാഭ്യാസ ലേഖന'ങ്ങളുടെ ആധിക്യം. പലതും വേണ്ടത്ര ഉന്നതനിലവാരം പുലർത്താത്തതും പണ്ടേ വായിച്ചുമടുത്തവയുമായിരുന്നു. നല്ല ലേഖനങ്ങൾ, കഥ, കവിത, ആത്മീയ വളർച്ചയ്ക്കുപകരിക്കുന്ന വിഭവങ്ങൾ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിച്ചുകൂടേ.

– റീനാ ലൂഷ്യസ്

## അഭിനന്ദനം

ജൂൺ ലക്കം ജീവനും വെളിച്ചവും മാസികയിൽ ലത്തീൻ സമുദായത്തിന്റെ ഇന്നലെകളിലെ ചരിത്രത്തിലേക്ക് വെളിച്ചം വീശുകയും ഇന്നത്തെ അവസ്ഥകൾ സമൂലം വിശകലനം ചെയ്യുകയും ഇന്നലെകളിലും ഇന്നും പറ്റിയ പാളിച്ചകൾ തിരുത്തി പ്രകാശോജ്ജ്വലമായ നാളെകളിൽ ദീർഘവീക്ഷണത്തോടെ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ആഴത്തിലുള്ള അവബോധം നൽകുകയും ചെയ്ത ഡോ. മാർട്ടിൻ പാട്രിക്കിന്റെ അർത്ഥവത്തായ ലേഖനം അഭിനന്ദനമർഹിക്കുന്നു.

– ജെറാൾഡ് ബി.മിരാൻഡ

## ആത്മപരിശോധന നടത്തണം

ഹരിതാഭ ലോകം സ്വപ്നം കാണുന്ന സീനാ ഫെലിക്സിന്റെ ലേഖനം വായിച്ചു. സ്വദേശത്തിന്റെയും ലോകത്തിന്റെയും പരിസ്ഥിതി തകർച്ചകൾ കണ്ട് മനം നൊന്തെഴുതുന്ന മനം കുളിർപ്പിക്കുന്ന ലേഖനങ്ങൾക്കും വിലാപഗാനങ്ങൾക്കും ഒരു പഞ്ഞവുമില്ല. ഡോ. സീനയുടെ ആശയങ്ങളും ചിന്തകളും നടപ്പിലാക്കേണ്ടതും പഠനവിധേയമാക്കേണ്ടതും തന്നെയാണ്.

എങ്കിലും ഈ പ്രകൃതിയെ സ്നേഹിക്കാൻ ഞാൻ എന്റെ വീടിന് ചുറ്റും മരങ്ങളും ചെടികളും വച്ചുപിടിപ്പിക്കുന്നുണ്ടോ? എന്റെ വീട്ടിൽ, അന്തരീക്ഷ മലിനീകരണം ഉണ്ടാക്കാത്ത വാഹനമായ സൈക്കിൾ ഉണ്ടോ? ആരൊക്കെ അതുപയോഗിക്കുന്നു? മഴക്കുഴിയുണ്ടോ? കുടുംബാംഗങ്ങളുടെ ആവശ്യത്തിനേക്കാൾ ഉപരിയായി വലുതാണോ എന്റെ വീട്? എത്ര മുറികൾ ആളില്ലാതെ അടച്ചിട്ടിരിക്കുന്നു? എന്റെയും മക്കളുടെയും വിവാഹം അങ്ങേയറ്റം ലളിതവും പ്രകൃതിയോടിണങ്ങുന്നവിധത്തിലുമായിരുന്നോ? പ്രകൃതിസൗഹൃദ വീടാണോ എന്റേത്? അയൽക്കാരും സമൂഹവും എന്റെ സഹോദരങ്ങളുമായി നല്ല ബന്ധത്തിലാണോ? വീട്ടിലെ ജൈവ, ജൈവേതര മാലിന്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നു? ലാളിത്യമാർന്ന വസ്ത്രങ്ങളാണോ ഞാൻ ധരിക്കുന്നത്? വീടിന് ചുറ്റും കോൺക്രീറ്റ് ചെയ്തതാണോ? പ്രകൃതിക്ക് കോട്ടം വരാത്ത തരത്തിൽ എന്തൊക്കെ കാര്യങ്ങൾ ഞാൻ ചെയ്യുന്നു? കറന്റ് ബിൽ എത്രയാണ്? മാസം എത്ര ലിറ്റർ വെള്ളം ഉപയോഗിക്കുന്നു? വീട്ടിൽ പച്ചക്കറി കൃഷിയുണ്ടോ? ഫാസ്റ്റ്ഫുഡ്, ജങ്ക്ഫുഡ് ഇവ ഉപയോഗിക്കാറുണ്ടോ? മണ്ണിൽ വിയർപ്പൊഴുക്കി അദ്ധ്വാനിക്കാറുണ്ടോ? ഇക്കാര്യത്തിൽ പരിസ്ഥിതി പ്രവർത്തകർ എങ്കിലും മാതൃക കാട്ടണമെന്നപക്ഷക്കാരനാണ് ഞാൻ.

– ജാളി, ചെമ്പകമംഗലം

## മനുഷ്യന് പുല്ലുവില

ജോസ് ക്ലിൻ, ശീലുവമ്മ ഇവർക്ക് ആദരാഞ്ജലിയും ഐക്യദാർഢ്യവും സ്നേഹവും പ്രഖ്യാപിച്ച് അഗസ്റ്റിൻ കണിപ്പിള്ളി എഴുതിയ വർത്തമാനത്തിന് സ്തുതി. ലോകത്തേക്ക് നോക്കിയാൽ 'അമൂല്യ'നെന്ന് വാഴ്ത്തുന്ന മനുഷ്യന് ഒട്ടും വിലയില്ലാത്ത കാലം. ഭീകരർ തൊലിയുരിഞ്ഞും എണ്ണയിൽ തിളപ്പിച്ചും വണ്ടികയറ്റിയും വെട്ടിനുറുക്കിയും ബോംബിട്ടും പീഡിപ്പിച്ചും ആളുകളെ കൊന്നുരസിക്കുന്നു. ഇന്ത്യയിൽ മൃഗങ്ങൾക്കാണ് മനുഷ്യനേക്കാൾ വില. മൃഗത്തിന്റെ പേര് പറഞ്ഞ് മനുഷ്യനെ കൊല്ലുന്നു. കേരളത്തിൽ പട്ടികൾക്കും കുരങ്ങന്മാർക്കുമൊക്കെയാണ് നല്ല വിലയുള്ളത്.

ആത്മരക്ഷയ്ക്കുവേണ്ടി (സ്വയരക്ഷ) പ്രത്യേക സാഹചര്യങ്ങളിൽ കൊല്ലുന്നത് ശിക്ഷാർഹമല്ലെന്ന് പറയാറുണ്ടല്ലോ. അത്യന്തം അപകടകാരികളായ പ്രതികളെയാണല്ലോ വധശിക്ഷക്ക് വിധിക്കുന്നത്. അതുപോലെ പട്ടിസ്നേഹം നിലനിർത്തിക്കൊണ്ടുതന്നെ പറയട്ടെ, അതാതിടങ്ങളിൽ അപകടകാരികളായ നായ്ക്കളെ ജനങ്ങൾ സംഘടിച്ചുതന്നെ കൊന്നൊടുക്കുന്നതാണ് ഏക പോംവഴി. അല്ലെങ്കിൽ തെരുവുനായ്ക്കളെ പട്ടിസ്നേഹികൾക്കും മേനകാഗാന്ധിക്കും അയച്ചുകൊടുക്കുക. ഡൽഹിയിലേക്ക് പ്രത്യേക 'ഡോഗ് സ്പെഷ്യൽ' എയർ കണ്ടീഷൻ ട്രെയിൻ സർവ്വീസുമാകാം. മൃഗശാല പോലെ 'നായ്ശാല'കളും കേരള സർക്കാരിന് പരിഗണിക്കാവുന്നതാണ്. പാവം പൊതുജനത്തെ കടിച്ചുകൊല്ലരുതെന്ന തരത്തിൽ നായ്ക്കളെ പരിശീലിപ്പിക്കാനും ബോധവൽക്കരിക്കാനും 'നായ സർവകലാശാലകളും പരിഗണിച്ചുകൂടേ...?

– വിയാന്നാ ജെറാൾഡ്

ജീവനും വെളിച്ചവും
ജൂലൈ 2017

# താളുകളിൽ

## ലേഖനം

6 യുവജനങ്ങളെ നിങ്ങൾ ദുരന്തഭൂമിയിലെ ക്രിസ്തു സാക്ഷികൾ
ഫാ. ലെനിൻ ഫെർണാണ്ടസ്

9 ആധുനിക യുവജന മനഃശാസ്ത്രം
ഫാ. എ.ആർ.ജോൺ

12 യുവജനം
ഫാ. പോൾ സണ്ണി

16 യുവജനങ്ങളുടെ സാമൂഹ്യപാഠം
സിസ്റ്റർ. ദീപ ജോർജ്ജ് എഫ്ഡിസിസി

18 മാതൃകകൾ : താലന്തുകളുടെ ക്രിയാത്മക വിനിയോഗം – പുതിയതലമുറയ്ക്കൊരു മാർഗനിർദ്ദേശം

## സ്ഥിരം പംക്തികൾ

11 കവിത
23 കാനോൻ നിയമത്തിൽ
24 വാർത്തകൾ
32 നീർച്ചാലുകൾ
38 വചനജ്വാല
40 ഇളംതൂവൽ
42 നേർക്കാഴ്ച
ജെ.സി.

# യുവജനങ്ങളെ നിങ്ങ

# ക്രിസ്തു

**വിശുദ്ധഗ്രന്ഥം ഏറ്റവും വലിയ**
**യോഹന്നാനെയാണ്.**
**തയ്യാറെടുപ്പ് നടത്തിയ വ്യക്തി വേറെ**
**യുവജനങ്ങൾ സന്നദ്ധരായാൽ**

**ഫാ. ലെനിൻ ഫെർണാണ്ടസ്**

ഡയറക്ടർ, യുവജന ശുശ്രൂഷ

ഇരുളും വെളിച്ചവും ഇടകലർന്ന ഒരു ത്രിസന്ധ്യപോലെയാണ് ജീവിതം. പ്രതീക്ഷകളും നിരാശയും ഇവിടെ മാറിമാറി പുനർജ്ജനിക്കുന്നു. സ്വാർത്ഥതയുടെ മൂടുപടമണിഞ്ഞ മനുഷ്യന്റെ ചെയ്തികൾകൊണ്ടാകാം തെരുവുകളിൽ അലയടിക്കുന്ന അശാന്തിയുടെ തിരമാലകൾ കൊണ്ടാകാം, അവഗണിക്കപ്പെടുന്ന അനേകം മനുഷ്യക്കോലങ്ങളുടെ ദുരവസ്ഥ കാണുന്നതുകൊണ്ടാകാം എന്റെ മനസ്സ് മന്ത്രിക്കുന്നു, ഇത് ഒരു ദുരന്തഭൂമിയാണ് എന്ന്. എന്തിനാണ് ഈ നിഷേധാത്മക ചിന്തകൾ എന്നുപറഞ്ഞ് നമുക്ക് ഓടിയൊളിക്കാം. ഈ ലോകവും മനുഷ്യരും വെറും പോസിറ്റീവ് ചിന്തകളിലേക്ക് മാത്രം ഉയർന്നുപൊങ്ങുമ്പോൾ നൈരാശ്യത്തിലേക്ക് ഊളിയിടുന്നവൻ നിഷേധിയാകുന്നു ചിലപ്പോൾ അപഹാസ്യനും. എന്നാൽ ശക്തനായ ഒരു ക്രിസ്തുസാക്ഷിരൂപം കൊള്ളുന്നത് നിഷേധിയാകുമ്പോൾ ഉണ്ടാകുന്ന നൊമ്പരങ്ങളിൽ നിന്നാണ്. ഏറ്റവും അധികം പീഡിപ്പിക്കപ്പെട്ട യഹോവയുടെ പ്രവാചകൻ 'ജറെമിയാ' ആയിരുന്നു. അസ്ഥികൾ നുറുങ്ങുവോളം തല്ല്, പൊട്ടക്കിണറ്റിലേക്ക് ഏറ്, വിശപ്പ്, ദാഹം ഇവയെല്ലാം അവന് അനുഭവിക്കേണ്ടിവന്നത് അവൻ ധീരനായ നിഷേധിയായതുകൊണ്ടാണ്; ഈ ലോകത്തിന്റെ ലാവണ്യങ്ങളോട് തെല്ലും പൊരുത്തപ്പെടാത്തതുകൊണ്ട്.

ദുരന്തവും അഴിമതിയും വിളയാടുന്ന ഭൂമിയിൽ നിസംഗമായി നോക്കിനിൽക്കുന്നവനല്ല, വെറുതേ പരിഭ്രാന്തനാകുന്നവനല്ല മറിച്ച് ശക്തമായി പ്രതികരിക്കുന്നവനാണ് ക്രിസ്തുസാക്ഷി. ഇന്നിന്റെ യുവത്വം ക്രിസ്തുവിന്റെ സ്വത്വബോധത്തിന്റെ തുടർച്ചയാകണം.

ആരോരുമറിയാതെ അനേകായിരങ്ങൾ ഇന്ന് ഈ ഭൂമിയിൽ മരിച്ചുവീഴുകയാണ്. ബോംബാക്രമണങ്ങളിലൂടെയും ചാവേർപോരുകളിലൂടെയും ഭീകരവാദ പ്രവർത്തനങ്ങളിലൂടെയും നിരപരാധികൾക്ക് ജീവൻ നഷ്ടമാകുന്നു. പ്രകൃതിക്ഷോഭങ്ങളും പകർച്ചവ്യാധികളും പിടിപെട്ട് മനുഷ്യൻ മരണത്തെ നോക്കി വിറങ്ങലിച്ചുനിൽക്കുന്നു. മനുഷ്യജീവനുവേണ്ടി വിലപേശുന്ന ഗുണ്ടകളും പാർട്ടി അനുഭാവികളും നാടിനെ നരകമാക്കുന്നു. ദൈവം ദാനമായി കൊടുത്ത മഹത്തായ ജീവിതത്തെ തൂക്കുകയറിൽ കെട്ടിയും വിഷക്കുപ്പിയിൽ മുക്കിയും കൊല്ലുന്നു. മനോഹരമായ ഈ ഭൂമിയിലേക്ക് മിഴിനീട്ടാൻ പോലും അനുവദിക്കാതെ കോടിക്കണക്കിന് ഭ്രൂണഹത്യകൾ നടക്കുന്നു. ഇതിനെ നോക്കി ഇതൊരു ശവപ്പറമ്പ് എന്നല്ലാതെ എന്താണ് വിശേഷിപ്പിക്കേണ്ടത്. ഒരുവശത്ത് ശവങ്ങൾ കുന്നുകൂടുമ്പോൾ മറുവശത്ത് ജീവച്ഛവങ്ങളും.നമ്മുടെ ഇന്നലകളിലേക്ക് ഒന്നു തുറിച്ചുനോക്കിയാൽ വെറുപ്പോടെ മാറ്റിനിർത്തേണ്ട എത്രയോ മുഖങ്ങളുണ്ട് നമ്മുടെ മുൻപിൽ. ഓർക്കാൻ പോലും ആഗ്രഹിക്കാത്ത എത്രയോ സന്ദർഭങ്ങളുണ്ട് ജീവിതത്തിൽ.

# ൾ ദുരന്തഭൂമിയിലെ

# സാക്ഷികൾ

**ക്രിസ്തുസാക്ഷിയായി വിശേഷിപ്പിക്കുന്നത് സ്നാപക കാരണം ക്രിസ്തുസാക്ഷിയാകാൻ വേണ്ടി ഇത്രയേറെ യില്ല. അത്തരം ഒരു തയ്യാറെടുപ്പിന്, ക്രിസ്തുസാക്ഷ്യത്തിന് അവരുടെ യുവത്വം അർത്ഥപൂർണമാകും.**

സാമീപ്യത്തിന് പകരം അവഗണനയും സാന്ത്വനത്തിന് പകരം വേദനയും ജീവിതത്തിൽ അനുഭവിച്ച് മുരടിച്ച മനസ്സുമായി ദാനമായി കിട്ടിയ ജീവിതം എങ്ങനെയെങ്കിലും ജീവിച്ചുതീർക്കാം എന്നുവിചാരിക്കുന്നവർ കുറവാണോ?

എന്നാൽ യേശുവാകട്ടെ ഇപ്രകാരമുള്ള ജീവിതദുരന്തങ്ങളെ മുൻകൂട്ടി കണ്ടിരുന്നു. ഭൂമിയിൽ ഉണ്ടാകാൻ പോകുന്ന ഇത്തരം ദുരന്തങ്ങളെക്കുറിച്ചും മനുഷ്യരുടെ ജീവിതാവസ്ഥകളെക്കുറിച്ചും യേശു ദീർഘനിശ്വാസത്തോടെ സ്ഥിരീകരിക്കുന്ന കാഴ്ച സുവിശേഷത്തിലെ മറ്റൊരത്ഭുതമാണ്. അവൻ പറഞ്ഞു, "യുദ്ധങ്ങളേയും കലഹങ്ങളെയും കുറിച്ച് കേൾക്കുമ്പോൾ നിങ്ങൾ ഭയപ്പെടരുത്. ജനം ജനത്തിനെതിരായും രാജ്യം രാജ്യത്തിനെതിരായും തല ഉയർത്തും, വലിയ ഭൂകമ്പങ്ങളും പലസ്ഥലങ്ങളിലും ക്ഷാമവും പകർച്ചവ്യാധികളും ഉണ്ടാകും." (ലൂക്ക. 21, 9-11). "നിങ്ങൾ ഈ കാണുന്നവ കല്ലിന്മേൽ കല്ലുശേഷിക്കാതെ തകർക്കപ്പെടുന്ന കാലം വരുന്നു" (ലൂക്ക. 21:6). യേശു തന്നെ മുൻകൂട്ടി കണ്ട് സ്ഥിരീകരിച്ച ഈ മഹാദുരന്തങ്ങൾക്ക് വിരാമമിടാൻ മാത്രം കെൽപ്പുള്ളവരല്ല നാം.

സങ്കീർത്തകൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു, ഹേ മനുഷ്യാ നീ ഉണരുമ്പോൾ തുടച്ചുനീക്കപ്പെടുന്ന സ്വപ്നം പോലെയും പ്രഭാതത്തിൽ മുളനീട്ടുന്ന പുല്ലുപോലെയുമാണ് എന്ന്. എങ്കിലും നൽകപ്പെട്ട ഈ ജീവിതംകൊണ്ട് സ്ഥായിയായ ഒരു മാറ്റത്തിന് ശ്രമിക്കുന്നതിൽ എന്തുതെറ്റ്. ഒരു ക്രിസ്തുസാക്ഷിയാകാൻ, ഈ ദുരന്തഭൂമിയിൽ ക്രിസ്തു ബോധ്യങ്ങളുടെ കെടാവിളക്കാവാൻ നിന്റെ ഉള്ളു പിടയണം. ജോർജ്ജ് ബർണാഡ് ഷാ എന്ന എഴുത്തുകാരൻ പറയുന്നു, "ജീവിതം എനിക്കൊരു മെഴുകുതിരിയല്ല. മറിച്ചൊരു കൈപ്പന്തമാണ്. കൈകളിൽ ഞാനത് വഹിക്കുവോളം കാലം പിൻതലമുറക്കത് കൈമാറുവോളം കാലം ജ്വലിച്ചുകൊണ്ടേയിരിക്കണം". തിരിനാളം എന്ന പതിവുസമീപനങ്ങളിൽ നിന്ന് ആളിപ്പടരുന്ന അഗ്നിജ്വാലകളാണ് ഇന്നിന്റെ യുവത്വത്തിന്റെ വെല്ലുവിളി.

വിശുദ്ധഗ്രന്ഥത്തിലെ ഏറ്റവും വലിയ ക്രിസ്തുസാക്ഷി ആര് എന്നുചോദിച്ചാൽ അത് സ്നാപക യോഹന്നാൻ എന്ന യുവാവായിരുന്നു. ക്രിസ്തുവിനുവേണ്ടി സാക്ഷിയായി തീരാൻ മാത്രം ഇത്രയേറെ ജീവിതത്തെ ചിട്ടപ്പെടുത്തിയ വ്യക്തിയുണ്ടോ? ഒട്ടകരോമം കൊണ്ടുള്ള വസ്ത്രം, അരയിൽ തോൽവാറ്, വെട്ടുകിളിയും കാട്ടുതേനും ഭക്ഷണം, ജീവിതം മരുഭൂമിയിൽ; ഒരുപക്ഷേ ജീവിക്കാൻ മരുഭൂമി സ്നാപകൻ ബോധപൂർവ്വം തെരഞ്ഞെടുത്തതാകാം. ജീവിതത്തിലെ മരുഭൂമി അനുഭവങ്ങൾ തീർച്ചയായും യുവജനങ്ങളെ ക്രിസ്തുസാക്ഷിയാകാൻ പരുവപ്പെടുത്തും.

ഒരു മരുഭൂമിയിക്ക് മൂന്ന് പ്രത്യേകതകളുണ്ട്. മൺകൂനകൾ - മണൽക്കാറ്റ് - മരീചിക. മണൽക്കൂനകൾ നിന്റെ വഴി തെറ്റിച്ചുകൊ

ണ്ടേയിരിക്കും, ലക്ഷ്യസ്ഥാനം നമുക്ക് തെറ്റിപോകും. അവിടെയും ഇവിടെയും അലഞ്ഞ് വരൾച്ചയുടെ ഭീകരതയിൽ നാം വീണുപോകും. എങ്കിലും ലക്ഷ്യബോധമുള്ള ഒരുവന് ഒരിക്കലും നിരാശനാകേണ്ടിവരില്ല. അതാണ് സ്നാപകന്റെ ജീവിതപാഠം നമുക്ക് നൽകേണ്ടത്. ക്രിസ്തുവാകുന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ മണൽക്കൂനകളായി ചില വ്യക്തിബന്ധങ്ങളുണ്ട്. ലോകത്തിന്റെ നശ്വരതയുണ്ട്, മാധ്യമങ്ങളുടെ പ്രീണനങ്ങളുമുണ്ട്. ഇവയൊക്കെ അതിജീവിക്കാൻ നമുക്ക് സാധിക്കണം.

മണൽക്കാറ്റിന്റെ പ്രത്യേകതയാകട്ടെ അത് വളരെ അപ്രതീക്ഷിതമായ ഒരു പൊട്ടിപ്പുറപ്പെടലാണ്. മണൽക്കാറ്റടിച്ചാൽ നീ കണ്ണടയ്ക്കും പിന്നെ ഒന്നും കാണില്ല. കമിഴ്ന്നു വീണ് പൂഴിതിന്നുന്ന ഭീകരതയോളം നീ ചിലപ്പോൾ എത്തിച്ചേരും. എന്നാൽ ഒരു പ്രതീക്ഷ നിന്റെ മുൻപിലുണ്ട്. ഈ കാറ്റ് എപ്പോഴെങ്കിലും അവസാനിക്കും എന്ന പ്രതീക്ഷ. എന്നാൽ ജീവിതത്തെ മരുഭൂമിയിലെ മണൽക്കാറ്റിനോട് സങ്കല്പിച്ചാൽ പലർക്കും അത് തീരുവോളം കാത്തിരിക്കാൻ കഴിയാറില്ല. നൈരാശ്യത്തിന്റെ വിഭ്രാന്തിയിൽപ്പെട്ട് ആത്മഹത്യയുടെ പടിവാതിലിലാണ് പലരും അഭയം തേടുക. മേൽപ്പറഞ്ഞ രണ്ടിനേക്കാളും ഭീകരമാണ് മരീചിക. മരീചിക എന്നുവച്ചാൽ വെറുതേയുള്ള തോന്നൽ. "ഇക്കരെ നിൽക്കുമ്പോൾ അക്കരപ്പച്ച'' എന്ന നാട്ടുചൊല്ലു പോലെ അവിടെ ജലമുണ്ടാകും എന്ന തോന്നൽ. ഇത്തരം മരീചികകളാണ് പലപ്പോഴും ജീവിതത്തിലെ മണൽക്കൂനകളിലേക്കും മണൽക്കാറ്റിലേക്കും നിന്നെ വലിച്ചുകൊണ്ടു പോകുന്നത്. ആയതിനാൽ മരീചികകൾ ജീവിതത്തിലെ ഏറ്റവും വലിയ അപകടകാരികളാണ്. ഈ കയത്തിൽ വീണ് മുങ്ങിത്തപ്പാതിരിക്കാൻ ഒരേ ഒരു വഴിയേ ഉള്ളൂ. നിന്റെ 'മനസ്സ്' നിയന്ത്രിക്കപ്പെടണം. ഈ ലോകത്തെ ഏറ്റവും ശക്തനായ മനുഷ്യൻ ആരെന്ന് ചോദിച്ചാൽ മനസ്സിനെ നിയന്ത്രിക്കാൻ കഴിയുന്നവൻ എന്നതായിരിക്കും ഉത്തരം. മണൽക്കൂനകളുടെയും മണൽക്കാറ്റിന്റേയും മരീചികയുടെയും തടസ്സങ്ങളെ അതീജീവിക്കാനുള്ള ഉൾക്കരുത്ത് പ്രകൃത്യാ ഓരോ യുവതീയുവാക്കളിലും ഉണ്ട്. അതിന് നിന്റെ മനസ്സിനെ ഒരുക്കാൻ ഒരേയൊരു ശക്തിക്ക് മാത്രമേ കഴിയൂ. അത് ക്രിസ്തുവിന്റെ ജീവിതവും വചനങ്ങളുമാണ്.



ദുരന്തങ്ങളുടെ ഈ ഭൂമിയിൽ ഇനിയും നമുക്കൊന്നും ചെയ്യാനില്ല എന്ന ചിന്തയാണെങ്കിൽ തെറ്റി. ക്രിസ്തുവിന്റെ ആദർശങ്ങളിൽ നിന്നും എത്രയോ അകന്നാണ് നാം സഞ്ചരിക്കുക. ഒരു കഥ ഇങ്ങനെ പോകുന്നു. ഒരു മുക്കുവച്ചെറുക്കൻ കടലിനെ തുറിച്ചുനോക്കുന്നു. ജീവിതം കൊടുത്ത നൊമ്പരങ്ങളിൽ നിന്നും വീണുകിട്ടിയ ആദർശങ്ങളുടെ പുത്രനാണവൻ. അടിച്ചുകയറുന്ന തിരമാലകൾ അവന്റെ ഉള്ളിൽ സന്തോഷമല്ല പകരുക മറിച്ച് വിഷാദമാണ്. തിരമാലയോടൊപ്പം വരുന്ന കുഞ്ഞുമത്സ്യങ്ങൾ കരയിൽ കിടന്ന് പിടഞ്ഞുമരിക്കുന്നത് അവന് സഹിക്കുന്നില്ല. എവിടെന്നോ കിട്ടിയ ഉൾപ്രേരണയാൽ അവൻ ഓടിനടന്ന് പിടഞ്ഞു ചാകുന്ന കുഞ്ഞുമത്സ്യങ്ങളെ കടലിലേക്ക് വലിച്ചെറിയുകയാണ്. ബുദ്ധിശൂന്യമായ അവന്റെ പ്രയത്നം കണ്ട് ഒരു മനുഷ്യൻ അവനെ നിരുത്സാഹപ്പെടുത്തിക്കൊണ്ട് പറഞ്ഞു, "നോക്കു നീ ചെയ്യുന്ന ഈ പ്രവൃത്തികൊണ്ട് ഒരു മാറ്റവും സംഭവിക്കാൻ പോകുന്നില്ല." അവന്റെ മറുപടി ഇപ്രകാരമായിരുന്നു, അടിച്ചുകയറുന്ന തിരമാലകളേയും ചത്തുപൊങ്ങുന്ന മത്സ്യങ്ങളേയും താരതമ്യം ചെയ്യുമ്പോൾ ഇതൊന്നുമല്ല എന്നാൽ ഞാൻ കടലിലേക്ക് വലിച്ചെറിയുന്ന ആ മത്സ്യങ്ങൾക്ക് അതൊരു വലിയ കാര്യം തന്നെയാണ്.'' ഇങ്ങനെ ചിന്തിച്ചാലേ ദുരന്തഭൂമിയിലെ നുറുങ്ങുവെട്ടമായി തീരാൻ നമുക്ക് സാധിക്കൂ.

അന്ധയും ബധിരയും മൂകയുമായ ഹെലൻകെല്ലർ, ലോകാരാധ്യയായിരുന്നു. അവർ ഒരിക്കൽ ഇപ്രകാരം മഴവില്ലിനെക്കുറിച്ച് പറഞ്ഞു, "ഞാൻ അന്ധയാണ്. മഴവില്ല് കണ്ടിട്ടില്ല. എന്നാൽ അതിന്റെ സൗന്ദര്യത്തെപ്പറ്റി കേട്ടിട്ടുണ്ട്, അത് ക്ഷണികവും അപൂർണവുമാണ്." ഇതുതന്നെയാണ് ഈ ലോകത്തിലെ നമ്മുടെയും അവസ്ഥ. ജീവിതം മഴവില്ലിന്റെ വക്രരേഖ പോലെ മുറിഞ്ഞതും അപൂർണവുമാണ്. എന്നാൽ അത് സുന്ദരമാണ്. ഇവിടെ ജീവിത സാക്ഷ്യംകൊണ്ട് നമുക്കൊരു നേർരേഖ വരയ്ക്കാം. കാലം പിന്നെ വിലയിരുത്തട്ടെ അതിന്റെ വഴിവരമ്പുകളിൽ എന്നും പാരിജാതത്തിന്റെ സുഗന്ധമുണ്ടെന്ന്. പ്രിയ യുവജന സുഹൃത്തുക്കളെ, നിങ്ങൾ തെളിയിച്ച ആ പാതയോരങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ആ സുഗന്ധത്തിന്റെ പേരിൽ പിൽക്കാലത്ത് നിങ്ങൾ അറിയപ്പെടും. ■



ജീവിതത്തിന്റെ വസന്തകാലമാണ് യൗവനം. അവർ നാളെയുടെ പ്രതീക്ഷയല്ല, ഇന്നിന്റെ പ്രതീക്ഷയാണ്. ഇന്നത്തെ സ്വപ്നമാണ് നാളെയവർ കൊയ്തെടുക്കുന്നത്. യുവജനങ്ങളുടെ മനസ്സിന്റെ വ്യാപാരങ്ങൾ മനനം ചെയ്യുക ആവേശകരവും എന്നാൽ ക്ലേശകരവുമായ ഒരു കാര്യമാണ്.

# ആധുനിക യുവജന മനഃശാസ്ത്രം


**ഫാ. എ. ആർ. ജോൺ**

ഡയറക്ടർ, കുടുംബപ്രേഷിത ശുശ്രൂഷ


യൗവനത്തിലെത്തുവോളം വീടാണ് ലോകം, എന്നാൽ യൗവനത്തിലേക്ക് പ്രവേശിക്കുമ്പോൾ വിശാലമായ ഒരു ലോകത്തിൽ ആയിരിക്കാനുള്ള ഒരു ത്വര പ്രകടമാകും. കഴിവതും താമസിച്ച് വീട്ടിൽ നിന്നിറങ്ങി കഴിവതും നേരത്തെ മടങ്ങിയെത്തിക്കൊണ്ടിരുന്നയാൾ ഇപ്പോൾ കഴിവതും നേരത്തെ വീട്ടിൽ നിന്നിറങ്ങും കഴിവതും താമസിച്ച് വീട്ടിൽ വരാൻ ഇഷ്ടപ്പെടുന്നു. മാതാപിതാക്കൾ ചിന്തിക്കും അവന് / അവൾക്ക് എന്തുപറ്റി, ഇങ്ങനെയായിരുന്നില്ലല്ലോ ! തീരുമാനങ്ങൾ അവന്/അവൾക്ക് സ്വന്തമായെടുക്കാനാണ് ഇഷ്ടം, "അമ്മ പറയേണ്ട, എനിക്കറിയാം, അത് ഞാൻ ചെയ്തോളാം, അച്ഛനിതിൽ ഇടപെടേണ്ട". ഇവയെല്ലാം സ്വന്തം കാലിൽ നിൽക്കാനും സ്വന്തം ചിറകിന്റെ ബലത്തിൽ പറക്കാനുമുള്ള ദാഹത്തിന്റെ അടയാളങ്ങളാണ്.

## ഏതെങ്കിലുമൊരു ഗ്രൂപ്പിന്റെ ഭാഗമാകാനുള്ള ആഗ്രഹം

മാതാപിതാക്കൾ പറയുന്നതും ഉപദേശിക്കുന്നതും 'പഴഞ്ചൻ' എന്ന് തോന്നിത്തുടങ്ങുന്നു. എന്നാൽ കൂട്ടുകാരുടെ സാന്നിധ്യം അവരുമായി സമയം ചെലവഴിക്കുന്നതും ഏറെ

ആനന്ദകരമായി അനുഭവപ്പെടുന്നു. സമൂഹത്തെക്കുറിച്ച് അറിയുന്നത്, സൗഹൃദങ്ങൾ രൂപപ്പെടുന്നത്, കഴിവകളും സിദ്ധികളും പൂവണിയുന്നത് ഇവരുടെ സാന്നിധ്യത്തിലാണ്. എന്നാൽ ഒരു കുഴപ്പമുണ്ട്. അവരുടെ വാക്കുകളാണ് ദൈവവാക്കുകൾ, ശിരസാവഹിക്കും. തെറ്റായ അറിവുകളും വികലമായ ധാരണകളും പുതുമയോടും സാഹസികതയോടുമുള്ള അഭിവാഞ്ജയും അവരെ നടക്കാത്ത വഴികളിലൂടെ നടക്കാനും നല്ലതല്ലാത്ത ശീലങ്ങൾ പരിശീലിക്കാനും കാരണമാകും. ഇത് ഒരനുഗ്രഹവും ഒരപകടവുമാണ്. അതെ ചന്ദനം ചാരിയാൽ ചന്ദനം മണക്കും ചാണകത്തിൽ ചവിട്ടിയാൽ ചാണകം മണക്കും അത്രമാത്രം.

## ഹോർമോണുകളുടെ പിൻബലം

ശരീരംപൂർണമായ് പുഷ്പിക്കുന്ന കാലഘട്ടമാണ് യൗവനം. ഇതിനുപിന്നിൽ പ്രവർത്തിക്കുന്നത് പലതരം ഹോർമോണുകളാണ്. ഇതിന് മുൻപുള്ളതിനേക്കാൾ ശാരീരികബലവും ശക്തിയും അനുഭവപ്പെടുന്നു. വികാരവിക്ഷോഭങ്ങൾ ഉടലെടുക്കുന്നു. പ്രത്യേകിച്ച് ദേഷ്യം, സന്തോഷം, ദുഃഖം, ഭയം തുടങ്ങിയ അടിസ്ഥാന വികാരങ്ങൾ. ഭാവനയുടെ ലോകത്തേക്ക് വഴുതിവീഴുന്നു, ശ്രദ്ധക്കുറവ് അനുഭവപ്പെടുന്നു. അമഗ്ദല വികാരങ്ങളുടെ രസം പുറപ്പെടുവിക്കുന്നു, ഓക്സിടോക്സിൻ എന്ന ലൗ ഹോർമോൺ പ്രേമവും സ്നേഹവും ജനിപ്പിക്കുന്നവിധം അധികമായി പുറത്തുവരുന്നു. ഇതിനോടൊപ്പം ജീനുകൾ അവയുടെ സ്വഭാവ സവിശേഷതകൾ കൂടുതൽ പ്രകടിപ്പിക്കുന്നു. അനുഭവങ്ങളും സാഹചര്യങ്ങളും പഠനവും പ്രതീക്ഷകളും സംസ്കാരവും അവരുടെ ചിന്താരീതികളെ ശക്തമായി സ്വാധീനിക്കുന്നു. ഈ ശക്തികൾ യുവത്വത്തെ പ്രകാശിപ്പിക്കാം. അല്ലെങ്കിൽ വെളിച്ചത്തെ കെടുത്തിക്കളയാം.

## സ്ക്രീൻ ഏജ് ആകുന്ന യുവത്വം

ടീൻ ഏജ് ഇപ്പോൾ സ്ക്രീൻ ഏജിന് വഴിമാറുകയാണ്. ഡിഎസ്എം (ഡയഗ്നോസ്റ്റിക് സ്റ്റാറ്റിസ്റ്റിക്കൽ മാന്വൽ ഓഫ് മെന്റൽ ഡിസ്ഓർഡർ) ഇപ്പോൾ യുവത്വത്തെ സ്ക്രീൻ ഏജ് എന്നാണ് വിശേഷിപ്പിക്കുന്നത്. കാരണം ഇന്ന് ഒരു യുവാവ്/യുവതി ശരാശരി നാലുമുതൽ 6 മണിക്കൂർ മൊബൈലിന്റെ സ്ക്രീനിൽ തൊട്ട് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്ന് ഒരു യുവാവിന്റെയോ യുവതിയുടെയോ സ്വഭാവം അറിയാൻ അവരുടെ ഫെയ്സ്ബുക്ക് പരതിയാൽ മതി. വ്യക്തിയുടെ ചിന്ത, വികാരങ്ങൾ, ആശയങ്ങൾ, സ്വപ്നങ്ങൾ, ധാരണകൾ, സ്വഭാവത്തിന്റെ പ്രത്യേകതകൾ എന്നിവ വേഗം മനസ്സിലാക്കാൻ കഴിയും. ഓർക്കണം ഇപ്പോൾ വേഗത്തിൽ വളർന്നുവരുന്ന മനഃശാസ്ത്രശാഖയാണ് ഇ-സൈക്കോളജി (സൈബർ മനശാസ്ത്രം). ഫ്രാൻസിസ് പാപ്പ തന്റെ കരുണയും ദുരവസ്ഥയും എന്ന അപ്പസ്തോലിക ലേഖനത്തിൽ പറയുന്നു 'സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗം വിപ്ലവാത്മകമായി കൂടിവരുന്നു. അതുവഴി ഒരു ക്രിത്രിമ പറുദീസയുണ്ടാക്കി അതിവേഗം എളുപ്പത്തിൽ സന്തോഷം ലഭിക്കുമെന്നാണ് അവർ വ്യാമോഹിക്കുന്നത്. എന്നാൽ കൂടുതൽ ക്ഷീണവും ദുഃഖവും ഏകാന്തതയും മാനസ്സിക പിരിമുറുക്കത്തിലുവർ എത്തിച്ചേരുന്നു.

## ജിയോ സിമ്മിന്റെ മനശാസ്ത്രം

ജിയോ സിം ആരംഭിച്ചപ്പോൾ മൂന്നുമുതൽ ആറുമാസം വരെ ഫ്രീയായ സിമ്മിനോടൊപ്പം പരിമിതികളോ യാതൊരു മാനദണ്ഡങ്ങളോ ഇല്ലാതെ എത്രവേണമെങ്കിലും ഫോൺവിളിക്കാം. എത്രവേണമെങ്കിലും ഇന്റർനെറ്റ് ഉപയോഗിക്കാം. ധാരാളം പേർ പ്രത്യേകിച്ച് യുവത്വം അതിന്റെ പിറകിൽ പോയി. എന്നാൽ എന്താണ് യുവത്വവും ജിയോസിമ്മിന്റെ ഫ്രീ ഓഫറും തമ്മിലുള്ള ബന്ധം? ബന്ധമുണ്ട്. ഏതൊരു കാര്യവും ശീലമാകാനും ദുശീലമാകാനും മൂന്നുമുതൽ ആറുമാസം വരെ എടുക്കും. അത് തുടർച്ചയായി ചെയ്താൽ മതി. ഒരു യുവാവ് മൂന്നുമുതൽ ആറുമാസം വരെ തുടർച്ചയായി സിഗരറ്റ് വലിച്ചാൽ ആറുമാസം കഴിഞ്ഞാൽ അവന് സിഗരറ്റ് വലിക്കാതിരിക്കാൻ കഴിയില്ല. സമാനമായി ആറുമാസം വരെ തുടർച്ചയായി പരിധികളോ പരിമിതികളോ ഇല്ലാതെ അംബാനിയുടെ റിലയൻസ് കമ്പനി ഫ്രീയായി നെറ്റ് നൽകി. സ്വാഭാവികമായി ഏറെ പ്രത്യേകിച്ച് കേരളത്തിന്റെ മനഃശാസ്ത്രമനുസരിച്ച് എവിടെ ഫ്രീ എന്നുകേൾക്കുന്നുവോ അവിടെ വിവേചനശക്തി കുറച്ചുപ്ര



വർത്തിച്ച് വേഗം സ്വാധീനിക്കപ്പെടുന്ന യുവമനസ്സ് അതിന്റെ അടിമകളായി; ശിഷ്ടകാലമെല്ലാം ഇനി യുവജന പണം അടച്ചുകൊണ്ടിരിക്കും, ഇപ്പോഴും അടയ്ക്കുന്നു. ഈ നെറ്റി നോടുള്ള ആസക്തി യുവതലമുറ യുടെ രീതികളെ, സ്വഭാവത്തെ, സംസ്കാരത്തെ, ഭാഷയെ ആഹാരരീതിയെ, ധാർമ്മികതയെ മൂല്യബോധത്തെ മാറ്റിമറിച്ചു.

## ആത്മീയ മനഃശാസ്ത്രം

നാളിതുവരെ വിശ്വാസത്തെയും മതത്തെയും മാതാപിതാക്കളെയും മതപുരോഹിതന്മാരുടെയും അധ്യാപകരുടെയും കണ്ണിലൂടെ വായിച്ചെടുത്തവർ മനസ്സിലാക്കിയവർ യുവത്വത്തിലേക്ക് കടക്കുമ്പോൾ അത് സ്വന്തം കണ്ണിലൂടെ സ്വയം അനുഭവത്തിലും ചിന്തയിലും ചാലിച്ച് അർത്ഥം കണ്ടെത്താൻ തുടങ്ങുന്നു. അതിനാൽ മറ്റുള്ളവർ പറഞ്ഞു കേൾക്കുന്ന വിശ്വാസത്തിലല്ല, സ്വയം തിരിച്ചറിയുന്ന വിശ്വാസത്തിൽ ജീവിക്കാനാണിഷ്ടം. അവരുടെ ഈ വിശ്വാസ രീതിയെയും മാറ്റത്തെയും സഭാസമൂഹം അംഗീകരിക്കുകയും അവരുടെ ചോദ്യങ്ങളെ അനുഭാവപൂർവ്വം ചർച്ചകൾക്ക് പരിഗണിക്കുകയും ചെയ്യണമെന്ന് അവർ ആഗ്രഹിക്കുന്നു. ഈ പ്രക്രിയയിൽ അവർക്ക് ലഭിക്കുന്ന നല്ല അനുഭവങ്ങൾ അവരെ ആഴമായ വിശ്വാസത്തിലേക്കു നയിക്കും. എന്നാൽ എതിർ ചോദ്യമുയർത്തുന്ന ഇവരെ യുക്തിവാദികൾ, എതിർചിന്തകർ സഭാവിരുദ്ധർ എന്ന് വ്യാഖ്യാനിച്ചാൽ അത് ഒരു വലിയ കാലഘട്ടം വരെ അവരെ മതാചാരങ്ങളിൽ നിന്നും ഭക്തകർമ്മങ്ങളിൽ നിന്നും അകറ്റും. യുവതലമുറയ്ക്ക് മതത്തിന്റെ അർത്ഥതലങ്ങളാണിഷ്ടം. അത് സജീവവും സത്യസന്ധവുമായിരിക്കാൻ ഇഷ്ടപ്പെടുന്ന യുവതലമുറയ്ക്ക് വിശ്വാസം ഒരു ക്രിയയാണ്. ഈ ഒരു വിശ്വാസത്തിന്റെ യുവത്വത്തിന്റെ യാത്ര നല്ല അനുഭവം നൽകിയാൽ അവർ വിപ്ലവാത്മകമായി വിശ്വാസത്തിൽ വേരുറച്ച് മാറ്റത്തിന്റെയും പുരോഗതിയുടെയും 'പുരോഹിതന്മാരാകും.' ആ ഗണത്തിൽപ്പെടുന്നവരാണ് ഗാന്ധിജി, മാർട്ടിൻ ലൂദർ, ബോനഫർ, മദർ തെരേസ. ■



# നിൻ ചാരത്ത്

**ഡോ. മനോജ് എം. ആർ**

സ്നേഹനിധിയാം യേശുനാഥാ
ഉദിച്ചുയരും സൂര്യനെപ്പോൽ
പ്രശാന്തമാം നിത്യതയിലേക്ക്
ഉയർത്തെഴുന്നേറ്റുനീ.
പുണ്യവാനാം യേശുനാഥാ
പുനഃരുത്ഥാനത്തിൻ തിരുനാളിൽ
നാഥാ നിറയട്ടെയെൻ മനസ്സിലും
ദുഃഖത്തിൻ യാഗഭൂമിയാ-
മെൻ ഹൃദയത്തിലും.
അലിവാർന്നുനിൻ
വിശുദ്ധ നിറസാന്നിധ്യം
കാലചക്രമരീചികയിൽ
സ്വർഗ്ഗീയ സീമകളും
അതിലംഘിക്കട്ടെ ഞാനും
നിൽക്കട്ടെ നിൻ ചാരത്ത്
നിത്യജീവ നഭസ്സിലൊരു
ശുഭ്രനക്ഷത്രമായെന്നും.

യുവജനങ്ങളാണ് വർത്തമാനകാലത്തിന്റെ സമ്പത്ത്. അതിന്റെ ഉപയോഗമനുസരിച്ചാണ് ലോകത്തിന്റെ, രാജ്യത്തിന്റെ നിലനിൽപ്പ്. യുവത്വത്തെ യഥാവിധി പ്രയോജനപ്പെടുത്തുന്നതിലാണ് രാഷ്ട്രത്തിന്റെയും സഭയുടെയും പ്രസക്തി.

# യുവജനം


**ഫാ. പോൾ സണ്ണി**

സെക്രട്ടറി, കെ.ആർ.എൽ.സി.ബി.സി യൂത്ത് കമ്മിഷൻ




സൈബർ യുഗത്തിലെ ക്രിസ്തുവിന്റെ മുഖമായ ഫ്രാൻസിസ് മാർപാപ്പ 2018 ഒക്ടോബർ മാസത്തിൽ യുവജനങ്ങളെക്കുറിച്ച് പഠിക്കാനും ചിന്തിക്കാനും ബിഷപ്പുമാരുടെ ഒരു സിനഡ് വിളിച്ചുചേർക്കുന്നു. ആ പ്രഖ്യാപനത്തിന്റെ ഒരുക്കരേഖ പ്രസിദ്ധീകരിച്ചപ്പോൾ അദ്ദേഹം എഴുതി "പ്രിയമക്കളേ, നിങ്ങൾ എന്റെ ഹൃദയത്തിലുണ്ട്. നിങ്ങൾ എന്റെ ശ്രദ്ധാ കേന്ദ്രമാണ്." ഈ സിനഡിന്റെ വിഷയമായി തെരഞ്ഞെടുത്തിരിക്കുന്നത് 'യുവജനങ്ങൾ അവരുടെ വിശ്വാസത്തേയും വിളിയേയും കുറിച്ചുള്ള വിവേചിച്ചറിയൽ' എന്നതാണ്. ഫ്രാൻസിസ് പാപ്പ പങ്കുവയ്ക്കുന്ന യുവജനങ്ങളെക്കുറിച്ചുള്ള പ്രധാനപ്പെട്ട ആശങ്കകൾ ഇവയാണ്.

സാമൂഹികമായ അസ്വസ്തതയും സാമ്പത്തികപ്രയാസങ്ങളും ജീവിതത്തിലുണ്ടാക്കുന്ന മുറിപ്പാടുകൾ, തൊഴിലില്ലായ്മ, തൊഴിൽമേഖലയിലെ അനിശ്ചിതത്വം, ചൂഷണം, പ്രവാസികളുടെയും കുടിയേറ്റക്കാരുടെയും

സാമൂഹ്യപ്രശ്നങ്ങൾ, ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സംസ്കാരം, സാങ്കേതികവിദ്യയിൽ കീഴടക്കപ്പെട്ട, ലാഭത്തിനായുള്ള ഭ്രാന്തമായ അന്വേഷണത്തിന്റെ സംസ്കാരം.

ദാരിദ്ര്യവും തിരസ്കരണവും അനുഭവിക്കുന്ന യുവജനങ്ങൾ! അവർ മാതാപിതാക്കളോ കുടുംബമോ ഇല്ലാതെ വളരുന്നവർ. വിദ്യാഭ്യാസം നടത്താൻ കഴിവില്ലാത്തവർ. ചേരികളിൽ ജീവിക്കുന്നവർ. ചൂഷണത്തിനും മനുഷ്യക്കടത്തിനും വിധേയരായിരിക്കുന്നവർ. കുറ്റവാളികളുടെ സംഘത്തിൽ പ്പെട്ടവർ.

മുൻ തലമുറകൾ ആസ്വദിച്ചിട്ടില്ലാത്ത അനേകം അവസരങ്ങളിലേക്ക് പ്രവേശനം നല്കുന്ന 'വെർചൽവേൾഡ്' എന്ന പുതിയ പ്രതിഭാസം.

യുവജനം എവിടെയാണോ അവിടെ അവരെ കണ്ടുമുട്ടിക്കൊണ്ടും അവരുടെ സമയവും ജീവിതത്തിന്റെ ഗതിവേഗവും സ്വീകരിച്ചുകൊണ്ടും നാം യുവജനങ്ങളെ അനുധാവനം ചെയ്യണം. സുവിശേഷത്തിൽ യേശു ആളുകളെ കണ്ടുമുട്ടിയ രീതിയിലുള്ള അജപാലനശൈലി നമുക്ക് സ്വീകാര്യമാകണം.

## പുറത്തേക്കുപോകൽ

സുവിശേഷ പ്രഘോഷണത്തിന്റെ വിശ്വസനീയത കുറഞ്ഞതാക്കിത്തീർക്കുന്ന കർക്കശഭാവങ്ങളെ ഉപേക്ഷിച്ചുകൊണ്ട് "പുറത്തേക്കു പോക"ലാണ് ഇന്നിന്റെ ആവശ്യം. പഴഞ്ചൻ പ്രവർത്തനരീതികളിൽനിന്നുള്ള പുറത്തേക്കു പോകൽ, വിരസവും യാന്ത്രികവുമായ പരിപാടികളിൽനിന്നും ആന്തരികസ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണം.

## കാണൽ

യുവജനങ്ങളുടെ ലോകത്തിലേക്കുള്ള ഇറങ്ങിപ്പുറപ്പെടലിന് അവരോടൊപ്പം സമയം ചെലവഴിക്കാനും അവരുടെ ജീവിതകഥകൾ കേൾക്കാനും അവരുടെ സന്തോഷങ്ങളും പ്രത്യാശകളും ദുഃഖങ്ങളും ആകുലതകളും ശ്രദ്ധിക്കാനും മനസ്സുണ്ടായിരിക്കണം.

## വിളി

വിളിക്കുകയെന്നാൽ ഒരു ആഗ്രഹത്തെ തട്ടിയുണർത്തലാണ്, അവരെ തടയുന്നവയിൽനിന്ന്, പിറകിലോട്ടടിക്കുന്ന സാഹചര്യങ്ങളിൽനിന്ന് ഞെട്ടിച്ചുണർത്തലാണ്. യേശുവിന്റെ നോട്ടം വിളിയുടെ വാക്കായി രൂപാന്തരപ്പെടുന്നിടത്ത് ആളുകൾ അവന്റെ പുറകെപോയി.

"നിങ്ങൾ മനുഷ്യനായതുകൊണ്ടുമാത്രം വലിയവനാകുന്നില്ല. മനുഷ്യത്വമുള്ളവനാകുമ്പോഴാണ് വലിയവനാകുന്നത്" എന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു ജനതയുടെ മാറ്റത്തിന്റെ ചാലകശക്തി ആ ദേശത്തെ യുവജനങ്ങളാണ്. നമ്മുടെ രൂപതയെ നോക്കിക്കാണുമ്പോൾ മഹത്തായ സംസ്കാരവും വിശ്വാസപാരമ്പര്യവുമുള്ള ഒരു ജനവിഭാഗമാണ് ഇവിടെയുള്ളത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന, തീരദേശ മത്സ്യബന്ധനത്തൊഴിലാളികൾ, ഗൾഫ് മേഖലിയിൽ ജോലി ചെയ്യുന്നവർ, നാട്ടിൽ പണിയെടുക്കുന്നവർ, തിരുന്നാളുകളും കല്യാണം പോലുള്ള ചടങ്ങുകളും അതിഗംഭീരമായി ആഘോഷിക്കുന്നവർ.

ശുശ്രൂഷാസംവിധാനങ്ങളിലൂടെ ഒരുപാട് നല്ലകാര്യങ്ങൾ നടക്കുന്നുണ്ട്. ഈ സമൂഹത്തിന് കാതലായ മാറ്റമുണ്ടാകണമെങ്കിൽ ഓരോ വ്യക്തിയും പരിശ്രമിക്കണം. പഴയതലമുറ വിദ്യാഭ്യാസമേഖലയിൽ പ്രാധാന്യം നല്കിയില്ല. അവർ തൊഴിലിന് മാത്രം കൂടുതൽ പ്രാധാന്യം കല്പിച്ചു. എന്നാൽ ജീവസന്ധാരണത്തിനും നിലനില്പിനും അത് അത്രമാതം പര്യാപ്തമല്ല, .യുവജനങ്ങൾ വിദ്യാഭ്യാസത്തിലൂടെ പ്രൊഫഷണൽ തൊഴിൽ മേഖലകളിൽ എത്തണം.

ഈ സമൂഹത്തിലെ യുവജനങ്ങളുടെ ശക്തി കേന്ദ്രീകരിച്ചിരിക്കുന്ന ചില മേഖലകൾ ചുവടെ ചേർക്കുന്നു.

## സമുദായബോധവും സംഘടനാശേഷിയും

സമുദായം വളരണമെന്നുള്ള ചിന്ത യുവാക്കളിൽ ശക്തമാണ്. കെസിവൈഎം പോലുള്ള സംഘടനയിലെ യുവാക്കൾക്ക് സാമൂഹ്യ - രാഷ്ട്രീയ സേവന പശ്ചാത്തലമുണ്ട്. ഈ ശക്തി



യെ സംഘടിതമായി ഇടവകയുടെ വളർച്ചയ്ക്ക് ഗതിതിരിച്ചുവിടാം. ഇടവക സംവിധാനം അതിന് ഫലപ്രദമായ മാർഗനിർദേശങ്ങൾ നല്കണം.

## സമുദായത്തിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സമുദായം നടത്തുന്ന സ്കൂളുകളും ആർട്സ്കോളേജുകളും പ്രൊഫഷണൽ കോളേജുകളും നമ്മുടെ യുവജനങ്ങളുടെ വിദ്യാഭ്യാസമുന്നേറ്റത്തിന് സഹായിക്കും.

## നഗരപരിധിയിലെ താമസം

നഗരത്തിന്റെ സ്ഥാപനങ്ങളും ഭരണകേന്ദ്രങ്ങളും പരമാവധി മുതലാക്കി വളരാൻ സാധിക്കണം. സർക്കാർ ജോലി എന്ന സ്വപ്നം യാഥാർത്ഥ്യവത്ക്കരിക്കാൻ സാധിക്കണം.

## ഗൾഫ് മേഖല

ഗൾഫിലെ സമ്പാദ്യം ഫലപ്രദമായി നാട്ടിൽ മുതൽ മുടക്കാൻ കഴിയണം.

സഭാതല രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ നേതൃത്വശേഷി വളർത്താനുള്ള അവസരം

സ്നേഹത്തെയും മൂല്യങ്ങളെയും ആദരിക്കുന്നവർ.

സാമൂഹിക പ്രതിബദ്ധതയിൽ വേരൂന്നിയ ഒരു സംസ്കാരം.

കാരുണ്യത്തിന്റെയും ഉപവിയുടെയും മാതൃക കാട്ടുന്നവർ. ഇവയൊക്കെയാണ് യുവജനങ്ങളുടെ മുൻപിലെ ഇന്നിന്റെ ശക്തികൾ.

## പോരായ്മകൾ

മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിവസ്തുക്കളുടെ ഇരകളായി ജീവിതലക്ഷ്യം മറന്ന് ജീവിക്കുന്നു.

പ്രചോദനമായ മാതൃകകൾ ഇടവകയിൽ ഇല്ലാതാകുന്നു. യുവജനങ്ങളെ ഒരുമിപ്പിക്കാനും ഇച്ഛാശക്തിയിൽ വളരാനും പ്രേരിപ്പിക്കുന്ന യൂത്ത് അനിമേറ്റേഴ്സ് കുറഞ്ഞുവരുന്നു.

സ്ത്രീധനം വർദ്ധിക്കുന്നു. എന്നാൽ യുവാക്കൾ വിദ്യാഭ്യാസത്തിൽ യുവതികളെക്കാൾ പിന്നിലാണ്. ഇത് ദാമ്പത്യത്തിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ഗൾഫിലേക്കുള്ള അനിയന്ത്രിതമായ ഒഴുക്ക്, യുവജനങ്ങൾ പ്രൊഫഷണലായി മാറാത്തതിന് ഒരു കാരണം പഠിച്ചില്ലെങ്കിലും ഗൾഫിലും മറ്റും പോകാൻ കഴിയുമെന്നുള്ളതാണ്.

സോഷ്യൽ മീഡിയയുടെ സ്വാധീനം, സാമൂഹിക സമ്പർക്ക മാധ്യമങ്ങളെ ഉപരിപ്ലവമായ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു. അശ്ലീലസൈറ്റുകളിൽ യുവതീയുവാക്കൾ പരതി നടക്കുന്നു. യുവതികൾ സൈബർ ഇരകളായി മാറുന്നു.

അക്രമം, കൊലപാതകം, സദാചാരവിരുദ്ധപ്രവൃത്തികൾ എന്നിവ വർദ്ധിക്കുന്നു. ഇത് വലിയൊരു സംഘർഷം നാട്ടിൽ സൃഷ്ടിക്കുന്നു.

## ജീവിതശൈലി രോഗങ്ങൾ

വ്യായാമം ഇല്ലായ്മ, ഫാസ്റ്റ് ഫുഡ് കൾച്ചർ എന്നിവ യുവജനങ്ങളെ അതിവേഗം ജീവിതശൈലി രോഗങ്ങളിൽ കൊണ്ടെത്തിക്കുന്നു.

## യൂത്ത് മാപ്പിംഗ്

മേൽപ്പറഞ്ഞ പരാധീനതകളുടെയും ശക്തികളുടെയും മദ്ധ്യേയാണ് യൂത്ത് മാപ്പിംഗ് തിരുവനന്തപുരം അതിരൂപതയിൽ ആവശ്യമായി തീരുന്നത്.

"ഉദ്ദേശവും ലക്ഷ്യവുമില്ലാത്ത പരിശ്രമവും ധൈര്യവും അപൂർണമാണ്" - ജോൺ എഫ്. കെന്നഡി. മാപ്പിങ്ങ് ഒരു സ്ട്രാറ്റജി മാത്രമാണ്. അത് ഒരു ഡിറക്ടറി അല്ല. നമ്മുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള തയ്യാറെടുപ്പുകൾ, അവലോകനങ്ങൾ, സമീപനങ്ങൾ, കർമ്മപരിപാടികൾ, ആസൂത്രണങ്ങൾ ഇവയുടെയൊക്കെ ഭൂപടമൊരുക്കലാണ് മാപ്പിങ്ങ്. യുവജനങ്ങൾ ആയിരിക്കുന്ന സാഹചര്യങ്ങളിൽ അവരുടെ നിലവിലുള്ള അവസ്ഥകൾ മനസ്സിലാക്കുക, സാമൂഹ്യം-വിദ്യാഭ്യാസം-സാമ്പത്തികം ഇത്യാദി അവസ്ഥകൾ വിലയിരുത്തുക, അവരുടെ ശക്തിയുടെ മേഖലകൾ, ന്യൂനതകൾ തിരിച്ചറിയുക, ഫലപ്രദമായ പരിഹാരമാർഗങ്ങൾ പഠനത്തിന്റെ വെളിച്ചത്തിൽ അവതരിപ്പിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുക. അങ്ങനെ ത്വരിതപൂർണവും സമ്പൂർണവുമായ വളർച്ചയിലേക്ക് യുവജനങ്ങളെ നയിക്കുക.



വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഓരോരുത്തരും ചില അടിസ്ഥാന ഒരുക്കങ്ങൾ നടത്തിയിട്ടുവേണം കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാൻ.

## യൂത്ത് മാപ്പിങ്ങിന്റെ തയ്യാറെടുപ്പ്

ഒരു പ്ലാനിങ്ങ് കമ്മിറ്റി രൂപീകരിക്കണം. ഒരു ഡയനാമിക് ആയ കൺവീനറിനെ തെരഞ്ഞെടുക്കണം, ശേഖരിക്കേണ്ട വിവരങ്ങളുടെ പട്ടിക തയ്യാറാക്കണം. വിവരങ്ങൾ എങ്ങനെ ശേഖരിക്കാം എന്ന് തീരുമാനിക്കുക, വിവരശേഖരണത്തിന്റെ ലക്ഷ്യങ്ങൾ കുറിക്കുക, ഇപ്പോഴത്തെ അവസ്ഥ നന്നായി പഠിക്കുക, പ്രത്യേക ലക്ഷ്യം



ഒരു നാടിന്റെ പുരോഗതിക്കു വേണ്ടി സർക്കാർ സംവിധാനത്തോടും നീതിന്യായ വ്യവസ്ഥയോടും ചേർന്നു പ്രവർത്തിക്കാൻ യുവജനങ്ങൾക്കു സാധിക്കണം.

സൂക്ഷിക്കുക, യൂത്ത് മാപ്പിങ്ങ് അവതരണം റിസോഴ്സ് ടീം അംഗങ്ങൾക്കായി സംഘടിപ്പിക്കുക, അവരെ പഠിപ്പിക്കുക.

## ഡേറ്റാ ശേഖരണം

വിവരശേഖരണത്തിന് ഫോർമാറ്റ് തയ്യാറാക്കണം, ശക്തിയും ന്യൂനതയും തിരിച്ചറിയുക, വിടവുകൾ ചൂണ്ടിക്കാണിക്കുക, വ്യക്തിപരമായ ബന്ധങ്ങൾ സ്ഥാപിക്കുക, ഇന്റർവ്യൂ, സർവേ, ചോദ്യാവലികൾ ഇതിലൂടെ ഡേറ്റാ ശേഖരിക്കാം, ആവശ്യംവേണ്ട ടൂൾ ഉപയോഗിക്കുക. ഉദാ- പ്രോഗ്രാം പ്രൊഫൈൽ ഉപയോഗിക്കുക, ഡേറ്റാ ശേഖരണത്തിന്റെ ചോദ്യാവലി തയ്യാറാക്കുമ്പോൾ ഉദ്ദേശിക്കുന്ന പ്രദേശത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കിയിരിക്കണം.

## കർമ്മപദ്ധതിയും ലക്ഷ്യപൂർത്തീകരണവും

കർമ്മപദ്ധതി തയ്യാറാക്കുമ്പോൾ വ്യക്തമായ ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, പ്രതീക്ഷിക്കുന്ന ഫലം, സമയപരിധി, പ്രതീക്ഷിക്കുന്ന ചിലവ്, ധനാഗമമാർഗങ്ങൾ എന്നിവ വ്യക്തമായി അവതരിപ്പിക്കണം, കർമ്മപരിപാടി അവയുടെ പ്രാധാന്യമനുസരിച്ച് നമ്പർ ചെയ്യണം, അടിസ്ഥാനവികസനം, മേൽത്തട്ട് വികസനം ( വിദ്യാഭ്യാസം) എന്നിവ തരംതിരിച്ച് കർമ്മപദ്ധതി തയ്യാറാക്കണം, പുതിയ ഫണ്ട് സമാഹരണമാർഗങ്ങൾ കണ്ടെത്തുക, നെറ്റ്‌വർക്കിങ്ങ് പ്രധാനപ്പെട്ടകാര്യമാണ്, ഗവൺമെന്റ് പ്രോജക്ടുകൾ, വ്യക്തികൾ ഇവരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോൾ ഫണ്ട് സമാഹരണവും നടക്കും, ഫലത്തെക്കുറിച്ച് വ്യക്തമായ അവബോധം ഉണ്ടായിരിക്കണം. റിസൽട്ടിനെക്കുറിച്ച് നിശ്ചയമില്ലാതെ ഒരു പ്രോഗ്രാമും ചെയ്യരുത്.

ഉദാ: സിവിൽ സർവീസ്. കമ്മ്യൂണിറ്റിയുടെ വിദ്യാഭ്യാസപുരോഗതിയ്ക്കും സിവിൽസർവീസ് ലക്ഷ്യം കൈവരിക്കാനും എങ്ങനെ സാധിക്കും? സിവിൽ സർവീസ് കോച്ചിങ്ങ് സെന്ററല്ല നാം ആദ്യം തുടങ്ങേണ്ടത്. പഠിക്കാൻ മിടുക്കരും സാമ്പത്തിക പിന്നാക്കവുമുള്ള മുപ്പത് വിദ്യാർത്ഥികളെ എഴുത്ത് പരീക്ഷയിലൂടെയും ഇന്റർവ്യൂവിലൂടെയും തെരഞ്ഞെടുക്കുക. അവർക്ക് റസിഡൻഷ്യൽ കോളെജ് പഠനവും സിവിൽ സർവീസ് ഗ്രൂമിങ്ങ് പ്രോഗ്രാമുകളും നല്കുക. അവരുടെ പഠനച്ചെലവ്, ഹോസ്റ്റൽ, ഭക്ഷണം എന്നിവ വഹിക്കുക. പഠനപുരോഗതി വിലയിരുത്തുക. ഇത്തരത്തിലുള്ള മാത്സര്യം വർദ്ധിപ്പിക്കുന്നതിലൂടെ അവർ മികച്ച ഫലം കൊണ്ടുവരും. യുവജനങ്ങളുടെ സ്കിൽ ട്രെയിനിങ്ങ്, മോട്ടിവേഷൻ പ്രോഗ്രാം, കരിയർ ഗൈഡൻസ് എന്നിവ സംഘടിപ്പിക്കുക.

## അന്തിമഫലം

ഓരോ പ്രോഗ്രാമിന്റെയും ഫലം വിലയിരുത്തുക. വലുതും ചെറുതുമായ പ്രോഗ്രാമുകൾ അതാതിന്റെ കാലവ്യാപ്തി അനുസരിച്ച് ഫലത്തെക്കുറിച്ച് വിലയിരുത്തലുണ്ടാകണം. ചില കർമ്മപദ്ധതികൾ വർഷങ്ങൾ എടുക്കുന്നതാകും. അപ്പോൾ 3 മാസമോ 6 മാസമോ കൂടുമ്പോൾ പ്രോഗ്രസ് റിസൾട്ട് തയ്യാറാക്കണം.

## ഉപസംഹാരം

തിരുവനന്തപുരം അതിരൂപതയിലെ യുവജനങ്ങളുടെ ശക്തിയും ഒപ്പം പോരായ്മകളും ഈ നഗരത്തിന്റെ സാധ്യതകളും സൂചിപ്പിച്ചുകൊണ്ടും അതിന് സഹായകമാകുന്ന ഒരു ശാസ്ത്രീയ സമീപനമായ യൂത്ത് മാപ്പിംഗ് പരിചയപ്പെടുത്തിക്കൊണ്ടും ഈ കുറിപ്പ് അവസാനിക്കുകയാണ്. ഇവയെല്ലാം ഒന്നുമാത്രമാണ് നമ്മോട് പറയുന്നത്. വളരുക കരുത്തുറ്റ വിശ്വാസ ജീവിതത്തിലേക്ക്. നമ്മുടെ യുവജനങ്ങളുടെ സാധ്യതകളെ ആത്മാവിനെ അയച്ച് നവീകരിക്കണമേ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം സാഹിത്യലോകത്തെ കെടാവിളക്കായ ഖലീൽ ജിബ്രാന്റെ ഉപദേശത്തെ രണ്ടുകരങ്ങളും നീട്ടി സ്വീകരിക്കാം. ഈ സാരോപദേശം യുവതീയുവാക്കളോടുള്ള നമ്മുടെ തുടർ സമീപനത്തെ കാര്യമായി സ്വാധീനിച്ചെന്നിരിക്കാം. “ നിങ്ങളുടെ കുട്ടികൾ നിങ്ങളുടേതല്ല..... നിങ്ങൾ അവർക്ക് നിങ്ങളുടെ സ്നേഹം നല്കുക; പക്ഷേ ചിന്തകൾ അരുത്. കാരണം അവർക്ക് അവരുടേതായ ചിന്തകളുണ്ട്. അവരെപ്പോലെയാകുന്നതിന് നിങ്ങൾക്ക് ശ്രമിക്കാം. പക്ഷേ അവരെ നിങ്ങളെപ്പോലെയാക്കുന്നതിന് ശ്രമിക്കരുത്. ജീവിതം ഒഴുകുന്നത് പിന്നിലേക്കല്ല. അത് ഇന്നലെകളിൽ തങ്ങിനില്ക്കുന്നുമില്ല”.യുവാക്കൾ ചരിത്രത്തിൽ തങ്ങൾക്കുള്ള ഇടം തിരിച്ചറിയണം. അറിവാണ് വിജയത്തിനുള്ള വാതിൽ തുറക്കുന്നത്. ലക്ഷ്യം ഉയർന്നതായിരിക്കണം. വിജയിക്കാനൊരു വാശി ഉണ്ടാകണം. ഫ്രാൻസിസ് അസ്സീസ്സി പറയുന്നു “നിങ്ങൾ ആവശ്യമായ കാര്യങ്ങൾ ചെയ്തുതുടങ്ങുക. അപ്പോൾ സാധ്യതകൾ തെളിഞ്ഞുവരും. പെട്ടെന്ന് നിങ്ങൾക്ക് അസാധ്യമായ ലക്ഷ്യങ്ങൾ നേടാനാകും” .

ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി നന്നായി പ്രവർത്തിക്കാൻ യുവജനസംഘടനകൾ മുമ്പോട്ടുവരണം. ഒരു നാടിന്റെ പുരോഗതിക്കുവേണ്ടി സർക്കാർ സംവിധാനത്തോടും നീതിന്യായവ്യവസ്ഥയോടും ചേർന്നു പ്രവർത്തിക്കാൻ യുവജനങ്ങൾക്കു സാധിക്കണം. ■




# യുവജനങ്ങളുടെ സാമൂഹ്യപാഠം

സിസ്റ്റർ ദീപ ജോർജ്ജ്
എഫ്ഡിസിസി

അപാരസാധ്യതകളുടെ കാലഘട്ടമാണ് യുവത്വം. പിഴുതെറിയുവാനും ഇടിച്ചുതകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും പണിതുയർത്താനും നട്ടുവളർത്താനും (ജെറ. 1:10) പ്രേരിപ്പിക്കുന്ന, ജീവിതം ലക്ഷ്യോൻമുഖമായി വികാസം പ്രാപിക്കുന്ന, സ്വപ്നങ്ങൾക്ക് അതിരുകളില്ലാത്ത, കനവുകൾക്ക് നിറഭേദങ്ങളേറുന്ന കാലഘട്ടം. ചെറുപ്പം മുതൽ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്തവ, മൂല്യങ്ങളായോ മൂല്യച്യുതികളായോ ഒരുവന്റെ ജീവിതത്തെ കെട്ടിപ്പടുക്കുകയോ ഉന്മൂലം ചെയ്യുകയോ ചെയ്യാവുന്നകാലം.

‘ന്യൂ ജെൻ’ അഭിപ്രായങ്ങളും ചെയ്തികളുമെല്ലാം നല്ലൊരു നാളെയുടെ ഭാസുരതയായോ, പ്രവചനങ്ങളുടെ കഠിനതയായോ, മറിച്ച് സംസ്കാര ശൂന്യതയായോ അസംബന്ധമായോ കരുതുന്നവരും നമ്മുടെ മുന്നിൽ തന്നെയുണ്ട്. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പള്ളിയിൽ പോകുകയും ജീവിതത്തിന്റെ വ്യഗ്രതകളിലൊന്നും ഇടപെടാതെ, ചീത്തകൂട്ടുകെട്ടുകൾക്ക് (?) വശംവദരാകാതെ കുടുംബം നോക്കുന്ന യുവജനങ്ങളെ നല്ലവരായും, കൂട്ടുകാർക്കുവേണ്ടി പ്രാണൻ പകുത്ത് നൽകാൻ തയ്യാറാകുന്ന, കാലാകാലങ്ങളായി നിലനിൽക്കുന്ന സാമൂഹികചട്ടക്കൂടുകൾക്ക് നേരെ, വെല്ലുവിളിയുടെ പടവാളോങ്ങുന്ന യുവജനങ്ങളെ മോശക്കാരായും ചിത്രീകരിക്കുന്ന പ്രേരണ അധികമാകുന്ന ഈ കാലയളവിൽ, യുവജനങ്ങൾക്ക് എക്കാലവും പ്രിയപ്പെട്ടവനായിരുന്ന വി.ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ചിന്തകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് എഴുതപ്പെട്ട ‘വിശുദ്ധരെ ആവശ്യമുണ്ട്’ എന്ന പദ്യം ‘യുവജനങ്ങളെ ആവശ്യമുണ്ട്’ എന്ന് മാറ്റിവായിച്ചാൽ അതിപ്രകാരം ആയിരിക്കും.

‘നമ്മുടെ കാലഘട്ടത്തിന് യുവജനങ്ങളെ ആവശ്യമുണ്ട്. ളോഹയും ശിരോവസ്ത്രവുമില്ലാത്ത വിശുദ്ധരെ, ജീൻസും ടെന്നീസ് ഷൂസും അണിയുന്ന, സിനിമ കാണുകയും സംഗീതം ആസ്വദിക്കുകയും കൂട്ടുകാരോടൊപ്പം സമയം ചെലവിടുകയും ചെയ്യുന്ന യുവജനങ്ങളെ നമുക്കാവശ്യമുണ്ട്. ദൈവത്തിന് പ്രഥമസ്ഥാനം നൽകുകയും ഏതൊരു തൊഴിൽ മേഖലയിലും മികവ് പുലർത്തുകയും ചെയ്യുന്ന, ദിവസവും പ്രാർത്ഥിക്കാൻ സമയം കണ്ടെത്തുന്ന, ചാരിത്ര്യശുദ്ധി

യോടും വിശുദ്ധിയോടും കൂടെ പ്രണയത്തിലായിരിക്കുന്ന യുവജനങ്ങളെ നമ്മുടെ കാലഘട്ടത്തിനാവശ്യമുണ്ട്. 21-ാം നൂറ്റാണ്ടിനനുസരിച്ച് ജീവിക്കാൻ പ്രാപ്തിയുള്ള, ദരിദ്രരെ സഹായിക്കാൻ മനസ്സുള്ള, സാമൂഹിക മാറ്റങ്ങൾകൊണ്ടുവരാൻ ആഗ്രഹിക്കുന്ന, ഈ ലോകത്തിൽ ജീവിക്കാൻ ഭയപ്പെടാത്ത, ജീവിത സാക്ഷ്യത്താൽ, ലോകത്തെ ക്രിസ്തുവിനുവേണ്ടി നേടാൻ തൽപ്പരരായ യുവജനങ്ങളെ നമുക്കാവശ്യമുണ്ട്. വിശുദ്ധ കുർബാനയുമായി തീവ്രസ്നേഹത്തിലായിരിക്കുന്ന തുറവിയും സന്തോഷവുമുള്ള എല്ലാ നന്മകളെയും സ്നേഹിക്കാൻ കഴിയുന്ന യുവജനങ്ങളെ നമുക്ക് വേണം.

നമ്മുടെ യുവജനങ്ങൾ സന്തോഷമന്വേഷിച്ചുള്ള പരക്കംപാച്ചിലിലാണ്. രാവേറെ ചെയ്യുന്ന വാട്സ് ആപ്പ് ചാറ്റുകൾ, വീഡിയോ കോളിംഗുകൾ, ഇന്റർനെറ്റ് സെറ്റുകൾ, കടവരാന്തകളിലും കടപ്പുറങ്ങളിലുമിരുന്ന് സുഹൃത്തുക്കളോടുള്ള സൊറ പറച്ചിൽ, എല്ലാറ്റിലും നമ്മുടെ തലമുറ തേടുന്നത് സന്തോഷമാണ്. സന്തോഷം ലഭിക്കാൻ വേണ്ടി ഏതറ്റംവരെയും പോകാൻ ഒരുവൻ തയ്യാറാകുമ്പോൾ ജരാനരകൾ ബാധിച്ചൊരു വൃദ്ധ പ്രവാചകൻ, നറുപുഞ്ചിരിയോടെ ഉരുവിടുന്നു 'യുവജനങ്ങളെ, നിങ്ങളുടെ മൊബൈലിൽ ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്ന ഒരു ആപ്ലിക്കേഷനല്ല സന്തോഷം. നിങ്ങൾ തേടുന്ന സന്തോഷത്തിന്റെ പേര് ക്രിസ്തു എന്നാണ്.

സന്തോഷം തേടിയുള്ള ഈ യാത്രയിൽ ചിലപ്പോഴെങ്കിലും ചുറ്റും നടക്കുന്നതെല്ലാം നമ്മൾ കാണാതെ പോകുന്നു. റോഡപകടത്തിൽ മുറിവേറ്റ ഒരാളെ വരുംവരായ്കകൾ നോക്കാതെ, സഹോദര സ്നേഹത്തിന്റെ ദൃഢതയിൽ ഒരു സഹായഹസ്തമാകുവാൻ, പെൺകുട്ടികളും സ്ത്രീകളും എന്റെ, അവസരമല്ല, എന്റെ ഉത്തരവാദിത്വമാണെന്ന തിരിച്ചറിവിലേക്ക് ഉയരാൻ, ദരിദ്ര കണ്ണുനീർ ഉണ്ണുന്നവർക്ക്, ഒരുനേരം ആഹാരമേകാൻ, മാരക രോഗങ്ങളാൽ നീറുന്നവർക്ക് വേദനസംഹാരിയാകുവാൻ, കോരിച്ചൊരിയുന്ന മഴ, വീടിനുള്ളിൽ സമുദ്രം തീർക്കുന്നവർക്കും കടവരാന്തയിൽ ഒതുങ്ങിക്കൂടുന്നവർക്കും പാർപ്പിടമാകാൻ, സോഷ്യൽ മീഡിയായിലും സുഹൃദ്സദസ്സുകളിലുമിരുന്ന് പെണ്ണിന്റെ മാനത്തിനും മാന്യന്മാരുടെ നല്ല നടപ്പിലും വിരളം നന്മയുള്ള രാഷ്ട്രീയ സഹോദരന്മാരുടെ സാമൂഹ്യ ഉത്തരവാദിത്വങ്ങൾക്കും നേരെ പുച്ഛത്തിന്റെ കൊടികളുയർത്താതെ, നിസ്സഹകരണം വെടിയാനും, മനസ്സുകൊണ്ട് അഭിനന്ദിക്കാനും അവരുടെ വളർച്ചകളിൽ അഭിമാനിക്കുവാനും ഇന്നത്തെ യുവജനങ്ങൾക്കാകില്ല... അവർക്ക് മുൻപേ നടക്കുന്നവർ അവർക്ക് മാതൃക ആയില്ലെങ്കിൽ....

കൽക്കട്ടയിലെ വി.മദർ തെരേസ എപ്പോഴോ പറഞ്ഞു: "എല്ലാവർക്കും മാതൃക ചൂണ്ടിക്കാണിക്കാൻ സാധിക്കും എന്നാൽ ചുരുക്കം ചിലർക്കെ സ്വയം മാതൃകകളായി തീരുവാൻ സാധിക്കൂ... യുവജനങ്ങൾക്ക് മുൻപേ നടക്കുന്നവർ മുൻപേ പറക്കുന്ന പക്ഷികളെ പോലെയാവണം.

മുൻപേ നടക്കുന്ന എല്ലാവരുടെയും ധാർമ്മികതയും മൗലികവുമായ ഉത്തരവാദിത്വമാണ് മാതൃകകളാവുക എന്നത്. യുവജനങ്ങൾക്ക്, ഇടിച്ചുതകർക്കാനും നശിപ്പിക്കാനും പണിതുയർത്താനും നട്ടുവളർത്താനും മാതൃകകളാവശ്യമാണ്. നാം ഓരോരുത്തരും പരസ്പരം മാതൃകകളും പ്രചോദനങ്ങളും ആവുക എന്ന വലിയ ഉത്തരവാദിത്വത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. ■



# താലന്തുകളുടെ ക്രിയാത്മക വിനിയോഗം;

യുവജനപ്രസ്ഥാനത്തിൽ നിന്നും ലഭിച്ച താലന്തുകൾ ക്രിയാത്മകമായി വിനിയോഗിച്ച അനേകരുണ്ട് നമുക്കിടയിൽ. അതിൽ ചിലർ, ഈ പ്രസ്ഥാനത്തിൽ നിന്നും ആർജിച്ച കഴിവുകളെക്കുറിച്ച്... കടന്നു പോയ വീഥികളെക്കുറിച്ച്... ആയിരിക്കുന്ന മേഖലകളെക്കുറിച്ച്... മനസു തുറക്കുന്നു. യുവജനങ്ങൾക്കെന്നും മാതൃകയും

## യേശു: സുഹൃത്തും മാർഗദർശിയും




**സെൽവിയസ് രാജ്**
അസി. സബ് ഇൻസ്പെക്ടർ
(കേരള പൊലീസ്),
ഇടവക - ചെറിയതുറ


യേശു എന്നെ സംബന്ധിച്ച് ഒരു നല്ല സുഹൃത്താണ്, മാർഗ ദർശിയാണ്, ആപത്തിൽ സഹായിക്കുന്നവനാണ്. പ്രാർഥിക്കാൻ ലഭിക്കുന്ന ഒരു അവസരവും ഞാൻ പാഴാക്കാറില്ല. ജോലി സമയത്തു പോലും യേശുവിനെ സ്തുതിച്ചുകൊണ്ട് ഗാനങ്ങൾ ആലപിക്കാറുണ്ട്. മറ്റുള്ളവരെ സഹായിക്കുന്ന പ്രവൃത്തികളെല്ലാം പ്രാർഥനയായാണ് ഞാൻ കാണുന്നത്.

### പ്രസ്ഥാനം: നന്മകൾ കുത്തിനിറച്ചു, ആവേശം ജനിപ്പിച്ചു

യുവജന പ്രസ്ഥാനത്തിലൂടെ ഞാൻ നേടിയെടുത്ത മൂല്യങ്ങളിൽ പ്രധാനം മറ്റുള്ളവരോട് കരുണ കാണിക്കാനും ക്ഷമിക്കാനും അവരെ സഹായിക്കാനും സ്നേഹിക്കാനും അവരുടെ പ്രയാസങ്ങളിൽ പങ്കുചേരാനും സാധിക്കുന്നുവെന്നതാണ്. ചെറിയതുറ മദ്യത്തിൽ കുളിച്ചു കിടന്ന കാലം. നാടിനെ മദ്യത്തിൽ നിന്നും മോചിപ്പിക്കാൻ കച്ച കെട്ടിയിറങ്ങിയവരുടെ സംഘത്തിൽ ഞാനുമുണ്ടായിരുന്നു. അന്നെനിക്ക് 19 വയസേയുള്ളൂ. മദ്യ ലോബികളിൽ നിന്നും ചീത്തവിളിയും ഭീഷണിയും തല്ലുമൊക്കെ കിട്ടി. പക്ഷെ ആറു മാസത്തിനുള്ളിൽ ഞങ്ങൾ സമ്പൂർണ മദ്യ നിരോധനം നടപ്പാക്കി. പിന്നീട് ശഖുംമുഖം ബീച്ച് ഹോട്ടലിൽ പ്രവർത്തിക്കുന്ന ബാറിനെതിരെയുള്ള സമരത്തിലും സംഘാടകനായി. ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനാൽ ലഭിച്ച വ്യക്തിപരമായ നേട്ടം നാളിതുവരെ ലഹരി വസ്തുക്കളിൽ അടിമപ്പെടാതെ തമ്പുരാന്റെ കൃപയാൽ ജീവിക്കുന്നുവെന്നതാണ്.

### YILT എന്നെ പുതിയ ആളാക്കി, കരുത്തനാക്കി

കെ.സി.ബി.സിയുടെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എം. സംസ്ഥാന സമിതി എറണാകുളത്തു നടത്തിയ ഒരു വർഷം ദൈർഘ്യമുള്ള YILT (Youth Intensive Leadership Training) ഡിപ്ലോമ കോഴ്സിൽ പരിശീലനം ലഭിച്ചതോടെ ഞാനൊരു പുതിയ ആളായി മാറി. സൂര്യനു താഴെയുള്ള ഏതു വിഷയത്തെക്കുറിച്ച് അഭിപ്രായം പറയാനും ചർച്ചകൾ നടത്താനും പരിശീലിച്ചു.

ഇന്നത്തെ യുവജനം നവമാധ്യമങ്ങളുടെ അടിമകളാണ്. തങ്ങൾക്കു ചുറ്റും ഒരു ലോകമുള്ളതായോ അവിടെ എന്ത് സംഭവിക്കുന്നുവെന്നോ അറിയാനുള്ള ആഗ്രഹവും സ്വന്തം കുടുംബത്തോടൊപ്പം കുറച്ച് സമയം ചെലവഴിക്കാനുള്ള താത്പര്യവും ഇവർക്കില്ല. അതേസമയം മണിക്കൂറുകളോളം മൊബൈൽ ഫോണിലും വാട്ട്സ് ആപ്പിലും ഫെയ്സ്ബുക്കിലും ചെലവഴിക്കുന്നുണ്ടുതാനും. സമൂഹത്തിൽ അഴിമതി, അക്രമം, ഉച്ചനീചത്വങ്ങൾ തുടങ്ങിയവയ്ക്കെതിരെ പൊരുതേണ്ടവരാണിവർ. യുവജനങ്ങൾ നന്മ, ആത്മവിശ്വാസം, സേവന തൽപ്പരത, നേതൃത്വഗുണം, സത്യസന്ധത, ക്ഷമാശീലം, സ്നേഹം, ബഹുമാനം, കരുണ തുടങ്ങിയ മൂല്യങ്ങൾ വളർത്തെയെടുക്കണം. എന്നാലേ അഴിമതി, അക്രമം തുടങ്ങിയവയ്ക്കെതിരെ സന്ധിയില്ലാ സമരത്തിനിറങ്ങാൻ സാധിക്കൂ.

### ചൂഷണത്തിനു വിധേയർക്ക് താങ്ങാവണം

നമ്മുടെ ഇടയിൽ അവശതയും ചൂഷണവും അനുഭവിക്കുന്ന ഒട്ടേറെ പേരുണ്ട്. ഉദാഹരണം തീരദേശത്തെയും കാർഷിക മേഖലയിലെയും ജനങ്ങൾ. ഇവർക്ക് അർഹമായ കൂലിയോ പരിഗണനയോ ലഭിക്കുന്നില്ല.

മാതാപിതാക്കൾ മുണ്ട് മുറുക്കിയുടുത്തും അവരുടെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും മാറ്റിവച്ചും നമുക്കു മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നു. നമ്മളോ നല്ലൊരു ജോലി കിട്ടുന്ന മുറയ്ക്കു ജനിച്ചു വളർന്ന സ്ഥലം വിട്ട് പുതിയ മേച്ചിൽപ്പുറങ്ങൾ തേടിപ്പോകുന്നു. പഠനത്തിലൂടെയും മറ്റും നാം ആർജിച്ചെടുത്ത അറിവുകൾ ആവശ്യമുള്ളയിടങ്ങളിൽ പകർന്നു നൽകുവാനും അതിലൂടെ ചൂഷണങ്ങൾക്കെതിരെ പ്രവർത്തിക്കുവാനും നമുക്കാവണം. ■

# പുതിയ തലമുറയ്ക്കൊരു മാർഗനിർദ്ദേശം

വഴികാട്ടിയുമായ യേശു അവർക്ക് ആരായിരുന്നു? അവരുടെ പ്രാർഥന എപ്രകാരം? ജീവിത യാത്രക്കിടെ എന്തെല്ലാം മൂല്യങ്ങളും എത്രമാത്രം അനുഭവ സമ്പത്തും നേടി? അവ എങ്ങനെ വ്യക്തി ജീവിതത്തിലും ഔദ്യോഗിക രംഗത്തും പ്രതിഫലിപ്പിക്കുന്നു? പുതിയ തലമുറയോട് അവർക്കു പറയാനുള്ളതെന്ത്?

## ക്രിസ്തുവാണെന്റെ ഗൈഡ്




ദീപക് എസ്. ദാസ്

റിപ്പോർട്ടർ, മലയാള മനോരമ,

ഇടവക - ലൂർദുപുരം


ക്രിസ്തുവിനെ ഗൈഡ് എന്നു വിളിക്കാനാണ് എനിക്കിഷ്ടം. ഒറ്റയ്ക്കിരുന്ന് കണ്ണുകൾ അടയ്ക്കുമ്പോൾ അവിടുന്ന് എന്റെ മുന്നിൽ വരും. പിന്നെ സുഹൃത്തിനോട് കാര്യം പറയും പോലെയാണ് ഞാൻ പ്രാർഥിക്കാറ്. തനിച്ചിരുന്നു പ്രാർഥിക്കാനാണ് കൂടുതൽ ഇഷ്ടം. പരിശുദ്ധ അമ്മയോടും വല്ലാത്ത അടുപ്പം സൂക്ഷിക്കുന്നുണ്ട്.

### പരിശുദ്ധ അമ്മയുടെ കാന്തിക വലയത്തിനുള്ളിൽ

തനി നാട്ടിൻപുറത്തുകാരനാണ് ഞാൻ. ജനിച്ചു വളർന്നതും ജീവിക്കുന്നതും ലൂർദുപുരം എന്ന ചെറിയ ഗ്രാമത്തിൽ. ഇവിടെ ലൂർദു മാതാവിന്റെ പേരിലുള്ള ഒരു പള്ളിയുണ്ട്. സമീപത്തായി പരിശുദ്ധ അമ്മയുടെ ഗ്രോട്ടോയും. വല്ലാത്തൊരു ആകർഷണമുള്ള സ്ഥലമാണിത്. എന്നെ മാത്രമല്ല കേട്ടോ, എല്ലാവരെയും അമ്മ ആകർഷിക്കുന്നുണ്ട്. ആ കാന്തിക വലയത്തിനുള്ളിലാണ് ഞാനും എന്റെ ഇടവകയും തമ്മിലുള്ള ബന്ധം ഒളിഞ്ഞു കിടക്കുന്നത്. കുട്ടിക്കാലം മുതൽ പള്ളിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. പിന്നീട് യുവജന പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു തുടങ്ങിയപ്പോഴാണ് ജനങ്ങളുമായി കൂടുതൽ അടുത്തത്.

### ഒട്ടിയ വയറുള്ളവന്റെ കണ്ണുകളിലെ തിളക്കം

യുവജന പ്രസ്ഥാനത്തിൽ പ്രവർത്തിച്ചതിലൂടെ ലഭിച്ച മൂല്യത്തിൽ പരമ പ്രധാനം സാധുക്കളെ സഹായിക്കാൻ ഒരു മനസു ലഭിച്ചു എന്നതാണ്. അവർക്കു വേണ്ടി വിവിധ പദ്ധതികൾ പല ഘട്ടങ്ങളിൽ ആവിഷ്കരിക്കാൻ സാധിച്ചു.

വിശന്നു വലഞ്ഞ് ഒട്ടിയ വയറുമായി തെരുവിൽ അലയുന്ന യാചകർക്ക് ആഹാരം ലഭിക്കുമ്പോൾ അവരുടെ കണ്ണുകളിലെ തിളക്കം കണ്ടിട്ടുണ്ടോ? ഞാൻ കണ്ടിട്ടുണ്ട്, പലവട്ടം. അവരുടെ നന്ദി പറച്ചിൽ കേട്ട് ചങ്ക് പിടച്ചു പോയിട്ടുണ്ട്. പൊതിച്ചോറുമായി ഇപ്പോഴും ഞങ്ങൾ യാചകരെ തേടിയുള്ള യാത്ര തുടരുന്നു. രണ്ടു വർഷത്തോളമായി ഈ പദ്ധതിക്കു തുടക്കം കുറിച്ചിട്ട്. പദ്ധതികൾ നടപ്പാക്കുന്ന വേളയിൽ ലഭിക്കുന്ന തിരിച്ചറിവുകളും ആത്മസംതൃപ്തിയും വാക്കുകളിലൂടെ വിവരിക്കാൻ കഴിയുന്നതിനും അപ്പുറത്താണ്.

### ലാമ്പിലെ വെളിച്ചം ജീവിതത്തെ പ്രകാശിപ്പിച്ചു

കെ.സി.വൈ.എം. അതിരൂപതാ സമിതി നടത്തിയ ലാമ്പ് കോഴ്സ് (Leadership Awarness and Motivation Programe) എന്റെ ജീവിതത്തിൽ ടേണിംഗ് പോയിന്റ് ആയിരുന്നു. ആ കോഴ്സിൽ നിന്നും വല്ലാത്തൊരു ഉൾക്കാഴ്ച ലഭിച്ചു. ചിന്തിക്കാനും ഉറച്ച തീരുമാനങ്ങൾ എടുക്കാനും പ്രാപ്തനാക്കി. ജീവിതത്തെ എങ്ങനെ പോസിറ്റീവായി കാണണമെന്നു പഠിപ്പിക്കുകയും പ്രതിസന്ധികളിൽ പതറാതെ മുന്നോട്ടു പോകാൻ കരുത്തു പകരുകയും ചെയ്തു.

ലാമ്പു കോഴ്സിൽ നിന്നും ഉൾക്കൊണ്ട ഊർജം തന്നെയാണു പത്രപ്രവർത്തന മേഖലയിലേക്കു കടന്നതിനു പിന്നിലും. വാർത്തകളിലൂടെ ഒട്ടേറെ ആൾക്കാരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. അവരെ സഹായിക്കാൻ ദൈവം എന്നെ ഉപയോഗിച്ചുവെന്നു പറയുന്നതാവും ശരി.

### സമൂഹത്തിനു വേണം ദൈവാശ്രയ ബോധമുള്ള യുവജനങ്ങളെ

മതം, രാഷ്ട്രീയം, മാധ്യമം എന്നു വേണ്ട സമസ്ത മേഖലയിലും വിസ്ഫോടനം സംഭവിക്കുന്ന ഒരു കാലഘട്ടത്തിലെ പ്രതിനിധികളാണ് നാം. വിസ്ഫോടനങ്ങൾ മൂലമുള്ള പ്രതിസന്ധികളെ അതിജീവിക്കണമെങ്കിൽ ദൈവാശ്രയ ബോധമുള്ള, പക്വതയുള്ള യുവതിയുവാക്കൾ രംഗത്തു വരണം. യുവജനങ്ങളിൽ ആത്മീയത വളർത്തിയെടുക്കണം. പക്ഷെ ഇന്നു കാണുന്നത്, യുവസമൂഹം ആത്മീയതയിൽ നിന്നും വിട്ടകലാൻ വെമ്പുന്നതാണ്. ആത്മീയതയുണ്ടായിക്കഴിഞ്ഞാൽ യുവജനങ്ങൾക്കു വേണ്ടതായ എളിമ, കരുണ, ആത്മവിശ്വാസം, നേതൃത്വഗുണം, ക്ഷമ തുടങ്ങിയവ തനിയെ വന്നുകൊള്ളും. ■

# നമ്മുടെ കാര്യത്തിൽ കൂടുതൽ താൽപര്യം ഈശോയ്ക്ക്




**ഫിലോമിന സൈമൺ**
അസി. പ്രൊഫസർ
കമ്പ്യൂട്ടർ സയൻസ്
(കേരള സർവകലാശാല)
ഇടവക: പാളയം


ഞാൻ ഏറ്റവും അധികം സ്നേഹിക്കുന്നത് ഈശോയെ ആണ്. പ്രാർഥന വ്യക്തിഗതമാണ്. ഞാൻ പ്രാർത്ഥിക്കുന്നത് അവിടുന്ന് എന്റെ ആബാ പിതാവാണെന്നുള്ള ഉറച്ച ബോധ്യത്തോടെയാണ്. നമ്മുടെ കാര്യങ്ങളിൽ നമ്മെക്കാളും താൽപര്യം ഈശോയ്ക്കുണ്ട്. എനിക്ക് എന്താണു വേണ്ടതെന്നു എന്നെക്കാളും നന്നായി ഈശോയ്ക്കറിയാം. ദൈവഹിതം എന്താണോ അതു നടക്കട്ടെയെന്നു ഞാൻ പ്രാർഥിക്കുന്നു. ഞായറാഴ്ച ദിവ്യബലി മുടക്കാറില്ല. ഇതിനു പുറമെ കഴിയുമ്പോഴെല്ലാം ദിവ്യബലിയിൽ പങ്കെടുക്കും. ഏറ്റവും കൂടുതൽ പ്രാർഥിക്കുന്നതു ദിവ്യബലി മദ്ധ്യേയാണ്.

### അന്ന് അമ്മ പറഞ്ഞതു കേട്ടു, അതിന്റെ ഗുണം ഇപ്പോൾ കിട്ടി

വിശ്വാസ വളർച്ചയിൽ എന്നെയേറെ സ്വാധീനിച്ചത് അമ്മയാണ്. ദൈവകാര്യങ്ങൾ കഴിഞ്ഞു മതി ബാക്കിയുള്ളവ എന്നാണ് അമ്മ പറയാറ്. എന്തുകൊണ്ടോ കുട്ടിക്കാലം മുതൽ അമ്മയുടെ വാക്കുകൾ അക്ഷരംപ്രതി അനുസരിച്ചു. അതുകൊണ്ടാവും പിന്നീട് യുവജന പ്രസ്ഥാനത്തിലും മതബോധന രംഗത്തും ശക്തമായി പ്രവർത്തിക്കാനും അതുവഴി ഒട്ടേറെ കഴിവുകൾ ആർജിക്കാനും എനിക്കു സാധിച്ചത്. ഞാൻ മതബോധന അദ്ധ്യാപികയാണ്. ഞാൻ മനസിലാക്കിയ അനുഭവിച്ചറിഞ്ഞ യേശുവിനെ കുട്ടികൾക്ക് പകർന്നുകൊടുക്കാൻ ശ്രമിക്കാറുണ്ട്. കുട്ടികൾക്കും രക്ഷിതാക്കൾക്കും മതബോധനത്തിലുള്ള താൽപര്യം കുറഞ്ഞു വരുന്നൊരു കാലഘട്ടമാണിത്. എനിക്ക് അവരോട് ഒന്നേ പറയാനുള്ളൂ – നമ്മൾ എത്ര പഠിച്ചാലും എന്തൊക്കെ ചെയ്താലും ദൈവ കൃപയും ദൈവാനുഗ്രഹവും ഇല്ലാതെ ഒരിടത്തും എത്താൻ സാധിക്കില്ല.

### ചങ്കൂറ്റത്തോടെ പറയാം – കഴിവുകൾ ആർജിച്ചത് യുവജന പ്രസ്ഥാനത്തിൽ നിന്നും

ഗാന്ധിജി ആത്മകഥയിൽ പറയുന്നുണ്ട് – കുട്ടിക്കാലത്ത് അദ്ദേഹം അപകർഷതാ ബോധത്തിന്റെ തടങ്കലിൽ ആയിരുന്നുവെന്ന്. എനിക്കുമുണ്ടായിരുന്നു ചെറിയ തോതിൽ അപകർഷതാബോധം. ഇതു മാറിക്കിട്ടിയത് യുവജനപ്രസ്ഥാനത്തിൽ പ്രവർത്തിച്ചതുകൊണ്ടാണെന്ന് ഞാൻ വിശ്വസിക്കുന്നു. കെ.സി.വൈ.എം. നടത്തിയ ലാമ്പ് കോഴ്സിൽ ഞാൻ പങ്കെടുത്തിരുന്നു. ജീവിതത്തിനു പുത്തൻ ദിശാബോധം ലഭിച്ചത് ഇവിടെ നിന്നുമാണ്. നേതൃപാടവം, ആത്മവിശ്വാസം, എന്നിവയ്ക്കു പുറമെ ആശയവിനിമയത്തിനുള്ള കഴിവും സ്വന്തമായി തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള ധൈര്യവും എനിക്ക് ഇവിടെ നിന്നും ലഭിച്ചു.

### പാഠപുസ്തകങ്ങളിൽ നിന്നും ലഭിക്കാത്തവ യുവജന പ്രസ്ഥാനത്തിൽ നിന്നും കിട്ടും

ക്രൈസ്തവ ദർശനങ്ങളും മൂല്യങ്ങളുമാണ് കെ.സി.വൈ.എം സംഘടനയെ മറ്റുള്ളവയിൽ നിന്നും വ്യത്യസ്ഥമാക്കുന്നത്. യുവജന പ്രസ്ഥാനം പലയിടത്തും സംഘടിപ്പിക്കാറുള്ള തെയിസേ പ്രയർ വേറിട്ട ഒരു അനുഭവമാണ്. യുവജന പ്രസ്ഥാനത്തിൽ നിന്നും ലഭിക്കുന്ന പല അറിവുകളും സ്കൂളിൽ നിന്നോ കോളജിൽ നിന്നോ ലഭിക്കാത്തവയാണ്. അതു തന്നെയാണ് ഈ സംഘടനയുടെ സ്വരം വേറിട്ടു നിൽക്കാൻ കാരണവും. ഒരു മികച്ച സംഘാടകയാകാൻ രൂപപ്പെടുത്തിയത് കെ.സി.വൈ.എം. പ്രസ്ഥാനം തന്നെയാണ്.

### യുവജന മുന്നേറ്റത്തിനു കളമൊരുക്കാൻ വേണം ചില തയ്യാറെടുപ്പുകൾ

മൂല്യച്യുതികളുടെ നടുവിലാണ് നാമിന്ന്. ഈ സാഹചര്യത്തെ മറികടക്കാൻ വലിയൊരു യുവജന മുന്നേറ്റത്തിലൂടെയേ സാധിക്കൂ. അതിനു വേണ്ടി ലാമ്പ് പോലുള്ള കോഴ്സുകൾ ഫെറോനകളിലും ഇടവകകളിലും നടത്തണം. അഭിരുചിയും കഴിവുമുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. തൊഴിലധിഷ്ഠിത ജോലി സാധ്യതയുള്ള കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കണം. സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ കെ.സി.വൈ.എം തയാറാക്കണം. ഒപ്പം അതിനാവശ്യമായ സാമ്പത്തികവും സമാഹരിക്കണം. ഇതിലൂടെ യുവജനമുന്നേറ്റത്തിനു കളമൊരുക്കാമെന്ന് കരുതുന്നു.

### പ്രഥമ സ്ഥാനം ഈശോയ്ക്കു നൽകൂ, പിന്നെ അവിടുന്ന് നോക്കിക്കോളും നിന്നെ

ജീവിതത്തിൽ ആരും മനസിലാക്കുന്നില്ല എന്ന അവസ്ഥയിലും കുറ്റപ്പെടുത്തുന്ന അവസ്ഥയിലും നിങ്ങൾക്കായി കുരിശിൽ മരിച്ച യുവാവായ യേശുവിനെ ഓർക്കുക. തന്നോട് ദ്രോഹം ചെയ്തവരോട് ക്ഷമിക്കുന്ന സ്നേഹം എത്ര ഉദാത്തമാണ്. യേശു നമ്മോടു കൂടെ എപ്പോഴും ഉണ്ടാകും എന്ന് മനസിലാക്കുക. ജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോൾ ദൈവത്തോട് സഹായം ആവശ്യപ്പെടുക. നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിനും ദൈവീക കാര്യങ്ങൾക്കും പ്രഥമ സ്ഥാനം നൽകുക. ഒരിക്കലും പ്രതീഷിക്കാത്ത കാര്യം പോലും നിങ്ങൾക്കു ലഭിക്കും. എന്റെ ജീവിതത്തിൽ നിന്നും ഞാൻ മനസിലാക്കിയ ഒരു പാഠം അതാണ്. ■

# പാർശ്വവൽക്കരിക്കപ്പെട്ടവരുടെ മുഖം പേറുന്ന ക്രിസ്തു



**സിന്ധു നെപ്പോളിയൻ**
പി.ജി.വിദ്യാർത്ഥി
കേന്ദ്ര സർവകലാശാല,
ഹൈദരാബാദ്
ഇടവക: പുല്ലുവിള

ജനിച്ചത് അച്ഛന്റെ നാടായ കൊച്ചുവേളിയിൽ ആയിരുന്നെങ്കിലും അഞ്ചാം വയസുമുതൽ ജീവിച്ചത് പുല്ലുവിളയിൽ. എന്തുകൊണ്ടോ പുല്ലുവിളക്കാരിയായി തന്നെ അറിയപ്പെടാനാണ് ഇഷ്ടം. മുക്കവന്റെ മകളായ എന്നെ സംബന്ധിച്ചിടത്തോളം കടലും മീനും മുക്കവനുമെല്ലാം തന്റെ നിത്യജീവിതത്തിന്റെ ഭാഗമാക്കിയ യേശുക്രിസ്തു, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട പലരുടെയും മുഖം പേറുന്നവനാണ്. നിർബന്ധിത പ്രാർത്ഥന സംഗമങ്ങളിലോ ധ്യാനപരിപാടികളിലോ പങ്കെടുക്കാറില്ല. വിശാലമായ മുന്നൊരുക്കങ്ങളൊന്നുമില്ലാതെ പ്രാർത്ഥിക്കാനാഗ്രഹിക്കുന്നു.

### കിട്ടിയ മൂല്യങ്ങൾക്കു കൈമോശം വന്നിട്ടില്ല

തീർത്തും അപരിചിതമായ ചുറ്റുപാടുകളോടും മനുഷ്യരോടും പൊരുത്തപ്പെടാനും സൗഹൃദങ്ങൾ സ്ഥാപിക്കാനും പഠിച്ചത് കെ.സി.വൈ.എം. പ്രവർത്തനങ്ങളിലൂടെയായിരുന്നു. സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഞാൻ എൻസിസിയിലും സജീവമായിരുന്നു. അവിടെ നിന്നും ഒരു പിടി വ്യക്തിഗത മൂല്യങ്ങൾ എനിക്ക് ലഭിച്ചു. ഒരു കൂട്ടം ആളുകളെ അഭിമുഖീകരിച്ചു കൊണ്ട് സംസാരിക്കാനുള്ള ധൈര്യം നൽകിയത് കെ.സി.വൈ.എം ക്യാമ്പുകളാണെന്ന് മറ്റൊന്നും ആലോചിക്കാതെ ഞാൻ പറയും.

### എന്നിലെ സ്ത്രീയുടെ കരുത്തു കണ്ടെത്തിയ പ്രസ്ഥാനം

കെ.സി.വൈ.എമ്മിന്റെ പരിപാടികൾക്കു പങ്കെടുക്കാൻ വേണ്ടിയാണ് ജീവിതത്തിലാദ്യമായി ഞാൻ തിരുവനന്തപുരം വിട്ട് യാത്ര ചെയ്തു തുടങ്ങിയത്. യാഥാസ്ഥിതിക ഇന്ത്യൻ സാഹചര്യത്തിൽ ജീവിക്കുന്ന എന്നെപ്പോലൊരു പെൺകുട്ടിയെ സംബന്ധിച്ചടത്തോളം രാത്രിയിലുൾപ്പെടെ യാത്ര ചെയ്യാനും അതിലുള്ള ബുദ്ധിമുട്ടുകളെപ്പറ്റി ബോധവതിയാകാനും സംഘടനയുടെ പേരിൽ നടത്തിയ യാത്രകൾ സഹായകരമായി. ആ യാത്രകൾ നൽകിയ ഊർജ്ജമാണ് എന്നിലെ സ്ത്രീയുടെ കരുത്ത്. മുൻപരിചയമില്ലാത്ത സാഹചര്യങ്ങളിൽ എത്തിച്ചേരുമ്പോൾ അവിടുത്തെ മനുഷ്യരുമായി സംവദിക്കാനും ബന്ധം സ്ഥാപിക്കാനും ഒരു ജേർണലിസ്റ്റിന് കഴിവുണ്ടായിരിക്കണം. അത്തരം കഴിവും ശേഷിയും എന്നിൽ ഉണ്ടാക്കിയതും ഞാൻ ഏറെ ഇഷ്ടപ്പെടുന്ന യുവജന പ്രസ്ഥാനം തന്നെയാണ്.

### യുവജനങ്ങളെ ഇത്രയും മൊബിലൈസ് ചെയ്യുന്ന മറ്റൊരു സംഘടനയില്ല

ഇതര മതസംഘടനകളിൽ നിന്നു വ്യത്യസ്തമായി ബൈബിളിനേയും ക്രിസ്തീയ ബോധനങ്ങളെയും മുതൽക്കൂട്ടായെടുത്ത് വലിയ സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിക്കുന്ന ഒരു സംഘടനയാണിത്. ഈ യുവജന പ്രസ്ഥാനം പുലർത്തുന്ന ആഗോള സ്വഭാവവും മറ്റു സംഘടനകളിൽ നിന്നും വ്യതിരക്തമാക്കുന്നു. യുവാക്കളെ മികച്ച രീതിയിൽ മൊബിലൈസ് ചെയ്യാൻ സാധിക്കുന്ന KCYM പോലെ മറ്റൊരു സംഘടനയില്ല. യുവാക്കളുടെ രാഷ്ട്രീയ നയരൂപീകരണത്തിലും കൃത്യമായ ഇടപെടലുകൾ നടത്താൻ ഈ യുവജന പ്രസ്ഥാനത്തിന് സാധിക്കുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

### കണ്ണുകൾ തുറന്ന് നോക്ക്, കണ്ടില്ലെന്നു നടിക്കുന്ന പ്രവണത മാറണം

സമൂഹത്തിനു നേരെ സദാ തുറന്നു പിടിച്ചിരിക്കുന്ന കണ്ണുകളാണ് ഇന്നത്തെ യുവാക്കൾക്ക് ഉറപ്പായും വേണ്ടതെന്ന് ഞാൻ വിശ്വസിക്കുന്നു. പലതും കണ്ടില്ലെയെന്നും കേട്ടില്ലായെന്നും നടിച്ച് ഒഴിഞ്ഞു മാറിപ്പോവുന്ന പ്രവണതയ്ക്ക് മാറ്റം വരണം. സമൂഹത്തിലെ ഏറ്റവും ദുർബലമായ ജനവിഭാഗത്തിന് അവരുടെ ദുർബലതകളിൽ നിന്ന് മുന്നേറാനുള്ള കൈതാങ്ങ് നൽകാൻ നമ്മുടെ യുവജനങ്ങൾക്ക് സാധിക്കണം. സിനിമയും രാഷ്ട്രീയവും കായികവുമെല്ലാം ചർച്ച ചെയ്യുന്നതു പോലെ തന്നെ സാമൂഹികവും ജാതീയവുമായ വിഷയങ്ങളും ചർച്ച ചെയ്യാനും അവയ്ക്ക് വേണ്ടി പ്രവർത്തിക്കാനുമുള്ള പ്രാപ്തി യുവാക്കൾ നേടിയെടുത്തേ തീരൂ.

### നന്മയുടെ കടലിരമ്പമായി മാറുക

മാനുഷിക മൂല്യങ്ങൾ ഉപേക്ഷിക്കാതിരിക്കുക. ജീവിതം അർത്ഥപൂർണമാക്കുക. കടലിരമ്പമായി മാറേണ്ടിടത്ത് അങ്ങനെ തന്നെയാവുക, ചെറുതിരയായാൽ മതിയെങ്കിൽ അതും! ഒരുപാടു യാത്രകൾ പോവുക, മനുഷ്യരെ അറിയാൻ ശ്രമിക്കുക, ധാരാളം വായിക്കുക, നല്ല സിനിമകൾ കാണുക, ഉദാത്തമായ പ്രണയങ്ങൾ നിങ്ങളെ കാത്തിരിക്കുന്നു. ■

# വിവരണങ്ങൾക്കതീതം എന്റെ തമ്പുരാൻ



മനോജ്
സർക്കാർ ഉദ്യോഗസ്ഥൻ
സർവ്വേ വകുപ്പ്
ഇടവക - കൊച്ചുതുറ

എന്റെ കുരിശുമെടുത്ത് എനിക്കു മുമ്പേ നടന്ന് എനിക്കു സുഗമമായി ചരിക്കാൻ എല്ലാവിധ ക്രമീകരണങ്ങളും നടത്തുന്ന എന്റെ ദൈവം. സമയാസമയം എനിക്കു തിരുത്തലുകൾ നൽകി എന്നെ ശുദ്ധനാക്കുന്നവൻ. ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും എല്ലാ ഭൗതീക ആവശ്യങ്ങളിലും എന്റെ മമ്മിയെയും പപ്പയെയുകാൾ കൂടുതൽ എന്ന സഹായിക്കുകയും കരുതുകയും ചെയ്യുന്ന എന്റെ പൊന്നു തമ്പുരാൻ എനിക്ക് ആരെല്ലാമാണെന്ന് ഈ താളുകളിൽ വിവരിച്ചാൽ തീരില്ല.

### മൊബൈലിൽ നെറ്റ്‌വർക്ക് പോലെ എപ്പോഴും ഇടവകയുമായി കണക്ഷൻ

ഇടവകയുമായുള്ള ബന്ധം ഒറ്റവാക്കിൽ പറയാൻ കഴിയുന്നതല്ല. മൊബൈലിൽ നെറ്റ്‌വർക്ക് പോലെ ഇടവകയുമായി എപ്പോഴും ഒരു കണക്ഷൻ സൂക്ഷിക്കുന്നുണ്ട്. അതു പലവഴികളിലൂടെയാണെന്നു മാത്രം. കഴിയുന്നതും ദിനവും ദിവ്യബലിയിൽ പങ്കെടുക്കുകയും കൂദാശകൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇടവക വികാരി, സഭാധികാരികൾ നൽകുന്ന ഉത്തരവാദിത്വം കഴിയുന്നത്ര രീതിയിൽ ഭംഗിയായി ചെയ്ത കൊടുക്കും. യുവജനങ്ങളോട് സംവദിക്കുന്നത് ഇഷ്ടമുള്ള കാര്യമാണ്. അവർക്ക് അവേശം നൽകാൻ ശ്രമിക്കാറുണ്ട്.

### നല്ല മനോഭാവത്തിന് ഉടമയാക്കി ഈ പ്രസ്ഥാനം

സ്നേഹിക്കാനും അപരനെ അംഗീകരിക്കാനും പ്രകൃതിയെ സംരക്ഷിക്കാനും സ്ത്രീകളെ ബഹുമാനിക്കാനും തിന്മയെ എതിർക്കാനും അവശത അനുഭവിക്കുന്നവർക്ക് കൂട്ടാവാനും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പക്ഷം ചേരാനുമുള്ള മനോഭാവം ലഭിച്ചത് യുവജന പ്രസ്ഥാനത്തിൽ പ്രവർത്തിക്കുക വഴിയാണ്.

### ആത്മഹത്യയുടെ വക്കിൽ നിന്നും ജീവിതത്തിലേക്ക് പിടിച്ചുയർത്തി

ജോലിയുമായി ബന്ധപ്പെടുത്തി പറയുമ്പോൾ വസ്തു സംബന്ധിച്ച തർക്കങ്ങളും പരാതികളുമാണ് എന്റെ മുന്നിൽ എത്തുന്നത്. കരം തീർക്കുന്നു പക്ഷെ പ്രമാണമില്ല. കൈവശം ഭൂമിയുണ്ട് എന്നാൽ രേഖയിലില്ല തുടങ്ങി വിവിധ തരം പരാതികളുണ്ടാവും. എന്തു പരാതിയുമായി വരുന്നയാളിനോടും മാന്യമായി പെരുമാൻ ശ്രമിക്കാറുണ്ട്. അവരെ എന്റെ മുന്നിലെ കസേരയിൽ ഇരുത്തും. ഈയൊറ്റക്കാരണം കൊണ്ടു തന്നെ പലരുടെയും കണ്ണുകൾ നിറയുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ഒരു സംഭവം പറയാം. വർഷങ്ങളോളം ഗൾഫിലായിരുന്ന ഒരാൾ മുഴുവൻ സമ്പാദ്യവും ഉപയോഗിച്ച് കുറെ വസ്തു വാങ്ങി. പിന്നെയും വിദേശത്തു ജോലിക്കു പോയി. ഇതിനിടെ ഈ വസ്തു ഉൾപ്പടെയുള്ള പ്രദേശം ഒരു പദ്ധതിക്കായി സർക്കാർ ഏറ്റെടുത്തു. അവിടെയുണ്ടായിരുന്ന കെട്ടിടങ്ങൾ പൊളിച്ചും മരങ്ങൾ മുറിച്ചും മാറ്റി. കുറച്ചു കാലത്തിനു ശേഷം നാട്ടിലെത്തിയ ആ മനുഷ്യന് താൻ എവിടെയാണ് സ്ഥലം വാങ്ങിയതെന്നു കണ്ടെത്താനായില്ല. ആത്മഹത്യയുടെ വക്കിലായ അയാളെ നിയമത്തിനുള്ളിൽ നിന്നും സഹായിച്ചു, അയാൾക്ക് നഷ്ടപരിഹാരം ലഭിച്ചു. മറ്റുള്ളവരിലും ക്രിസ്തുവുണ്ടെന്ന ചിന്തയാണ് എന്നെ അങ്ങനെ ചെയ്യാൻ പ്രേരിപ്പിച്ചത്. ഇതിനുള്ള പ്രാപ്തി നേടിയതു പ്രിയപ്പെട്ട യുവനജ പ്രസ്ഥാനത്തിൽ നിന്നുമാണ്.

### പുത്തൻ ദർശനങ്ങൾ രൂപപ്പെടുത്തി കുതിക്കണം

അതിരൂപതയിൽ മുഴുവൻ നിറഞ്ഞു നിൽക്കേണ്ട ഊർജവും കരുത്തുമാണ് കെ.സി.വൈ.എം. വർത്തമാന സാമൂഹിക മാറ്റങ്ങൾക്ക് അനുസരിച്ച് പുത്തൻ ദർശനങ്ങൾ രൂപപ്പെടേണ്ടതുണ്ട്. ആഡംബരത്തിനും സമ്പത്തിനും അക്രമത്തിനും ലഹരി വസ്തുക്കൾക്കും അടിമപ്പെട്ട് അപകർഷതയുടെ ഭാരവും പേറി സമയം നഷ്ടപ്പെടുത്തുന്ന യുവത്വം നമ്മുടെ ശ്രദ്ധയിൽപ്പെടണം. ഈ യുവതലമുറയ്ക്ക് രാഷ്ട്ര ബോധവും സാമുദായികവും സാമൂഹികവുമായ ചിന്തകൾ നൽകുവാൻ ശ്രദ്ധിക്കണം. നിരന്തരമായ ചോദ്യം ചെയ്യലിലൂടെ മറ്റുള്ളവരുടെ കാർക്കശ്യങ്ങളും തെറ്റായ നിയമങ്ങളും അതിജീവിച്ച് സ്വാതന്ത്ര്യം പ്രാപിക്കാനുള്ള കരുത്താർജിക്കാൻ അതിരൂപയിലെ മുഴുവൻ യുവജനങ്ങളെയും ഒത്തൊരുമിപ്പിക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്.

### ഉപ്പ് അധികം വേണ്ട, ഉള്ളതു മതി

സംഘടനാ പ്രവർത്തനത്തിനു വേണ്ടി വിളിക്കുമ്പോൾ സമയമില്ല, താൽപര്യമില്ല, എനിക്കു വയ്യ എന്നിങ്ങനെ യുവജനങ്ങൾ പ്രതികരിക്കുന്നുവെന്നാണ് യുവജന പ്രസ്ഥാനത്തിലെ ഭാരവാഹികളുടെ പരാതി. ചുരുക്കത്തിൽ പ്രവർത്തിക്കാൻ ആളെക്കിട്ടുന്നില്ലെന്നതാണ് വിഷയം. എനിക്ക് പറയാനുള്ളത് - ഇടവകകളിലെ ഉപ്പാണ് യുവജനങ്ങൾ. എണ്ണം പ്രസക്തമല്ല, കുറച്ചു മതി. ഉള്ള ഉപ്പ് ഉറകെട്ടു പോകാതെ ക്രിസ്തു വിശ്വാസത്തിലും സഭയിലും ഉറച്ചു നിന്ന് പ്രവർത്തിക്കാനുള്ള മനസ് രൂപപ്പെടുത്തിയെടുക്കണം. ■

ഫാ. ജോസ് ജി.

# മാമ്മോദീസയ്ക്ക് തലതൊടാൻ രണ്ടുപേർ നിർബന്ധമോ?

തിരുവനന്തപുരം അതിരൂപതയിലെ ഒരു മിഷൻ ഇടവകയിലെ വികാരിയാണ് ഞാൻ. തങ്ങളുടെ കുഞ്ഞുങ്ങൾക്ക് മാമ്മോദീസ നല്കണമെന്ന് ആവശ്യപ്പെട്ടുവരുന്ന മാതാപിതാക്കളിൽ ചിലരെങ്കിലും മാമ്മോദീസയ്ക്കുവേണ്ടി പള്ളിയിൽ എത്തുമ്പോൾ ജ്ഞാനമാതാപിതാക്കളെ നിശ്ചയിക്കാറില്ല. തദവസരത്തിൽ ഇടവകയിലെ ആരെയെങ്കിലും ജ്ഞാനമാതാപിതാക്കളായി നൽകുന്ന പതിവാണ് തുടരുന്നത്. ചിലപ്പോഴെങ്കിലും രണ്ടുപേരെ ജ്ഞാനമാതാപിതാക്കളായി കണ്ടെത്താൻ പ്രയാസപ്പെടുന്നുണ്ട്. തദവസരത്തിൽ ഒരാളെമാത്രം ജ്ഞാനപിതാവോ / മാതാവോ ആയി നല്കാൻ കഴിയുമോ?

മാമ്മോദീസയ്ക്ക് തലതൊടുന്ന ജ്ഞാനമാതാപിതാക്കളുടെ എണ്ണത്തെ സംബന്ധിച്ചതാണ് താങ്കളുടെ സംശയം. ജ്ഞാനമാതാപിതാക്കളുടെ എണ്ണം അറിയുന്നതോടൊപ്പം അവരുടെ യോഗ്യതയും കടമയും അറിഞ്ഞിരിക്കേണ്ടത് അനുപേക്ഷണീയമാണ്. 2017 ജൂൺ മാസത്തെ പതിപ്പ് (പുസ്തകം 41, ലക്കം 6) പേജ് 25-ൽ പ്രതിപാദിച്ചിരിക്കുന്ന കാനോൻ നിയമ സംശയനിവാരണം ജ്ഞാനമാതാപിതാക്കളുടെ യോഗ്യതയും കടമയും സംബന്ധിക്കുന്നതാണ്.

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 872, 873ഉം പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 684 §1-ഉം മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തികളുടെ എണ്ണം പ്രതിപാദിക്കുന്നു. അതനുസരിച്ച്,

1) മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിക്ക് ജ്ഞാനപിതാവ് / മാതാവ് ആയി ഒരാളെങ്കിലും ഉണ്ടായിരിക്കണം.

2) ജ്ഞാനമാതാപിതാക്കൾ രണ്ടുപേരാണെങ്കിൽ അവർ പുരുഷനും സ്ത്രീയുമായിരിക്കണം.



CIC 874 §2, CCEO 684 §3 എന്നിവ മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയുടെ ജ്ഞാനപിതാവ്/മാതാവിനോടൊപ്പം അകത്തോലിക്ക ക്രിസ്ത്യാനിയെ അനുവദിക്കുന്നു. അകത്തോലിക്ക വിഭാഗങ്ങളെ കത്തോലിക്ക സഭ അകത്തോലിക്ക പൗരസ്ത്യ സഭകളെന്നും അകത്തോലിക്ക ക്രൈസ്തവ സമൂഹങ്ങളെന്നും വിശേഷിപ്പിക്കുന്നു. എല്ലാ കൂദാശകളെയും അംഗീകരിച്ചുപാലിക്കുന്ന അകത്തോലിക്കാ വിഭാഗങ്ങളാണ് പൗരസ്ത്യ അകത്തോലിക്കാ സഭകളെന്ന് അറിയപ്പെടുന്നത്. പൗരസ്ത്യ കത്തോലിക്ക സഭകളിലെന്നപോലെ പൗരസ്ത്യ അകത്തോലിക്കാ സഭകളിലും മാമ്മോദീസ, സ്ഥൈര്യലേപനം (തൈലാഭിഷേകം), വിശുദ്ധ കുർബ്ബാന എന്നീ കൂദാശകൾ ഒരുമിച്ചാണ് സ്വീകരിക്കുന്നത്. ആയതിനാൽ, CCEO 684 §3 പ്രകാരം, കത്തോലിക്ക ജ്ഞാനപിതാവ്/മാതാവിനോടൊപ്പം പൗരസ്ത്യ അകത്തോലിക്ക ക്രിസ്ത്യാനിയെ മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയുടെ ജ്ഞാനപിതാവ്/മാതാവായി അനുവദിക്കാവുന്നതാണ്.

വിശുദ്ധ കുർബ്ബാന, സ്ഥൈര്യലേപനം തുടങ്ങിയവയെ കൂദാശകളായി സ്വീകരിക്കാത്ത ക്രൈസ്തവ വിഭാഗങ്ങളാണ് അകത്തോലിക്ക ക്രൈസ്തവ സമൂഹങ്ങൾ. ആയതിനാൽ, CIC 874 §2 പ്രകാരം, മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയുടെ ജ്ഞാനപിതാവ്/മാതാവിനോടൊപ്പം അകത്തോലിക്ക ക്രൈസ്തവ സമൂഹങ്ങളിലെ അംഗത്തെ അനുവദിച്ചാൽ അയാളെ സാക്ഷിയായി മാത്രമേ അനുവദിക്കാവൂ. കാരണം, പൂർണ്ണതോതിലുള്ള ക്രിസ്തീയ ജീവിതത്തിന് തുടക്കം കുറിക്കുന്ന കൂദാശകളായ മാമ്മോദീസ, സ്ഥൈര്യലേപനം, വിശുദ്ധ കുർബ്ബാന എന്നീ മൂന്നു കൂദാശകളും സ്വീകരിച്ചിട്ടില്ല. ജ്ഞാനപിതാവ്/മാതാവ് ആകുന്ന വ്യക്തി മേൽ സൂചിപ്പിച്ച മൂന്നു കൂദാശകളും സ്വീകരിച്ചിരിക്കണം.

CIC 874 §2, CCEO 684 §3എന്നിവയുടെ ആനുകൂല്യം ഉൾക്കൊണ്ട് സ്ഥൈര്യലേപനം സ്വീകരിച്ചിട്ടില്ലാത്ത ഒരു കത്തോലിക്ക ക്രൈസ്തവ വിശ്വാസിയെ, മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയുടെ ജ്ഞാനപിതാവ്/മാതാവിനോടൊപ്പം സാക്ഷിയായി നിർത്തുന്നതിന് നിയമ തടസ്സമില്ല; എന്നാൽ, ജ്ഞാനപിതാവായി /മാതാവായി അനുവദിക്കാൻ പാടില്ലാത്തതാണ്.

ഇനി താങ്കളുടെ ചോദ്യത്തിലേക്കുവരുന്നു. മാമ്മോദീസയ്ക്ക് തലതൊടാൻ രണ്ടുപേർ നിർബന്ധമാണോ എന്നതാണ് താങ്കളുടെ സംശയം. മുകളിൽ സൂചിപ്പിച്ച CIC 874 §2, CCEO 684 §3എന്നിവ താങ്കളുടെ ചോദ്യത്തിന് ഉത്തരം നല്കുന്നു. അതനുസരിച്ച്, മാമ്മോദീസയ്ക്ക് തലതൊടാൻ ഒരാൾ മതിയാകും.




## ആനിമസ്ക്രീൻ ജന്മദിനം ആഘോഷിച്ചു

തിരുവനന്തപുരം: തിരു-കൊച്ചി മന്ത്രിസഭാംഗം, ഇന്ത്യൻ ഭരണഘടനയുടെ കരടുരേഖയിൽ ഒപ്പുവച്ച മലയാളി വനിത എന്നീ നിലകളിൽ പ്രസിദ്ധയായ ആനിമസ്ക്രീന്റെ 116-ാം ജന്മദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. തിരുവനന്തപുരം അതിരൂപതാ അല്മായ കമ്മിഷനും ആനിമസ്ക്രീൻ സ്മാരക സമിതിയും സംയുക്തമായി സംഘടിപ്പിച്ച ആഘോഷപരിപാടി മന്ത്രി ജെ.മേഴ്സികുട്ടിയമ്മ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം അതിരൂപതാ വികാരി ജനറൽ മോൺ യൂജിൻ എച്ച്.പെരേര അധ്യക്ഷനായിരുന്നു. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ സി.പി.ജോൺ പ്രബന്ധം അവതരിപ്പിച്ചു. കൺവീനർ ആന്റണി ആൽബർട്ട് അൽമായ കമ്മിഷൻ ഡയറക്ടർ എം.ആർക്കാഞ്ചലോ കെഎൽസിഎ സംസ്ഥാന സെക്രട്ടറി ജോസഫ് ജോൺസൺ, കെഎൽസിഡബ്ല്യുഎ സംസ്ഥാന പ്രസിഡന്റ് ജയിൻ ആൻസിൽ ഫ്രാൻസീസ്, ആനിമസ്ക്രീൻ (ജൂണിയർ), അൽഫോൺസ് ആന്റിൽസ് സെമൻസി തുടങ്ങിയവർ പ്രസംഗിച്ചു.


*ആനിമസ്ക്രീൻ ദിനാഘോഷം മന്ത്രി മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യുന്നു*

## മദ്യവില്പനയ്ക്കുവേണ്ടി മാസ്സ് വൈനിനെ മറയാക്കുന്നത് വേദനാജനകം ആർച്ച്ബിഷപ് ഡോ. സൂസപാക്യം

തിരുവനന്തപുരം: മദ്യവില്പനയ്ക്കുവേണ്ടി മാസ്സ് വൈൻ ഉല്പാദനത്തെ മറയാക്കാനുള്ള നീക്കം ദുരുദ്ദേശപരവും വേദനാജനകവുമാണെന്ന് കെ.സി.ബി.സി. പ്രസിഡന്റും തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷനുമായ ആർച്ച്ബിഷപ് ഡോ. സൂസപാക്യം പറഞ്ഞു. കൊച്ചിൻ മാസ്സ് വൈൻ ആക്ടുപ്രകാരം ഒരുശതമാനംപോലും വീര്യം ഇല്ലാത്ത വൈനാണ് കത്തോലിക്കാ സഭ ദിവ്യബലിയ്ക്കായി നിർമ്മിച്ച് ഉപയോഗിക്കുന്നത്. ഇങ്ങനെ ദിവ്യബലിയ്ക്കായി ഉപയോഗിക്കുന്ന വൈനിനെ ദുർവ്യാഖ്യാനം ചെയ്ത് ദി വൈനറി റൂൾസിന്റെ പരിധിയിലാണെന്ന് വരുത്തിത്തീർക്കാനുള്ള നിഗൂഢശ്രമമാണ് ചിലർ നടത്തുന്നതെന്നും ആർച്ച്ബിഷപ് പ്രസ്താവനയിൽ പറഞ്ഞു.

നിലവിലുള്ള 250 ലിറ്ററിൽനിന്ന് 2500 ലിറ്ററായി വൈൻ ഉല്പാദനം വർദ്ധിപ്പിക്കാൻ അനുവദിക്കണമെന്ന അതിരൂപതയുടെ അപേക്ഷയെ അതിശയോക്തിപരമായിട്ടാണ് സംസ്ഥാന ജോയിന്റ് എക്സൈസ് കമ്മീഷണറേറ്റ് സമീപിച്ചിരിക്കുന്നത്. വൈദികരുടെ എണ്ണത്തിന് ആനുപാതികമായ വർദ്ധനവല്ല രൂപത ആവശ്യപ്പെട്ടിരിക്കുന്നത്. അപേക്ഷയിൽ പറഞ്ഞിരിക്കുംപ്രകാരം വൈദികരുടെ എണ്ണത്തിലുണ്ടായ 77 ശതമാനം വർദ്ധനവിന് ആനുപാതികമായ വർദ്ധനവ് അല്ല മാസ്സ് വൈൻ ഉപയോഗത്തിന്റെ കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. വൈദികരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് സഭയുടെ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്. തിരുവനന്തപുരം നെയ്യാറ്റിൻകര രൂപതകളിലെ പള്ളികളും കോൺവെന്റുകളും ആശ്രമങ്ങളും ഉൾപ്പെടെയുള്ളവയ്ക്കുവേണ്ടിയാണ് വൈൻ ഉല്പാദന വർദ്ധനവിന് അനുമതി തേടിയത്. കൂടാതെ, പൂന്തുറ, വിഴിഞ്ഞം, വലിയതുറ, മരിയനാട്, അഞ്ചുതെങ്ങ്, പുല്ലുവിള, തൂത്തൂർ, വള്ളവിള തുടങ്ങിയ പ്രദേശങ്ങളിലെ വിശ്വാസി ബാഹുല്യം പരിഗണിക്കേണ്ടതുമുണ്ട്. ഓരോ ഇടവകയിലും പതിനായിരത്തിലേറെ വിശ്വാസികളുണ്ട്. മേല്പ്പറഞ്ഞ ഇടവകകളിൽ മരണം മരണാനന്തര കർമ്മങ്ങൾ വിവാഹം തുടങ്ങിയ കൂദാശകൾക്കായി ദിവസേന ഒന്നിലധികം ദിവ്യബലികൾ അർപ്പിക്കപ്പെടുന്നുണ്ട്. അതോടൊപ്പം തീർത്ഥാടന കേന്ദ്രങ്ങളായ വെട്ടുകാട്, കിള്ളിപ്പാലം, വ്ളാത്താങ്കര തുടങ്ങിയ ദൈവാലയങ്ങളിലും ദിവ്യബലികൾ ദിവസത്തിൽ പലതവണ ആവർത്തിക്കപ്പെടാറുണ്ട്. ഇതനുസരിച്ച് തിരുവനന്തപുരം അതിരൂപതയ്ക്കും നെയ്യാറ്റിൻകര രൂപതയ്ക്കും കീഴിലുള്ള ഇടവകകളിൽ ക്രൈസ്തവ വിശ്വാസത്തിന് ആനുപാതികമായി ദിവ്യബലിയുടെ എണ്ണത്തിൽ പതിന്മടങ്ങ് വർദ്ധനവുണ്ടായിട്ടുണ്ടെന്ന കാര്യം പരിഗണിക്കേണ്ടതുണ്ട്. വൈദികരുടെ എണ്ണത്തെ ആശ്രയിച്ചല്ല ദിവ്യബലിയുടെ എണ്ണത്തെ ആശ്രയിച്ചാണ് മാസ്സ് വൈനിന്റെ ഉപയോഗം വേണ്ടിവരുന്നത്. മുൻ കാലങ്ങളിൽ ദിവ്യബലിമദ്ധ്യേ തിരുവോസ്തിയോടൊപ്പം വിശ്വാസികൾക്ക് വൈൻ നല്കിയിരുന്നില്ല. എന്നാൽ ഇന്ന് പ്രത്യേകിച്ച് വിശേഷാവസരങ്ങളിൽ ദിവ്യബലിയുടെ അന്തസത്ത ഉൾക്കൊണ്ട് വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്ന എല്ലാവർക്കും തിരുവോസ്തി കൂദാശ ചെയ്ത വൈനിൽ മുക്കി നല്കാറുണ്ട്. ഇതനുസരിച്ച് ഒരാൾക്ക് പരമാവധി ഒന്നോ രണ്ടോ തുള്ളി വൈൻ മാത്രമാണ് നല്കപ്പെടുന്നത്. ഇങ്ങനെ ചെയ്യുന്നത് ദിവ്യബലിയുടെ പൂർണ്ണതയ്ക്കുവേണ്ടിയാണ്. ഇക്കാരണങ്ങളാലാണ് സഭയിൽ ആരാധനയ്ക്കാനുപാതികമായി മാസ്സ് വൈനിന്റെ ഉപയോഗം കൂടാൻ കാരണം. യാഥാർത്ഥ്യം ഇതായിരിക്കെ മദ്യവ്യവസായത്തിന്റെ പേരിൽ മാസ്സ് വൈൻ ഉപയോഗത്തെ ദുർവ്യാഖ്യാനം ചെയ്ത് മദ്യനിരോധനത്തിനുവേണ്ടി വാദിക്കുന്ന ക്രൈസ്തവ സഭയെ അപ്പാടെ അവഹേളിക്കാനും അടച്ചാക്ഷേപിക്കാനുമുള്ള ശ്രമം അപലപനീയവും പ്രതിഷേധാർഹവുമാണെന്നും കെ.സി.ബി.സി. പ്രസിഡന്റ് പറഞ്ഞു.

# ബിഷപ്പ് പീറ്റർ ബർണാഡ് പെരേര: സഭാ നിർമ്മിതിക്ക് ദൈവം നിയോഗിച്ച ചരിത്ര പുരുഷൻ – ആർച്ച്ബിഷപ്പ്



തിരുവനന്തപുരം: തിരുവനന്തപുരം അതിരൂപതയെ ആദ്ധ്യാത്മിക അടിത്തറയുള്ള പങ്കാളിത്ത സ്വഭാവമുള്ള സഭയായി വളർത്തിയെടുക്കാൻ ദൈവം നിയോഗിച്ച മഹാത്മാവായിരുന്നു അഭിവന്ദ്യ പീറ്റർ ബർണാർഡ് പെരേര പിതാവ്. സുവിശേഷവും, ദൈവാനുഗ്രഹവും പകർന്നു നൽകി ആധ്യാത്മിക അടിത്തറയിൽ ദൈവനിയോഗം നിർവഹിച്ചതിനൊപ്പം അതിരൂപതയുടെ സമഗ്രവികസനത്തിന് ഉപയുക്തമായ സാഹചര്യങ്ങൾ സൃഷ്ടിക്കാനും അഭിവന്ദ്യ പീറ്റർ ബർണാഡ് പെരേര പിതാവിന് കഴിഞ്ഞുവെന്നും ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. തിരുവനന്തപുരം രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാൻ ഭാഗ്യസ്മരണാർഹനായ ബിഷപ്പ് പീറ്റർ ബർണാഡ് പിതാവിന്റെ ജന്മശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് പാളയം കത്തീഡ്രൽ ദേവാലയത്തിൽ നടന്ന പൊന്തിഫിക്കൽ ദിവ്യബലി മദ്ധ്യേ സന്ദേശം നൽകുകയായിരുന്നു ആർച്ച്ബിഷപ്പ്.

തിരുവനന്തപുരം അതിരൂപതയെ സംബന്ധിച്ചിടത്തോളം ബർണാഡ് പെരേര പിതാവ് ഒരു പ്രകാശ ഗോപുരമാണ്. രൂപതയിൽ ഇന്ന് ഫലപ്രദമായി നടക്കുന്ന പല സംവിധാനങ്ങൾക്കും തുടക്കം കുറിച്ചത് അദ്ദേഹമാണ്. മിഷൻ പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ അന്തസത്ത ഉൾക്കൊണ്ട് രൂപതയെ ആധ്യാത്മിക പുരോഗതിയിലേക്ക് നയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആർച്ച്ബിഷപ്പ് പറഞ്ഞു.

പീറ്റർ ബർണാഡ് പിതാവിന്റെ സ്വപ്ന പദ്ധതിക്ക് പാത്രീഭുതമായ മര്യനാട് ഇടവകയും പ്രൗഢഗംഭീരവും ഭക്തിനിർഭരവുമായ ചടങ്ങുകളോടെ അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷിച്ചു.



*തിരുവനന്തപുരം അതിരൂപതാ ബിസിസി കമ്മിഷൻ സംഘടിപ്പിച്ച ഹോംമിഷൻ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തവർ. അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം, സഹായ മെത്രാൻ ഡോ. ആർ.ക്രിസ്തുദാസ്, ബിസിസി എക്സിക്യൂട്ടീവ് സെക്രട്ടറി ഡോ. മൈക്കിൾ തോമസ് എന്നിവരോടൊപ്പം. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന ട്രെയിനിംഗ് പരിപാടിയിൽ വിവിധ വിഷയങ്ങളെക്കുറിച്ച് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം, സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്, ഫാ. ലെനിൻ രാജ്, മോൺ. ജെയിംസ് കുലാസ്, ഫാ. ശാന്തപ്പൻ, ഫാ. ജോസ് ജി, ഫാ. ലെനിൻ ഫെർണാണ്ടസ്, ഫാ. ലോറൻസ് കുലാസ്, ഡോ. സുഷാ ജനാർദ്ദനൻ ഡോ. ഗിരീഷ്, ഡോ. പ്രമോദ്, ഫാ. എ.ആർ.ജോൺ എന്നിവർ ക്ലാസുകൾ നയിച്ചു.*

# വിഴിഞ്ഞം ഇടവക ബി.സി.സി സംഗമം ആഘോഷമാക്കി

വിഴിഞ്ഞം: കെ.ആർ.എൽ.സി. മിഷൻകോൺഗ്രസ്സ് & ബിസിസി കൺവെൻഷൻ - 2017 ലെ മാർഗരേഖയുടെ അന്തസത്ത ഉൾക്കൊണ്ട് ബിസിസി സംഗമം സംഘടിപ്പിച്ചു. ശരിയായ പങ്കാളിത്ത ക്രൈസ്തവ നേതൃത്വം കുടുംബങ്ങളിലും ബിസിസികളിലും ഇടവകകളിലും വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ എല്ലാം ശുശ്രൂഷകളെയും ഉൾപ്പെടുത്തി ബിസിസിയുടെ നേതൃത്വത്തിൽ ക്ലാസ് നടത്തി. 350-ലധികം പേർ ഇതിൽ പങ്കെടുത്തു. തിരുവനന്തപുരം അതിരൂപതാ ബിസിസി ഡയറക്ടർ ഫാ. മൈക്കിൾ തോമസ്, അജിത് പെരേര എന്നിവർ ക്ലാസ് നയിച്ചു.

തുടർന്ന് ഇടവകയിലെ 169 യൂണിറ്റുകളും ചേർന്ന് 13 പ്രാദേശികം വഴി വിവിധ ശുശ്രൂഷ സമിതികളുടെ നേതൃത്വത്തിൽ ജപമാല റാലി നടത്തി. ഇടവകയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും തുടങ്ങിയ റാലി ദേവാലയത്തിലെത്തി സമാപിച്ചു. 5000 -ൽ അധികം വരുന്ന വിശ്വാസ സമൂഹം പള്ളിയിൽ എത്തിയതിനെ തുടർന്ന് രൂപത സഹായ മെത്രാൻ ഡോ: ക്രിസ്തുദാസിന്റെ മുഖ്യകാർമ്മികത്വത്തിൽ പൊന്തിഫിക്കൽ ദിവ്യബലി നടന്നു. രൂപതാ ബിസിസി ഡയറക്ടർ ഫാ. മൈക്കിൾ, ഇടവക വികാരി ഫാ. വിൽഫ്രഡ്, സഹവികാരി ഫാ. പ്രബൽ എന്നിവർ സഹകാർമ്മികരായിരുന്നു.

യേശുവിന്റെ വിമോചന പക്രിയ ഇന്നത്തെ സാഹചര്യത്തിൽ സാധ്യമാകുന്നത് പ്രധാനമായും ശുശ്രൂഷകളിലൂടെയാണെന്നും അതിനാൽ എല്ലാ ശുശ്രൂഷകളും ഉണർന്ന് പ്രവർത്തിക്കണമെന്നും ബിഷപ്പ് ക്രിസ്തുദാസ് പറഞ്ഞു. ബിസിസികളുടെ പ്രവർത്തനം സജ്ജീവമാക്കുന്നതിന്റെ ഭാഗമായി ബിസിസിയുടെ നേതൃത്വത്തിൽ കാഴ്ചവയ്പ്പിലൂടെ സ്വരൂപിക്കുന്ന തുക ഉൾപ്പെടുത്തി ഇടവകയുടെ നേതൃത്വത്തിൽ ഒരു വർഷം 5 ഭവനം നിർമ്മിച്ചു നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. "സ്വന്തമായ് ഒരു ഭവനം" എന്ന ഇടവക വികാരി ഫാ. വിൽഫ്രഡിന്റെ ആശയം ബിഷപ്പ് ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. ഭവനത്തിന്റെ മാതൃക ബിസിസി കോ- ഓഡിനേറ്റർ വിക്ടർ ലോപ്പസ് പ്രദർശിപ്പിച്ച് ഇടവക സെക്രട്ടറി ഈസഹാക്ക് ജോൺ ഏറ്റുവാങ്ങി. ഇടവകാംഗമായ ഫ്രാൻക്ലിൻ ഒരു ലക്ഷം രൂപയുടെ ധനസഹായം നൽകി ഭവനത്തിന്റെ സാമ്പത്തിക സമാഹരണ പ്രക്രിയയ്ക്ക് തുടക്കം കുറിച്ചു. റ്റി.എസ്സ്.എസ്സ്.എസ്സ് ന്റെ നേതൃത്വത്തിൽ നടത്തിവരുന്ന "സേവ് എ ഫാമിലി" എന്ന പദ്ധതിവഴി വിഴിഞ്ഞം ഇടവകയിൽ നിന്നും തിരഞ്ഞെടുത്ത വ്യക്തിക്കു ഇടവകയുടെ വിഹിതമായ ഒരു ലക്ഷം രൂപയുടെ ചെക്കും ബിഷപ്പ് കൈമാറി.



*വിഴിഞ്ഞം ഇടവക ബിസിസി സംഗമത്തോടനുബന്ധിച്ച് നടന്ന ജപമാലാ റാലി*



*അതിരൂപതാ ബിസിസി ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ നന്തൻകോട് ഇടവകയിൽ നടന്ന ഹോം മിഷൻ ബിസിസി ഡയറക്ടർ ഫാ. മൈക്കിൾ തോമസ് ഉദ്ഘാടനം ചെയ്യുന്നു*

# ദൈവവുമായുള്ള വ്യക്തിബന്ധത്തിന് കുട്ടികളെ പ്രാപ്തമാക്കുക: ബിഷപ് ഡോ. ക്രിസ്തുദാസ്



*ക്രിസ്തീയവിശ്വാസജീവിതപരിശീലന വാർഷികാഘോഷം ബിഷപ്പ് ഡോ. ആർ.ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്യുന്നു*

തിരുവനന്തപുരം : ദൈവവുമായി ആഴമായ വ്യക്തി ബന്ധം സ്ഥാപിക്കാൻ കുട്ടികളെയും വരും തലമുറയെയും പ്രാപ്തമാക്കുക എന്നതാണ് മതബോധന വിദ്യാഭ്യാസത്തിന്റെ അത്യന്തിക ലക്ഷ്യമെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ പറഞ്ഞു. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ ക്രിസ്തീയവിശ്വാസജീവിത പരിശീലന വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നശിച്ചുപോകുന്ന ഭൗതിക വസ്തുകളും സമ്പത്തും പ്രശസ്തിയും സ്ഥാനമാനങ്ങളും സ്വന്തമാക്കാൻ പരക്കം പാഞ്ഞ് സമാധാനവും സന്തോഷവുമില്ലാത്ത അവസ്ഥയിലാണ് ആധുനികമനുഷ്യൻ. ദൈവകല്പനകൾ പാലിച്ച് ദൈവിക മാർഗ്ഗത്തിൽ സഞ്ചരിച്ച് ദൈവത്തെ സ്വന്തമാക്കിയാൽ എല്ലാം സ്വന്തമാക്കാൻ കഴിയുമെന്നു മനുഷ്യൻ മറന്നു പോകുന്നു. എന്റെ വേദനയിലും തകർച്ചയിലും തളർച്ചയിലും വീഴ്ചയിലും കണ്ണീരിലും ഞാനൊറ്റക്കല്ല, ദൈവം കൂടെയുണ്ടെന്ന ബോധ്യത്തോടെ ഓരോരുത്തരും ജീവിക്കണം. മതബോധന അധ്യാപകർ തന്റെ ജീവിതം കൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവരാകണമെന്നും ബിഷപ് ഓർമ്മിപ്പിച്ചു.

അതിരൂപതാ അജപാലന ഡയറക്ടർ ഡോ. ലോറൻസ്കുലാസ് അധ്യക്ഷനായിരുന്നു. മോൺ. ഡോ. തോമസ് നെറ്റോ അനുഗ്രഹപ്രഭാഷണം നടത്തി. സിസിലി സ്വാഗതം ആശംസിക്കുകയും ജോൺ വൈ. റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കേരഫെഡ് മാനേജിംങ് ഡയറക്ടർ എം. എ. ഫ്രാൻസിസ് മുഖ്യപ്രഭാഷണം നടത്തി. ലോഗോസ് ക്വിസ്, ബൈബിൾ കലോത്സവപ്രതിഭകൾക്ക് ഫാ. ജേക്കബ് സ്റ്റെല്ലസ്, ഫാ. മുത്തപ്പൻ അപ്പോലിയും ഫാ. ലോറൻസ് കുലാസും സമ്മാനദാനം നടത്തി. റെജീന ആന്റണി, റോബിൻ സാമുവേൽ എന്നിവർ പ്രസംഗിച്ചു. സിൽവദാസ് എഫ്. നന്ദി പറഞ്ഞു.



*ദലിത് ക്രൈസ്തവ യുവജന നേതൃത്വ പരിശീലന ക്യാമ്പ് ബിഷപ്പ് ഡോ. ആർ.ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു.*

# ദലിത് ക്രൈസ്തവ യുവജന നേതൃത്വ പരിശീലന ക്യാമ്പ്

ദലിത് ക്രൈസ്തവ യുവജനങ്ങൾക്കായി രണ്ടുദിവസത്തെ നേതൃത്വ പരിശീലന ക്യാമ്പ് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്നു. അഭിവന്ദ്യ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

ആശയ വിനിമയം, പ്രസംഗകല, ക്രിസ്തീയ നേതൃത്വം, വ്യക്തിത്വ വികസനം, സോഷ്യൽ മീഡിയ, ടൈം മാനേജ്മെന്റ്, ബജറ്റ് തയ്യാറാക്കൽ, ദിവ്യബലിയിലെ അല്മായ പങ്കാളിത്തം, ദലിത് ക്രൈസ്തവ മുന്നേറ്റം എന്നീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസ്സുകൾ നയിച്ചു. അല്മായ ശുശ്രൂഷാ ഡയറക്ടർ എം. ആർക്കാഞ്ചലോ, ഡി.സി.എം.എസ്. രൂപതാ പ്രസിഡന്റ് ജോർജ് പള്ളിത്തറ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

# യുഎൻ സമ്മേളനത്തെ അഭിസംബോധന ചെയ്ത് തിരുവനന്തപുരം സ്വദേശിനി ലിസ്ബ




ന്യൂഡൽഹി: ഐക്യരാഷ്ട്രസഭയുടെ ആദ്യ സമുദ്ര കൂടിയാലോചന സമ്മേളനത്തെ അഭിസംബോധന ചെയ്ത് തിരുവനന്തപുരം പുല്ലുവിള സ്വദേശിനി ലിസ്ബ യേശുദാസ് ശ്രദ്ധേയയായി. വിവിധ രാജ്യങ്ങളിൽ നിന്നുള്ള 112 സംഘടനകൾ പങ്കെടുത്ത കോൺഫ്രൻസിലാണ് ലിസ്ബ പ്രസംഗിച്ചത്. സമ്മേളനത്തെ അഭിസംബോധന ചെയ്യുന്ന ലോകത്തെ ആദ്യ മത്സ്യത്തൊഴിലാളി സമുദായത്തിൽപ്പെട്ട പ്രായം കുറഞ്ഞ പ്രതിനിധിയാണ് ലിസ്ബ.

കടലുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും സംബന്ധിച്ചായിരുന്നു സമ്മേളനത്തിലെ ചർച്ച. നമ്മുടെ കടലുകൾ, നമ്മുടെ ഭാവി സുസ്ഥിര വികസന ലക്ഷ്യത്തിനായുള്ള സഹവർത്തിത്വം എന്ന വിഷയത്തിൽ ന്യൂയോർക്കിലാണ് യുഎൻ സമ്മേളനം നടന്നത്.

തിരുവനന്തപുരം കേന്ദ്രീകരിച്ച് കടൽ പരിസ്ഥിതി സംരക്ഷണം, തീരദേശ മത്സ്യത്തൊഴിലാളികളുടെ കടലറിവുകൾ, ഭാഷ, സംസ്കാരം എന്നിവ സംരക്ഷിക്കാൻ പ്രവർത്തിക്കുന്ന ഫ്രണ്ട് ഓഫ് മറൈൻ എന്ന സംഘടനയെ പ്രതിനിധാനം ചെയ്താണ് ലിസ്ബ യുഎന്നിൽ എത്തിയത്. തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിലെ മലയാളം അസിസ്റ്റന്റ് പ്രൊഫസറാണ് ലിസ്ബ. കേരള സർവകലാശാലയിൽ തീരദേശ ഭാഷയിൽ പിഎച്ച്ഡിയും ചെയ്യുന്നുണ്ട്. താനൊരു സാധാരണ മത്സ്യത്തൊഴിലാളിയുടെ മകളാണെന്നും ആ സമുദായത്തിൽ പെടുന്നതിൽ അഭിമാനിക്കുന്നുവെന്നും പറഞ്ഞാണ് ലിസ്ബ യുഎൻ സമ്മേളനത്തെ അഭിസംബോധന ചെയ്തത്. ഫ്രണ്ട്സ് ഓഫ് മറൈൻ ആഭിമുഖ്യത്തിൽ സമുദ്രാന്തർഭാഗത്ത് 43 മീറ്റർ ആഴത്തിൽ പോയി ജൈവ വൈവിധ്യ പഠനം നടത്തിക്കഴിഞ്ഞു.



*പരിത്തിയൂർ ഇടവകയിൽ ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന പ്രവേശനോത്സവം ഫാ.തോമസ് നെറ്റോ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.*

# ത്രിഭാഷാ പരിപോഷണം: 150 പേർക്ക് സ്കോളർഷിപ്പ്

തിരുവനന്തപുരം: തിരുവനന്തപുരം അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ത്രിഭാഷാ പരിപോഷണ പരിപാടിയുടെ ഭാഗമായി അതിരൂപതയിലെ വിവിധ ഇടവകകളിൽ നടത്തിയ എഴുത്തുപരീക്ഷയിൽ മൂന്നുഭാഷകളിലും കൂടി പരീക്ഷ എഴുതിയ 1188 പേരിൽ 354 പേർ സർട്ടിഫിക്കറ്റിന് അർഹരായി. ഏറ്റവും കൂടിയ മാർക്ക് വാങ്ങിയ 15 കുട്ടികൾ രൂപതാ സ്കോളർഷിപ്പിന് അർഹരായി. മലയാളം വിഭാഗത്തിൽ അഷിമ അലക്സ് (ക്രിസ്തുരാജപുരം), മോനിയ എം (ക്രിസ്തുരാജപുരം) ഇംഗ്ലീഷ് വിഭാഗത്തിൽ കെസിയ ഫെർണാണ്ടസ് (പേട്ട), ലിൻഡ്യ ജോ (മുട്ടട), നിലിൻ മാർഗ് വില്ലി (മുടവൻമുഗൾ), അന്ന ജോയി (മുടവൻമുഗൾ), റിതുൻ ബിനോയി (മുടവൻമുഗൾ), ഹിന്ദി വിഭാഗത്തിൽ പൂജാ പോൾ (മുട്ടട), അഞ്ജലി.എസ് (നമ്പ്യാതി), ഹേമ എം.ഫ്രാൻസിസ് (നമ്പ്യാതി), ഹിമ എം. ഫ്രാൻസിസ് (ക്രിസ്തുരാജപുരം), അഞ്ജലി.എസ് (ക്രിസ്തുരാജപുരം), സ്നേഹ മണപ്പാട്ടു (കിള്ളിപ്പാലം), ഫിയനോവ റോക്സ് മൈക്കിൾ (പേട്ട), നിവ്യ സൂസൻ (പേട്ട) എന്നിവരാണ് സ്കോളർഷിപ്പിന് അർഹരായത്.

## ത്രിഭാഷ പരിപോഷണ പരീക്ഷ

തിരുവനന്തപുരം: അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ 2017–18 അധ്യയനവർഷത്തിൽ ത്രിഭാഷാ പരിപോഷണ പരിപാടിയുടെ ഭാഗമായി നടത്തുന്ന ഇംപ്രൂവ്മെന്റ് പരീക്ഷ 2017 ജൂലായ് 23 ന് ഞായറാഴ്ച അതാത് ഇടവകകളിൽ വച്ച് നടത്തുന്നതാണ്. പരീക്ഷയിൽ പങ്കെടുക്കുന്ന കുട്ടികളുടെ പേരുവിവരം ആനിമേറ്റർമാർ വഴി ജൂലൈമാസം 2–ാം തീയതിയ്ക്കകം വിദ്യാഭ്യാസ ശുശ്രൂഷാ അതിരൂപതാ കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.

## ബൈബിൾ സ്കൂൾ ഉദ്ഘാടനം

വിഴിഞ്ഞം ഇടവക അജപാലന സമിതിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച മോൺസിഞ്ഞോർ ജെയിംസ് അമാദോ ബൈബിൾ സ്കൂളിന്റെ പ്രവർത്തന ഉദ്ഘാടനം തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ റൈറ്റ് . റവ. ഡോ. ക്രിസ്തുദാസ് നിർവഹിച്ചു. വിഴിഞ്ഞം ഇടവക വികാരി ഫാ. വിൽഫ്രഡ് അദ്ധ്യക്ഷനായിരുന്നു. ബൈബിളിനൊരാമുഖം എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ലോറൻസ് കുലാസ് ക്ലാസ് നയിച്ചു. ഫാ, ജനിസ്റ്റൺ, ഇസാക് ജോൺ , ഇഗ്നേഷ്യസ് സ്റ്റീഫൻ, അംബ്രോസ് , സി: ലൂസിയ, എം. എസ് രാജൻ എന്നിവർ സംസാരിച്ചു.

# തിരുവനന്തപുരം ലത്തീൻ അതിരൂപത പരിസ്ഥിതിദിനം ആഘോഷിച്ചു

തിരുവനന്തപുരം അതിരൂപതയുടെ പരിസ്ഥിതിദിനാഘോഷത്തിന് ലത്തിൻ അതിരൂപത സഹായമെത്രാൻ ഡോ.ക്രിസ്തുദാസ്, മുൻമന്ത്രി മുല്ലക്കര രത്നാകരൻ എന്നിവർ ചേർന്ന് വൃക്ഷതൈ നട്ടുകൊണ്ട് തുടക്കം കുറിച്ചു.

വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ പാരീഷ് ഹാളിൽ നടന്ന പൊതുസമ്മേളനത്തിൽ ബിഷപ് ഡോ. ക്രിസ്തുദാസ് അദ്ധ്യക്ഷനായിരുന്നു. പരിസ്ഥിതി സംരക്ഷണത്തിന് നാം നമ്മുടെ ജീവിതക്രമം തന്നെ മാറ്റിയെടുക്കണമെന്നും ബിഷപ്പ് ആഹ്വാനം ചെയ്തു. മുല്ലക്കര രത്നാകരൻ എം.എൽ.എ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

പരിസ്ഥിതി ദിനാചരണത്തിന്റെ ഈ വർഷത്തെ ആപ്തവാക്യം പ്രകൃതിയോട് ഇണങ്ങി ചേർന്ന് നിൽക്കുക എന്നതാണെന്നും നമ്മുടെ വിദ്യാഭ്യാസം പ്രകൃതിയെക്കുറിച്ച് ആകണമെന്നും, ഇന്ന് മനുഷ്യൻ ചെയ്യുന്നതെല്ലാം പ്രകൃതിവിരുദ്ധമാണും മുല്ലക്കര രത്നാകരൻ പറഞ്ഞു. പ്രകൃതിയെ അനുകരിക്കുക എന്നത് ഒരുപാഠമാണ്. പ്രകൃതിയിൽ ഓരോ ജീവജാലങ്ങൾക്കും ജീവിക്കാനുള്ള അവകാശമുണ്ട്. പുതിയതലമുറയെങ്കിലും ഇത് മനസ്സിലാക്കാൻ തയ്യാറാകണം – അദ്ദേഹം തന്റെ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു.

പരിസ്ഥിതിമാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കുടുംബങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങളുടെ ലീഫ് ലെറ്റ് പരിസ്ഥിതി ചെയർമാൻ, മികച്ച കർഷകനായ ഞാണ്ടൂർക്കോണം സത്യനും, പുല്ലുവിള ഫെറോനയിൽ ആരംഭിക്കുന്ന 15 ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിന്റെ ആദ്യഗഡു തുക ബിഷപ് ഡോ.ക്രിസ്തുദാസ്, സെൻ കേരള ഡയറക്ടർക്ക് കൈമാറി. സാമൂഹ്യശുശ്രൂഷാ സമിതി ഡയറക്ടർ ഫാ. ലെനിൻരാജ്, കെ.എൽ.എം സംസ്ഥാന പ്രതിനിധി പാലപ്പൂർ രവി, കെ.എൽ.എം രൂപത ജനറൽ സെക്രട്ടറി ശ്രീലത കെ.ആർ എംകോർഡിനേറ്റർ അന്നറീറ്റ എന്നിവർ പ്രസംഗിച്ചു. പ്രസ്തുത പരിപാടിയോടനുബന്ധിച്ച് നാടൻപച്ചക്കറിപ്രദർശനവും വിപണനവും വൃക്ഷതൈ വിതരണവും നടന്നു. സാമൂഹ്യശുശ്രൂഷ സമിതി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബർക്കുമാൻസ് സ്വാഗതവും, കെ.എൽ.എം രൂപത പ്രസിഡന്റ് അഗസ്റ്റിൻ നന്ദിയും പറഞ്ഞു.



*തിരുവനന്തപുരം ലത്തീൻ അതിരൂപത പരിസ്ഥിതിദിനം ആഘോഷം വൃക്ഷത്തൈ നട്ട് മുല്ലകര രത്നാകരൻ ഉദ്ഘാടനം ചെയ്യുന്നു*

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ സഹായം വിതരണം ചെയ്തു

തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പള്ളിത്തുറ ഇടവകയിലെ സെന്റ് റോസാലിയ കോൺഫറൻസ് പള്ളിത്തുറ എച്ച്.എസ്.എസ് പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടുകൂടി നിർധനയായ മഞ്ചുവിന്റെ കുടുംബത്തിന് 7,35000 രൂപ മുടക്കി നിർമ്മിച്ചുനൽകിയ ഭവനത്തിന്റെ താക്കോൽ കോൺഫറൻസ് പ്രസിഡന്റ് സി.ലിജു ന്യൂട്ടന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ഇടവക വികാരി ഫാ. ജോൺ ബോസ്കോ മഞ്ചുവിന് നൽകി. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ആർ.സഖറിയാസ്, വൈസ് പ്രസിഡന്റ് ഡോൺ ബോസ്കോ, വാർഡ് കൗൺസിലർ പ്രജിത ജയകുമാർ, ജിജോ എന്നിവർ പ്രസംഗിച്ചു. ജോസ്ഫിൻ ജോയി, മേരി ജയ, മേരി റ്റൈറ്റസ്, കൊച്ചുത്രേസിയ സെബാസ്റ്റ്യൻ, മറിയ തോമസ്, പെട്രീഷ്യ രാജ് എന്നിവരാണ് ഭവന നിർമ്മാണത്തിന് നേതൃത്വം നൽകിയത്.

വലിയതുറ ഏരിയ കൗൺസിലിലെ സെന്റ് സേവിയേഴ്സ് കോൺഫറൻസ് 16-ാം വാർഷിക സമ്മേളനം. കോൺഫറൻസിന്റെ പ്രസിഡന്റ് സുജൻ സുരേഷിന്റെ അധ്യക്ഷതയിൽ ഡോ. ജോർജ്ജ് ഗോമസ് ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ.തോമസ് പാട്ടത്തിൻചിറ സന്ദേശം നൽകി. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാ സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റ് ഡോൺ ബോസ്കോ, വലിയതുറ ഏരിയ കൗൺസിൽ പ്രസിഡന്റ് സേസയ്യ, ഡി. വിൻസന്റ്, ആർ.വിജയ സെൽവൻ എന്നിവർ പ്രസംഗിച്ചു. എസ്എസ്എൽസിക്കും രൂപതാ മതബോധന പരീക്ഷയിലും ഉന്നതന്മാർക്ക് വാങ്ങിയ മിസ്. ബോബി. പിയ്ക്ക് മേഴ്സി സ്മാരക അവാർഡ് ഫാ. ജോർജ്ജ് ഗോമസ് നൽകി. തുടർന്ന് 12 തയ്യൽ മെഷീൻ, 17 സൈക്കിൾ, പത്തുസാധുക്കൾക്ക് ഫുഡ് കിറ്റ്, എ.തോമസ് സ്മാരക വിദ്യാഭ്യാസ സ്കോളർച്ചഷിപ്പ്, 30 കുട്ടികൾക്ക് നോട്ടുബുക്കും വിതരണം ചെയ്തു.



*വലിയതുറ സെന്റ് സേവ്യേഴ്സ് ഇടവകയിലെ കുടുംബങ്ങൾക്ക് തയ്യൽ മെഷീൻ, സൈക്കിൾ തുടങ്ങിയവ വിതരണം നടത്തി. ഫാ. ജോർജ് ഗോമസ്, ഫാ. തോമസ് പാട്ടത്തിൻചിറ, ആർ.സഖറിയാസ്, സൂജൻ സുരേഷ്, സെൽവൻ, വിൻസെന്റ് തുടങ്ങിയവർ സമീപം.*

പള്ളം സെന്റ് സേവ്യേഴ്സ് ഇടവകയിലെ സെന്റ് സേവ്യേഴ്സ് കോൺഫറൻസ് നിർദ്ധനരായ 50 കുട്ടികൾക്ക് നൽകിയ പഠനോപകരണങ്ങൾ ഇടവക വികാരി ഫാ. ആൻഡ്രൂസ് വിതരണം ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ആർ.സഖറിയാസ് ആശംസകൾ നേർന്നു. രത്തിനം നെറ്റോ കോൺഫറൻസ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

കടലാക്രമണം മൂലം തമിഴ്നാട് വള്ളവിള ഇടവകയിൽ ഭവനം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷണ സാധനങ്ങളും വസ്ത്രങ്ങളും വള്ളവിള ഇടവകയിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റി സെന്റ് നിക്കോളാസ് പുതിയതുറ, ഇമ്മാകുലേറ്റ് വഞ്ചിയൂർ സെന്റ് മാത്യു സൗത്ത് കൊല്ലംകോട് എന്നി കോൺഫറൻസുകൾ വള്ളവിള ഇടവകയിലെ ക്യാമ്പ് സന്ദർശിച്ച് കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്തു.




*തിരുവനന്തപുരം അതിരൂപതയിൽ തീരദേശ ഇടവകകളിൽ ആദ്യം സ്ഥാപിതമായ വലിയതോപ്പ് ലീജിൻ ഓഫ് മേരി പ്രസീദിയത്തിന്റെ 60-ാം വാർഷികം ആഘോഷിച്ചപ്പോൾ. ലീജ്യൻ അംഗങ്ങൾ ഇടവക വികാരിയോടൊപ്പം*

# വിശ്വാസോത്സവം സംഘടിപ്പിച്ചു

കഴക്കൂട്ടം: ഫാത്തിമമാതാ ഇടവകയിൽ ക്രിസ്തീയവിശ്വാസ ജീവിതപരിശീലന ക്ലാസുകൾക്ക് പെന്തക്കൊസ്ത ദിനമായ ജൂൺ 4 ന് തുടക്കം കുറിച്ചു. ഇടവക വികാരിയുടെ കാർമ്മികത്വത്തിൽ മതബോധന സമിതി നേതൃത്വം നൽകിയ ദിവ്യബലിക്കു ശേഷം വിശ്വാസോത്സവ സമ്മേളനത്തിൽ പ്രധാന അദ്ധ്യാപകൻ ഫ്രഡറിക് റ്റി പെരേര അദ്ധ്യക്ഷത വഹിച്ചു. വിശ്വാസോത്സവം തിരിതെളിച്ച് അതിരൂപതാ അജപാലന ശുശ്രൂഷാ ഡയറക്ടർ ഡോ. ലോറൻസ് കുലാസ് ഉദ്ഘാടനം ചെയ്തു.

ഓരോ മതബോധന വിദ്യാർത്ഥിയും യഥാർത്ഥ വഴി അറിയുന്നവരും, ആ വഴിയിലൂടെ സഞ്ചരിക്കുന്നവരും ആകണമെ ന്നും, വിദ്യാർത്ഥികളുടെ എല്ലാ മേഖലകളിലും മതാധ്യാപകർ അവരെ അനുധാവനം ചെയ്യുന്ന വർ ആയിരിക്കണമെന്നും തങ്ങളുടെ മക്കളെ ദൈവഭക്തിയിൽ വളർത്താൻ മാതാപിതാക്കൾ ദൈവാനുഭവമുള്ളവരായി മാറണമെന്നും അദ്ദേഹം പറഞ്ഞു.

ഇടവക വികാരി ഡി.തോമസ് അനുഗ്രഹപ്രഭാഷണം നടത്തി. ഓരോ മക്കൾക്കും ദൈവത്തെ അറിയാനും, അനുഭവിക്കാനും സാധിക്കുന്നതാകണം മതബോധനമെന്നും, മാറുന്ന കാലഘട്ടത്തിൽ മാതാപിതാക്കളും, മതാദ്ധ്യാപകരും ഇതിലേക്കായ് കൂടുതൽ കരുതലോടെ നീങ്ങണമെന്നും അദ്ദേഹം പറഞ്ഞു. സിസ്റ്റർ രഞ്ചു, ജോൺസക്കറിയ, ജാൻസി ജോസഫ് എന്നിവർ പ്രസംഗിച്ചു.



*കഴക്കൂട്ടം ഫാത്തിമ മാതാ ഇടവക വിശ്വാസോത്സവം അതിരൂപതാ അജപാലന ശുശ്രൂഷാ ഡയറക്ടർ ഡോ. ലോറൻസ് കുലാസ് ഉദ്ഘാടനം ചെയ്യുന്നു*



*വിഴിഞ്ഞം ഇടവകയിൽ ആരംഭിച്ച മോൺ ജെയിംസ് അമ്മാദോ ബൈബിൾ സ്കൂളിന്റെ ഉദ്ഘാടനം ബിഷപ്പ് ഡോ. ക്രിസ്തുദാസ് നിർവഹിക്കുന്നു*



*മിഷൻകോൺഗ്രസ് - ബിസിസികൺവെൻഷൻ, തിരുവനന്തപുരം അതിരൂപത മുന്നൊരുക്ക പരിപാടിയിൽ കെആർഎൽസിസി പ്രതിനിധി ഫാ.തോമസ് തറയിൽ സംസാരിക്കുന്നു.*


## കൗൺസിലിംഗ് സൈക്കോളജിയിൽ സർട്ടിഫിക്കറ്റ് കോഴ്സ്

തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുംബശുശ്രൂഷയുടെ കീഴിൽ കൗൺസിലിംഗ് കോഴ്സ് ആരംഭിക്കുന്നു..

കേന്ദ്ര- കേരള സർക്കാരുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് റിസോഴ്സ് സെന്റർ (SRC) 6 മാസത്തെ ദൈർഘ്യമുള്ള കൗൺസിലിംഗ് സൈക്കോളജി സർട്ടിഫിക്കറ്റ് കോഴ്സ് (Certificate Coure in Counsel-ling Psychology) ആണ് ആരംഭിക്കുന്നത്.

മനുഷ്യപ്രകൃതത്തെ ശാസ്ത്രീയമായി അറിഞ്ഞ്, വ്യക്തികളെയും സമൂഹത്തെയും ഗുണമേന്മയുള്ള ജീവിതനിലവാരത്തിലേക്ക് ഉയർത്താനും, ഒരു തൊഴിൽ കരസ്ഥമാക്കാനും ഉതകുന്ന ഒരു ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് നേടാനുള്ള ഒരു സുവർണ്ണാവസരമാണിത്.

+2 പാസായിട്ടുള്ള ഉദ്യോഗാർത്ഥികൾ, വീട്ടമ്മമാർ, ബി.സി.സി ഭാരവാഹികൾ, മതബോധനാധ്യാപകർ, ഭക്തസംഘടനാ ഭാരവാഹികൾ, അദ്ധ്യാപകർ, സന്യസ്തർ, വിരമിച്ച ഉദ്യോഗസ്ഥർ, സാമൂഹികസേവകർ, കുടുംബശ്രീ ഭാരവാഹികൾ, എന്നിവർക്ക് ഈ കോഴ്സിന് ചേരാവുന്നതാണ്. 2017 ജൂലൈ 15 ന് ആരംഭിക്കുന്ന കോഴ്സിന്റെ ഫീസ് 6500/- രൂപയാണ്

*കൂടുതൽ വിവരങ്ങൾക്കും പ്രോസ്പെക്ടസിനും :*

സൈക്കോ - സ്പിരിചൽ സെന്റർ
കുടുംബപ്രേഷിത ശുശ്രൂഷ ജൂബിലി ആനിമേഷൻ സെന്റർ
ആർച്ച് ബിഷപ്സ് ഹൗസ് കോമ്പൗണ്ട്,
പോസ്റ്റ് ബോക്സ് നമ്പർ : 828, വെള്ളയമ്പലം 695003
**ഫോൺ : 8156977040, 8281123941**



# നീർച്ചാലുകൾ

## ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 14-ാം ഞായർ (ജൂലൈ 9)

# അദ്ധ്വാനിക്കുന്നവർക്കൊരു സദ്വാർത്ത

സഖ. 9: 9-10 | റോമ. 8: 9.11-13, | മത്ത. 11:25-30



ഈശോയുടെ വാത്സല്യപൂർവ്വമായ ക്ഷണമാണ്; 'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ നിങ്ങൾ എന്റെയടുക്കൽ വരുവിൽ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം' എന്നത്.

തെരുവു ഗായികയായിരുന്നു അവൾ. അവളുടെ വശ്യമായ ശബ്ദമാധുര്യവും ശ്രുതിലയവും കേട്ട് ആൾക്കൂട്ടം അഭിരമിച്ചിരിക്കവേയാണ് വിധി പെട്ടെന്ന് അവളെ തളർത്തികളഞ്ഞത്. പാടിമുഴിപ്പിക്കാനാവാതെ ഇടറുന്ന കണ്ഠത്തോടെ നിസ്സഹായയായി നിന്ന അവളെ നോക്കിനിന്നവർ പരിഹസിക്കാനും കൂകിവിളിക്കാനും തുടങ്ങിയപ്പോൾ അവളുടെ മകൻ അവരെ സ്നേഹപൂർവ്വം ക്ഷണിച്ചുകൊണ്ട് പറഞ്ഞു, "ഇനി ഞാൻ ചില അഭ്യാസ പ്രകടനങ്ങൾ കാഴ്ചവയ്ക്കാം" അങ്ങനെ അവന്റെ ക്ഷണം സ്വീകരിച്ച് നിശബ്ദരായവരെയെല്ലാം ആ കൊച്ചുമിടുക്കൻ നിമിഷനേരം കൊണ്ട് ചെപ്പടിവിദ്യകൾ കാണിച്ച് അമ്പരിപ്പിക്കുകയും അവരുടെ ഹൃദയങ്ങളിൽ ചിരിയുടെ വർണവസന്തം തീർക്കുകയും ചെയ്തു. ആ കൊച്ചുമിടുക്കനാണ് പിന്നീട് ലോകം കണ്ടതിൽവച്ച് ഏറ്റവും വലിയ കൊമേഡിയനായ ചാർലി ചാപ്ലിൻ.

സ്വർഗരാജ്യത്തിലേക്ക് നമ്മെ ക്ഷണിക്കാനാണ് ക്രിസ്തു മനുഷ്യാവതാരം എടുത്തത്. അവന്റെ ഓരോ വാക്കിലും പ്രവർത്തിയിലും ഈ ക്ഷണം തന്നെയാണ് നിഴലിച്ചിരുന്നത്. പുതിയ നിയമത്തിലെ ഓരോ സംഭവവും ക്രിസ്തുവിന്റെ സ്വർഗരാജ്യത്തെക്കുറിച്ചുള്ള ക്ഷണക്കത്തായി വായിച്ചെടുക്കാവുന്നതാണ്.

കടൽത്തിരമാലകളോട് പടവെട്ടി ജീവിച്ചിരുന്ന പത്രോസിനെയും കൂട്ടരെയും അവൻ ശിഷ്യത്വത്തിലേക്ക് ക്ഷണിച്ചില്ലേ... ജീവിത വഴികളിൽ ഇടറിപ്പോയ പാപിനിയായ സ്ത്രീയെ അവൻ നിത്യസ്നേഹത്തിലേക്ക് തിരികെ ക്ഷണിച്ചില്ലേ.. ജീവിത നന്മകളിൽ നിന്നും ഒളിച്ചോടിയവരെ അവൻ രക്ഷയുടെ ഭവനത്തിലേക്ക് ക്ഷണിച്ചില്ലേ... ഇരുളിന്റെ രാവിലേക്ക് വീണുപോയ അന്ധയാചനെ അവൻ കാഴ്ചയുടെ ലോകത്തിലേക്ക് ക്ഷണിച്ചില്ലേ... കുറ്റഭാരത്താൽ നൊന്തുനീറിയ കള്ളനേയും തന്റെ കൂടെ പറുദീസയിലേക്ക് അവൻ ക്ഷണിച്ചില്ലേ...

ക്രിസ്തു നമ്മെയും ക്ഷണിക്കുന്നുണ്ടെന്ന തിരിച്ചറിവാണ് നമുക്കിന്ന് ഏറെ ആവശ്യം. ക്രിസ്തു സ്നേഹപൂർവ്വം ക്ഷണിച്ച എത്രയെത്ര സന്ദർഭങ്ങളുണ്ട് നമ്മുടെയെല്ലാം നിത്യജീവിതത്തിൽ. അവൻ സ്നേഹപൂർവ്വം ക്ഷണിച്ചില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ, ഞാനും നീയും ഇന്ന് ഈ ഭൂമുഖത്ത് പോലും ഉണ്ടാകുമായിരുന്നില്ല. ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ ചെയ്യുന്നത് മറ്റൊന്നല്ല. വാത്സല്യപൂർവ്വമായ ക്ഷണമാണ്; 'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ നിങ്ങൾ എന്റെയടുക്കൽ വരുവിൽ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'



എന്ന്.

ഈ ഒരു വചനം നാം വായിക്കുമ്പോൾ ഒരുകാര്യം വളരെ സുതാര്യമാണ്. അലസന്മാരെ അല്ല, അദ്ധ്വാനിക്കുന്നവരെയാണ് അവൻ ആശ്വാസതീരത്തേക്ക് ക്ഷണിക്കുക.

പ്രകൃതിയിലെ ശ്രേഷ്ഠനായ, മുഖ്യനായ മനുഷ്യൻ ദൈവത്തിന്റെ കർമ്മങ്ങളുടെ കാര്യസ്ഥനാണ്. ഓരോ മനുഷ്യജന്മവും ഒരുപാട് നിയോഗങ്ങളുടെ പൂർത്തീകരണ ദൗത്യവുമായിട്ടാണ് ഈ ലോകത്തിലേക്ക് വന്നിരിക്കുന്നത്. അച്ഛനും അമ്മയ്ക്കും കുഞ്ഞിനും കുടുംബത്തിൽ നിറവേറ്റാൻ വ്യത്യസ്തങ്ങളായ ദൗത്യങ്ങളുണ്ട്. ഏതെങ്കിലും ഒരു വ്യക്തി തന്റെ കർമ്മത്തിൽ നിന്ന് അകന്നുനിൽക്കുമ്പോൾ അതിന്റെ കുറവ് കുടുംബത്തിലെ എല്ലാവരും അനുഭവിക്കേണ്ടിവരും. അതുകൊണ്ടുതന്നെ ഓരോരുത്തരും അദ്ധ്വാനശീലം ഉള്ളവരായിത്തീരണം.

പശുവിനെ കറക്കുന്ന ജോലിയുള്ള ഒരാൾ കരുതി, ഒരു ദിവസം പണിമുടക്കാം, ഇന്ന് ജോലിക്ക് പോകേണ്ട എന്ന്. അയാൾ രാവിലെ പത്രം വായിക്കാനായി ചെന്നപ്പോൾ പത്രമില്ല. അന്വേഷിച്ചപ്പോൾ മനസ്സിലായി, പത്രം കൊണ്ടുവരുന്ന പയ്യൻ പണിമുടക്കിലാണെന്ന്. എന്നാൽ പിന്നെ അടുക്കളയിൽ പോയി ഒരു കപ്പ് ചായ കുടിക്കാം എന്ന് കരുതിയപ്പോൾ അയാളുടെ ഭാര്യ പറഞ്ഞു: "ഞാനിന്ന് പണി മുടക്കിയിരുന്നതു കാരണം ചായ ഉണ്ടാക്കിയിട്ടില്ല." എന്നാൽ പിന്നെ കടയിൽ പോയി ഒരു കപ്പ് ചായ കുടിക്കാം എന്ന് കരുതി ചെന്നപ്പോൾ പാലുകാരൻ പണിമുടക്കായതുകൊണ്ട് ചായക്കട തുറന്നില്ലെന്ന്. ഇത് ഒരു നിസാര സംഭവമാണെങ്കിലും ഓരോരുത്തരുടെയും ദൗത്യങ്ങൾ എത്ര മഹത്തരമാണെന്ന തിരിച്ചറിവോടെ അയാൾ വീട്ടിലേക്ക് മടങ്ങി.

ഈ ഒരു വചനം നൽകുന്ന മറ്റൊരു ചിന്ത: "നമ്മുടെ അനുദിന കർത്തവ്യങ്ങളിൽ നിന്നുമാണ് അവൻ നമ്മെ വിളിക്കുന്നത്" എന്നുള്ള സത്യമാണ്. നാം ആയിരിക്കുന്ന അവസ്ഥയിലെ സാഹചര്യങ്ങൾ പ്രതികൂലമായാലും അനുകൂലമായാലും അദ്ധ്വാനിക്കുന്നതിൽ നിന്നും നാം നിരുത്സാഹികളാകരുത്. കർമ്മങ്ങളുടെ വിജയത്തിൽ കൈയടികൾ ലഭിച്ചില്ലായിരിക്കാം. വിമർശനങ്ങളുടെ കൂരമ്പുകൾ ആഴ്ന്നിറങ്ങിയേക്കാം. ഓർക്കുക: അദ്ധ്വാനം വിശുദ്ധമാണ്. വിശുദ്ധിയോടെ നിർവഹിക്കുവാൻ, പ്രതീക്ഷയോടെ ദൈവം ഭരമേൽപ്പിച്ചതാണവ. നിങ്ങൾ ചെയ്യുന്ന അദ്ധ്വാനം നിങ്ങൾ ചെയ്യുന്നതുപോലെ മറ്റൊരാൾക്ക് ചെയ്യാനാകില്ല. ഒരു വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുന്ന കഴിവുകളല്ല മറ്റൊരു വ്യക്തിയിലുള്ളത്. ചില അദ്ധ്വാനങ്ങൾ ചെയ്യാൻ വളരെ ചുരുക്കംപേർക്കു മാത്രം പ്രത്യേക നൈപുണ്യം ലഭിക്കുന്നു. ഇത്തരം ദാനങ്ങളെ നന്ദിയോടെ സ്വീകരിച്ച് ദാതാവിന്റെ ഉദ്ദേശ്യത്തെ പൂർത്തീകരിക്കുവാനുള്ള ഉൾക്കാഴ്ചയും ഉണർവുമാണ് ആർജ്ജിച്ചെടുക്കുന്നത്.

ശരീരം ക്ലേശിക്കുന്ന ഒരു പ്രവർത്തിയായി അദ്ധ്വാനത്തെ നമ്മിൽ പലരും കാണുന്നതുകൊണ്ടാണ് അദ്ധ്വാനത്തിലെ ദൈവീകതയെ നമുക്ക് കാണാൻ സാധിക്കാത്തത്. ചെയ്തുതീർക്കുന്ന ചെറുതും വലുതുമായ കാര്യങ്ങൾ യജമാനനോട് വിശ്വസ്തത പുലർത്തുന്ന ദാസനെന്ന തിരിച്ചറിവോടെ നാം അദ്ധ്വാനിച്ചാൽ നിരുന്മേഷജനകമായ സാഹചര്യങ്ങൾ ആയാലും കർമ്മങ്ങൾ അഭിനന്ദനാർഹങ്ങളായി ഭവിക്കും.

ഖലീൽ ജിബ്രാൻ പറയുന്നു: 'അദ്ധ്വാനിക്കുമ്പോൾ നിങ്ങളൊരു പുല്ലാംകുഴൽ. അതിന്റെ ഹൃദയത്തിലെ വിനാഴികകളിലൂടെ ആ മന്ത്രണങ്ങൾ സംഗീതമായി ഒഴുകുന്നു.' എന്നാണ്.

ഈ വചനം നൽകുന്ന മറ്റൊരു ചിന്ത; ജീവിതത്തിന്റെ അദ്ധ്വാനഭാരവും ക്ലേശവും നീ ഇറക്കിവയ്ക്കേണ്ടത് രക്ഷകന്റെ സന്നിധിയിലാണെന്ന വസ്തുത. കാൽനട മാത്രം ഉണ്ടായിരുന്ന കാലത്ത് ഭാരം കൊണ്ടുപോകുന്നവർ വഴിയരികിലെ ചുമടുതാങ്ങിയെ, അത്താണിയെ ആശ്രയിക്കുന്ന ആ മനോഭാവം നമുക്കും വേണം. നിന്റെ ജീവിതത്തിന്റെ ഭാരം താങ്ങുന്ന ചുമടുതാങ്ങിയാണ് അവിടുന്ന്.

ഈ വചനത്തിന്റെ പൊരുളുകൾ നമുക്കും സ്വീകരിക്കാം. അവൻ ഈ വചനത്തിലൂടെ നമ്മെ ക്ഷണിക്കുകയാണ്. അവന്റെ ക്ഷണം സ്വീകരിക്കാതെയും ആ ക്ഷണത്തിന് കാതോർക്കാതെയും നമുക്കെത്ര നാളിങ്ങനെ സ്വസ്ഥമായി വ്യാപാരിക്കാനാവും.

സക്കേവൂസ് അവന്റെ ക്ഷണം സ്വീകരിച്ച് ആ മരത്തിന്റെ മുകളിൽ നിന്നും തിടുക്കത്തിൽ ഇറങ്ങിവരുന്നതുപോലെ നമുക്ക് ചില ഒളിത്താവളത്തിൽ നിന്നും ഇറങ്ങി അവന്റെ സ്നേഹപൂർവ്വമായ ക്ഷണം സ്വീകരിക്കാം. മത്തായിയുടെ സുവിശേഷം 22-ാം അധ്യായത്തിൽ ഒന്നുമുതൽ 14 വരെയുള്ള തിരുവചനങ്ങൾ ഈ ക്ഷണം സ്വീകരിക്കാത്തവർക്ക് സംഭവിക്കുന്ന അനർത്ഥങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രിയ സഹോദരാ, നിന്റെ അദ്ധ്വാനത്തിനിടയ്ക്ക് ദൈവം നിന്നെ പലപ്പോഴും വിളിക്കുന്നുണ്ട്. നിനക്ക് ആശ്വാസം തരാനും നിന്നെ ആശ്വസിപ്പിക്കുവാനും. അവന്റെ ക്ഷണത്തിന് നീ ''അതെ'' എന്ന് പറഞ്ഞാൽ. സ്വർഗവും സ്വർഗരാജ്യവും നിന്റെ സമീപം ഉണ്ടാകും, തീർച്ച.

ആണ്ടുവട്ടം 15-ാം ഞായർ (ജൂലൈ 16)

# നൂറുമേനി വിളയിക്കാൻ നിന്റെ മനസ്സ് പാകമാണോ ?

ഏശ. 55:10-11 | റോമ. 8: 12 -23 | മത്താ. 13 : 1-23



കർത്താവിന്റെ വചനം ഫലരഹിത മായി മടങ്ങില്ല. ശൂന്യതയിൽനിന്ന് കർത്താവിന്റെ വചനമാണ് എല്ലാം സൃഷ്ടിച്ചത്. നല്ല വാക്കുകൾ സംസാരിക്കാൻ കഴിയട്ടെ.

കർത്താവിന്റെ വചനം ഫലരഹിതമായി മടങ്ങില്ല. ശൂന്യതയിൽനിന്ന് കർത്താവിന്റെ വചനമാണ് എല്ലാം സൃഷ്ടിച്ചത്. നല്ല വാക്കുകൾ സംസാരിക്കാൻ കഴിയട്ടെ.

-------------

വരുവാനിരിക്കുന്ന ദൈവമഹത്വത്തിൽ പ്രത്യാശവയ്ക്കുമ്പോൾ ദൈവപുത്ര സ്ഥാനം നേടാനിരിക്കെ മാനുഷിക കഷ്ട പ്പാടുകൾ നിസാരമാണ്. കാരണം നമ്മൾ ദൈവമക്കൾ എന്നുവിളിക്കപ്പെടും. നമ്മൾ ദൈവമക്കൾ തന്നെയാണ്.

-------------

വിത്ത് കർത്താവിന്റെ വചനവും കർത്താവ് വിതക്കാരനും മനുഷ്യ ഹൃദയം നല്ല നിലവുമാണ്. നൂറുമേനി ഫലമുണ്ടാകാൻ പ്രാർത്ഥിക്കാം. വചനം യേശുവാണ്. യോഹ. 1:14 ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവമായിരുന്നു. ആ വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. 1 തെസ. 2:13 'ഞങ്ങളിൽ നിന്ന് നിങ്ങൾ ശ്രവിച്ച ദൈവവചനം മനുഷ്യരുടെ വചനമായിട്ടല്ല, പിന്നെയോ, വിശ്വാസികളായ നിങ്ങളിൽ പ്രവർത്തിക്കുന്ന യഥാർത്ഥ ദൈവത്തിന്റെ വചനമായിട്ടാണ് നിങ്ങൾ സ്വീകരിച്ചത്." വിതക്കാരന്റെ ഉപമയിലെ വചനം ദൈവത്തിന്റെ വചനം തന്നെയാണ്. എന്നാൽ നിലം വ്യത്യസ്ഥമാണ്. ഒരു വിത്തുപോലും നഷ്ടമാകരുതെന്നും, എല്ലാ വിത്തുക്കളും ഫലംചൂടണമെന്നാണ് വിതക്കാരന്റെ മനസ്സ്. വിത്തുപേറുന്ന ചാക്കുപൊത്തു പോകാം, വിതറുന്ന വിത്തിന്റെ ഏറ് മാറിപ്പോകാം. മനസ്സുകൾ എല്ലാം സുമനസ്സുകൾ ആകണമെന്നില്ലല്ലോ.

ഈ ഉപമ വായിക്കുമ്പോൾ ചോദ്യങ്ങൾ ധാരാളം വരാം. കാരണം ദൈവമല്ലേ വിതച്ചത്? ദൈവത്തിന് അറിയില്ലേ? എല്ലാം പാകപ്പെടേണ്ടതല്ലേയെന്ന്? എന്തേ ഇങ്ങനെ? നമ്മുടെ ചില ഭവനങ്ങളിൽ ഒരു ചിത്രം- ഇങ്ങനെ: ഈശോ, ആട്ടിടയന്റെ അജപാലനവടിയും പിടിച്ച് ഒരു റാന്തൽ വിളക്കുമായി കതകിന്റെ പുറത്തുനിന്ന് കൈകൊണ്ട് മുട്ടുന്നു. ആ ചിത്രം കണ്ട ആനി അമ്മയോട് ചോദിച്ചു " എന്താ ഈശോ പുറത്തുനിന്ന് വാതിലിൽ മുട്ടുന്നത്. ലാസറിനെ കല്ലറയിൽ നിന്നും ജീവിതത്തിലേക്ക് കൊണ്ടുവന്ന ആളല്ലേ? വാതിൽ തുറന്ന് ഈശോയ്ക്ക് അകത്ത് പ്രവേശിച്ചുകൂടേ? അമ്മ മകളെ തിരുത്തി. ഇല്ല മോളെ വീടിനകത്തുനിന്നും കുറ്റിയിട്ടിരിക്കുന്നതിനാൽ അകത്തുള്ളവൻ തുറന്നു കൊടുത്താലല്ലേ അകത്തുകയറുവാൻ സാധിക്കുകയുള്ളൂ, അതെ. വീട്ടിനകത്തിരിക്കുന്നവന്റെ മനോഭാവം ഏറെ പ്രധാനമാണ്. വാതിൽ അടഞ്ഞുകിടക്കുമ്പോൾ അത് മതിലായിമാറും. വാതിൽവാ ഇതിലെ അതൊരു തുറവിയാണ്.

എന്നാൽ ഇന്നത്തെ ഉപമയിൽ സംഭവിക്കുന്നത് ചില വിത്തുകൾ വഴിയരികിൽ വീണു, പക്ഷികൾ വന്ന് അതു തിന്നു. മുളയ്ക്കാൻ പോലും അനുവദിച്ചില്ല. ചിലത് പാറപ്പുറത്തുവീണു. വെയിലേറ്റുവാടി കരിഞ്ഞുപോയി. മുളച്ചുവരാൻ സമ്മതിച്ചില്ല. ചിലത് മുൾച്ചെടികൾക്കിടയിൽ വീണു. മുൾച്ചെടികൾ വളർന്നു, ഞെരുക്കിക്കളഞ്ഞു. മുളച്ചു, വളർന്നു, ഫലം ചൂടാൻ സമ്മതിച്ചില്ല. എന്നാൽ നല്ലനിലത്തു വീണതുമാത്രമേ ഫലം നൽകിയുള്ളൂ. ദൈവത്തിന്റെ സ്നേഹത്തിന്റെ കൃപ നഷ്ടപ്പെടുത്തുന്നത് ജീവിതവ്യഗ്രത, സ്വാർത്ഥത, കൊതി, ജീവിതക്ലേശം, ധനമോഹം, അവിശ്വസ്തത തുടങ്ങി നൂറുകാര്യങ്ങൾ പറയാൻ ഉണ്ടാകും. എന്നാൽ ഈശോയുടെ ഒരുവചനം "നീ ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവ് നഷ്ടപ്പെട്ടാൽ അതുകൊണ്ട് എന്തുപ്രയോജനം?" ആത്മാവിനുപകരമായി നീ എന്തുകൊടുക്കും?

ഹൃദയം കഠിനമാക്കിയ ജനം കണ്ണ് ഉണ്ടായിട്ടും കാണുന്നില്ല, ചെവി ഉണ്ടായിട്ടും കേൾക്കുന്നില്ല. ഹൃദയം ഉണ്ടായിട്ടും മനസ്സിലാക്കുന്നില്ല. നമ്മുടെ ദൈവം

സംസാരിക്കുന്ന ദൈവമാണ്. ആദ്യമാതാപിതാക്കളോട് സംസാരിച്ചതായി നാം വായിക്കുന്നു. നോഹയോടും ആബ്രഹാത്തിനോടും മോസസിനോടും സംസാരിച്ചവനാണ്. ഹെബ്രായാ ലേഖനം പറയുന്നു 1:1-2 ''പൂർവകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധഘട്ടങ്ങളിലും വിവിധരീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു."

സങ്കീർത്തകൻ (115:5-7) നമ്മെ അനുസ്മരിപ്പിക്കുന്നു: കർത്താവ് മാത്രമാണ് ദൈവം, മനുഷ്യന്റെ കരവേലയായ വിഗ്രഹങ്ങൾക്ക് സ്വർണവും വെള്ളിയുമാണ്. അവയ്ക്ക് വായുണ്ട് മിണ്ടുന്നില്ല, കണ്ണുണ്ട്, എന്നാൽ കാണുന്നില്ല. കാതുണ്ട് എന്നാൽ കേൾക്കുന്നില്ല, മണക്കുന്നില്ല. കൈയുണ്ട്, സ്പർശിക്കുന്നില്ല. കാലുണ്ട്, നടക്കുന്നില്ല. വിലകുറഞ്ഞ പ്രതിമകളാകാതെ ദൈവത്തിന്റെ മക്കളായി ജീവിച്ച് നൂറുമേനി അറുപതുമേനി വിളവുനൽകുവാൻ ജഗദീശ്വരൻ നമ്മെ അനുഗ്രഹിക്കട്ടെ!

ആണ്ടുവട്ടം 16-ാം ഞായർ (ജൂലൈ 23)

# അപ്പത്തിന്റെ മുഖമുള്ള ദൈവം

ജ്ഞാനം 12 : 13, 16-19 | റോമ 8: 26 - 27 | മത്ത. 13 : 24 - 43



നിശബ്ദയായി പണിയെടുക്കുന്നവളാണ് സ്ത്രീ. മാവിലുള്ള പുളിപ്പിന്റെ സാന്നിദ്ധ്യം പോലെ നിശബ്ദമാണ്. അല്പം പുളിപ്പിനാൽ അത് മാവിനെ രൂപമാറ്റം വരുത്തുന്നു. അത് പുളിച്ച് പൊന്തുന്നു. പുളിപ്പ് വളരുന്നില്ല. വ്യാപിക്കുകയാണ്.

മറ്റുള്ളവരുടെ സഹനത്തിൽ നാം ചലിപ്പിക്കപ്പെടുമ്പോൾ ദരിദ്രരുടെ വിലാപം കേൾക്കുവാനുള്ള കടമ നമ്മിൽ സമൂർത്തമാകും. സഭാപിതാക്കന്മാരുടെ ഒരു ചിന്ത "നാം അഗ്നിയിൽ നിന്നുള്ള അപകടത്തിലാണെങ്കിൽ തീർച്ചയായും അഗ്നികെടുത്താൻ വെള്ളത്തിലേക്ക് ഓടും. അതുപോലെ പാപത്തിന്റെ തീപ്പൊരി നമ്മുടെ വയ്ക്കോലിൽനിന്ന് ഉയരുന്നെങ്കിൽ അതുമൂലം നാം അസ്വസ്ഥരാകുന്നുവെങ്കിൽ, കാരുണ്യത്തിന്റെ ഒരു പ്രവൃത്തിചെയ്യാൻ അവസരം കിട്ടുമ്പോഴെല്ലാം അഗ്നികെടുത്താൻ വേണ്ടി ഒരു ഉറവ പൊട്ടിപ്പുറപ്പെട്ടാലെന്നപോലെ നാം സന്തോഷിക്കണം". ജ്ഞാനത്തിന്റെ പുസ്തകത്തിൽ നാം കാണുന്നത് അപ്പത്തിന്റെ മുഖമുള്ള ദൈവത്തെയാണ് . സഹോദരങ്ങളുടെ മേൽ സ്നേഹത്തിന്റെ പരമാധികാരം നമുക്കുണ്ടെങ്കിലേ അവനോട് കാരുണ്യം കാണിക്കാനാകൂ.

എല്ലാ കുടുംബജീവിതവും കാരുണ്യത്തിലുള്ള ആടുമേയ്ക്കലാണെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു. ആടുകളുടെ വിശപ്പറിയാതെ പോകരുത്. കുടുംബാംഗങ്ങൾക്ക് അന്നം കൊടുക്കുവാൻ അപ്പന് ഉത്തരവാദിത്വമുണ്ട്. മക്കൾക്ക് പ്രത്യാശയും വിശ്വാസവും പകർന്നു നല്കുവാൻ മാതാപിതാക്കൾക്ക് കടമയുണ്ട്. "ഞാൻ നിനക്ക് എന്തുചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്" (മാർക്ക് 10: 51) എന്ന യേശുവിന്റെ കരുണാപ്രവാഹമാർന്ന വചസ്സിനു മുമ്പിൽ സ്വർഗരാജ്യത്തിന്റെ മുഴുവൻ നിക്ഷേപവും സമർപ്പിക്കപ്പെടുന്നു. നിങ്ങളുടെ നിലങ്ങളിൽനിന്ന് വിളവ് ശേഖരിച്ച വേലക്കാർക്ക് കൊടുക്കാതെ പിടിച്ചുവച്ച കൂലി ഇതാ, നിലവിളിക്കുന്നു( 1 യാക്കോ. 5: 4). കാരുണ്യത്തിന്റെ ദൃശ്യ അടയാളം അപ്പംതന്നെയാണ്. "നിങ്ങൾ മേദസ്സു ഭക്ഷിക്കുകയും രോമം കൊണ്ടുള്ള വസ്ത്രം ധരിക്കുകയും കൊഴുത്തതിനെ കൊല്ലുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ ആടുകളെ പോറ്റുന്നില്ല" (എസെ. 34:3). തടിച്ചുകൊഴുത്ത ഇടയന്റെയും മെലിഞ്ഞ ആടുകളുടെയും സഭയല്ല നമുക്കുവേണ്ടത്. തന്റെ ദാരിദ്ര്യംകൊണ്ട് നമ്മെ സമ്പന്നരാക്കാൻ നമുക്കുവേണ്ടി ദരിദ്രനായി മരിച്ച ക്രിസ്തുവിന്റെ മുഖമാണ് നമുക്കുവേണ്ടത്. സമ്പന്നർക്ക് ദരിദ്രരോട് ആർദ്രതയും ഉപവിയുമുണ്ടാകണം. തെറ്റുകൾക്ക് മൃദുലശിക്ഷനല്കുന്നവനാണ് ദൈവം. നമ്മുടെ പിഴവുകളിൽ നമ്മെ ശിക്ഷിക്കുമ്പോഴും അവിടത്തെ സ്നേഹം അതിൽ ഒളിഞ്ഞിരിപ്പുണ്ട്. മൃദുലശിക്ഷയാണെന്ന് കരുതി നമുക്ക് നമ്മുടെ കടമകൾ മറക്കാതിരിക്കാം.

നാം പടുത്തുയർത്തേണ്ട ദൈവരാജ്യം എപ്രകാരമുള്ളതാണ് എന്ന് ഉപകളിലൂടെ യേശു പഠിപ്പിക്കുന്നു.

മത്തായിയുടെ സുവിശേഷത്തിലെ 13-ാം അധ്യായത്തിലെ ആദ്യ നാലു ഉപമകൾ യേശു കടൽത്തീരത്തെ ജനക്കൂട്ടത്തോട് പറഞ്ഞതാണ്. അവസാനത്തെ മൂന്നെണ്ണം ഭവനത്തിൽവച്ച് ശിഷ്യന്മാരോട് പറഞ്ഞതാണ്. കളകളുടെ ഉപമയിൽ കളകൾ താനെ കിളിർത്തതല്ല. അവ ശത്രുവിതച്ചതാണ്. ലോകം പൂർണമായി വിശുദ്ധമല്ല. അഴിമതിയുടെയും ദ്രവ്യാഗ്രഹത്തിന്റെയും സ്വാർത്ഥതയുടെയും നിലങ്ങൾ ഇന്ന് സജീവമാണ്. വെട്ടിപ്പിടിക്കുവാനും സ്വന്തമാക്കുവാനുമുള്ള സ്വാർത്ഥത പെരുകുമ്പോൾ സന്മാർഗവും വിശുദ്ധിയും ത്യാഗവും മനുഷ്യമനഃസാക്ഷിയിൽനിന്ന് പടിയിറങ്ങിപ്പോകുന്നു. ഈ ലോകത്തോട്, അതിന്റെ വഞ്ചനാപൂർണമായ വ്യവസ്ഥിതികളോട് പോരാടിത്തന്നെയാണ് വിശ്വാസികൾ വിജയം കൈവരിക്കേണ്ടത്. പുതിയ മുളകൾ ഓരോരുത്തരുടെയും മാനസാന്തരത്തിന്റെ പുതുജീവിതമാണ്.

ക്രിസ്തുശിഷ്യർ എണ്ണത്തിൽ കുറവാണ്. ദൈവരാജ്യത്തിന്റെ പോരാളികൾ കടുകുമണിപോലെ ചെറുസംഘമാണ്. ലോകം മദ്യത്തെ മഹത്വവത്ക്കരിക്കുന്നു. കോർപ്പറേറ്റ് ലോകം മനുഷ്യനെ തങ്ങളുടെ കമ്പോളലോകത്തിന്റെ വലയിലാഴ്ത്തുന്നു. പണത്തിന്റെ വിപണിയാണ് മനുഷ്യന്റെ ആരാധനാലയം. ഈ ഇരപിടി ലോകത്തിന്റെ ഭ്രമങ്ങളിൽ മനുഷ്യൻ നിറമുള്ള സ്വപ്നങ്ങൾ കാണുന്നു. ഈ മായിക വിസ്മയങ്ങൾക്ക് നടുവിലാണ് ദൈവരാജ്യത്തിന്റെ സത്തയിലേക്ക് മനുഷ്യനെ നാം നയിക്കേണ്ടത്. ദൈവരാജ്യത്തിന്റെ ആകർഷണീയതയാണ് പക്ഷികൾ ചേക്കേറുന്ന മരം. വേരുകൾ വെന്ത്, കൊമ്പുമുറിഞ്ഞ മരം പക്ഷികൾക്ക് അഭയമാകില്ല. സഭയുടെ നിർമിതികളിൽ കൊമ്പുമുറിഞ്ഞ മരങ്ങളുണ്ടോ? അജഗണങ്ങളാകുന്ന പക്ഷികളെ ശൂന്യതയിൽ പറക്കാൻ വിട്ടാൽ അവ ഏതേതു ദിക്കുകളിൽ പോകുമെന്ന് നമുക്കറിയില്ല. ഭവനത്തിന്റെ കൊമ്പ് മുറിയുമ്പോൾ ദാമ്പത്യത്തിന്റെ സ്നേഹസമർപ്പണഭാവങ്ങൾ നഷ്ടപ്പെടും, മക്കൾ അപഥ സഞ്ചാരികളാകും. അവർക്ക് ചുറ്റും ചതിക്കുഴികളുണ്ട്. സ്നേഹത്തിന്റെ മൂടുപടമണിഞ്ഞ പ്രലോഭനങ്ങളുണ്ട്. സ്നേഹം നിറഞ്ഞ കുടുംബാന്തരീക്ഷത്തിൽ വളരുന്ന കുട്ടികൾ ലോകത്തിന്റെ വാഗ്ദാനങ്ങളായിത്തീരും. മാതാപിതാക്കളാണ് മക്കൾക്ക് സ്നേഹത്തിന്റെ പാഠങ്ങൾ പകർന്നു നല്കേണ്ടത്. കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുമ്പോൾ നാം 'നിക്ഷേപി'ക്കുകയാണ് ചെയ്യുന്നത്. വിശ്വാസത്തിന്റെയും മൂല്യങ്ങളുടെയും ആത്മീയ നിക്ഷേപങ്ങൾ അവരുടെ മനസ്സിലിട്ട് കൊടുക്കുക. അത് അവരുടെ മനസ്സിൽ കിടന്ന് സീമാതീതമായി വളരും.

നിശബ്ദയായി പണിയെടുക്കുന്നവളാണ് സ്ത്രീ. മാവിലുള്ള പുളിപ്പിന്റെ സാന്നിദ്ധ്യം പോലെ നിശബ്ദമാണ്. അല്പം പുളിപ്പിനാൽ അത് മാവിനെ രൂപമാറ്റം വരുത്തുന്നു. അത് പുളിച്ച് പൊന്തുന്നു. പുളിപ്പ് വളരുന്നില്ല. വ്യാപിക്കുകയാണ്. അതിന്റെ രാസത്വരകപ്രവർത്തനം നിരീക്ഷണവിധേയമല്ല, ദൈവരാജ്യത്തിൽ വളരുന്ന നമ്മൾ ആന്തരീകമായ ഒരു പരിവർത്തനത്തിലേക്കാണ് നീങ്ങേണ്ടത്.

ഒരു ആത്മാന്വേഷിക്ക് എത്ര ശ്രമിച്ചാലും കണ്ടെത്താൻ കഴിയാത്ത സ്വത്വത്തിന്റെ ആഴങ്ങളിൽ വേരൂന്നിയ ചില സൂക്ഷ്മമായ കളകൾ ഉണ്ടായിരിക്കും. അതിനെ തിരിച്ചറിയണം. അഹന്തയുടെ സൂക്ഷ്മഭാവങ്ങൾ പലപ്പോഴും വിളയാണെന്ന് തെറ്റിദ്ധരിപ്പിക്കുന്ന കളകളാണ്. ആഴമുള്ള മിഴികൾക്കേ അവയെ തിരിച്ചറിയാനാകൂ. ഇത്തരം ബലഹീനതകളിൽ നമ്മെ ആത്മാവ് സഹായിക്കുമെന്നാണ് റോമാക്കാരുടെ ലേഖനത്തിൽ വ്യക്തമാക്കുന്നത്. ദൈവം തന്നെ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അതെങ്ങനെ സാധ്യമാകും. കുട്ടിയുടെ വിരൽപിടിച്ച് അമ്മ എഴുതിക്കുന്നതുപോലെ, ചിലപ്പോൾ അമ്മ തന്നെ ഹോം വർക്ക് ചെയ്തുകൊടുക്കുന്നതുപോലെ ആത്മാവ് നമ്മുടെ ആന്തരിക ചോദനകളെ പ്രചോദിപ്പിക്കുന്നു. ആത്മാവിന്റെ പ്രാർത്ഥനകൾക്ക് വാക്കുകളില്ല. അത് നെടുവീർപ്പാണ്. ഈ അവസ്ഥയിലെത്താൻ നാം ആത്മാവിന്റെ ശബ്ദത്തിന് ചെവിയോർക്കണം. ■

ആണ്ടുവട്ടം 17-ാം ഞായർ (ജൂലൈ 30)

# വിവേകം ദൈവീക ദാനം

1 രാജ. 3:5.7-12 | റോമ. 8: 28-30 | മത്താ. 13 : 44-52

**ബൈ**ബിളിലെ വൈജ്ഞാനിക പുസ്തകങ്ങൾ (സങ്കീർത്തനം, വിജ്ഞാനം, സുഭാഷിതങ്ങൾ മുതലായവ) സോളമൻ രാജാവിന്റെ പേരിലാണറിയപ്പെടുന്നത്. ബി.സി. 970 ലാണ് മഹാനായ തന്റെ പിതാവായ ദാവീദ് രാജാവിൽ നിന്നും ജറുസലേമിന്റെ ഭരണസാരഥ്യം ഏറ്റെടുക്കുന്നത്. സോളമന്റെ അമ്മയായ ബത്ഷേബായും നാഥാൻ പ്രവാചകനും കൂടി ചേർന്ന് വയോധികനായ ദാവീദ് രാജാവിനെ തന്റെ രാജ്യത്തിന്റെ



ഞാൻ അന്വേഷിക്കുന്നതെന്താണെന്നും അതിന്റെ മൂല്യവും ബോധ്യപ്പെട്ടാൽ മാത്രമെ അതിന് തടസ്സമായി എന്റെ ജീവിതത്തിൽ നിലനിൽക്കുന്നതെല്ലാം ഉപേക്ഷിക്കുവാനാകൂ.

അനന്തര അവകാശിയായി മൂത്തമകൻ അദോണിയായ്ക്കു പകരം ഇളയമകനായ സോളമനെ നിയോഗിക്കുവാൻ പ്രേരിപ്പിച്ചു. 38 വർഷം നീണ്ടുനിന്ന സുദീർഘമായ തന്റെ ഭരണകാലത്തു യഹോവയുടെ ഇരിപ്പിടമായ അതിമനോഹര ജറുസലേം ദൈവാലയവും പ്രൗഢഗംഭീരമായ കൊട്ടാരവും പണിതു. തന്റെ അയൽ രാജ്യങ്ങളുമായി സൗഹാർദ്ദബന്ധം അരക്കിട്ടുറപ്പിക്കുകയും വ്യാപാര വ്യവസായങ്ങളെല്ലാം സമ്പൽ സമൃദ്ധമാകുകയും ചെയ്തു. തൽഫലമായി തുടർന്നു വന്ന യഹൂദ പാരമ്പര്യം സോളമനെ എക്കാലത്തും സർവ്വരേയും അതിശയിപ്പിക്കുന്ന വിജ്ഞാനത്തിന്റെ പ്രതിപുരുഷനായി വാഴിച്ചു.

എന്നാൽ ഇന്നത്തെ ആദ്യവായന സോളമന്റെ വിജ്ഞാനത്തിന്റെ ഉറവിടം എവിടെയാണെന്ന് വ്യക്തമാക്കുന്നു. സർവ്വജനത്തേയും അതിശയിപ്പിക്കുന്ന സോളമന്റെ വിജ്ഞാനം ദൈവത്തിന്റെ ദാനമായിരുന്നു. സോളമന് ഈ ദൈവീകജ്ഞാനം ലഭിക്കുവാൻ ഹേതുവായി തീർന്നത് താൻ ആരാണെന്ന ബോധ്യവും തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ഭാരിച്ച ഉത്തരവാദിത്തത്തെക്കുറിച്ചുള്ള അവബോധവുമാണ്.

തന്റെ മുന്നിൽ എന്തും ചോദിക്കുവാനുള്ള വൈവിധ്യമാർന്ന സാധ്യതാപട്ടിക ദൈവം അണിനിരത്തിയെങ്കിലും സോളമൻ താൻ ആരാണെന്നും എന്താണെന്നും ആ നിമിഷം ഓർത്തു. താൻ ആരെണെന്ന ചോദ്യത്തിന് "ഭരണ പരിചയമില്ലാത്ത ഒരു ബാലൻ" എന്നാണ് സ്വയം മനസിലാക്കിയത്. താൻ എന്താണെന്നും എന്താണ് ചെയ്യേണ്ടതെന്നും ആലോചിച്ചപ്പോൾ സ്വയം കണ്ടെത്തിയ ഉത്തരം "എന്റെ പിതാവായ ദാവീദിന്റെ സ്ഥാനത്ത് രാജാവാക്കപ്പെട്ടവൻ" എന്നും "അങ്ങ് തെരഞ്ഞെടുത്തതും സംഖ്യാതീതവുമായ ഒരു മഹാജനത്തെ നയിക്കേണ്ടവൻ" എന്നുമാണ്. ഈ അവബോധമാണ് സോളമൻ രാജാവാവിനെ വിനയത്തോടെ ദൈവതിരുമുമ്പിൽ "നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കുവാൻ ചേരുന്ന വിവേകം ഈ ദാസനു നൽകിയാലും" എന്ന അഭ്യർത്ഥന നടത്തുവാൻ സഹായിച്ചത്.

ദൈവത്തിന്റെ വാക്കുകളിൽ സോളമൻ ദീർഘായുസ്സോ, സമ്പത്തോ, കായികബലമോ, ശത്രു സംഹാരശക്തിയോ അല്ല ആവശ്യപ്പെട്ടത്. പ്രത്യുത, നീതി നിർവ്വഹണത്തിനുവേണ്ട വിവേകം മാത്രമാണ് ആവശ്യപ്പെട്ടത്.

ദൈവീകനീതി, ദൈവരാജ്യം ഈ ഭൂമിയിൽ സംസ്ഥാപിക്കണമെങ്കിൽ ദൈവത്തിന്റെ തന്നെ ദാനമായ വിവേകമാണ് ആവശ്യം. പൗലോസിന്റെ ഭാഷ്യമനുസരിച്ച് ഈ വിവേകം ലഭിക്കുന്നത് ദൈവത്തെ സ്നേഹിക്കുന്നവർക്കും അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെടുന്നവർക്കുമാണ്. കാരണം ഇക്കൂട്ടർക്ക് ദൈവം തന്റെ ദാനമായ വിവേകം നൽകിക്കൊണ്ട് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു.

ഇന്നു നാം ശ്രവിച്ച മത്തായിയുടെ സുവിശേഷ ഭാഷ്യമനുസരിച്ച് നന്മ തിന്മ തിരിച്ചറിയുവാനുള്ള വിവേകമുള്ള ഒരാൾക്കു മാത്രമെ ദൈവരാജ്യമാകുന്ന നിധിയെ, അമൂല്യരത്നത്തെ സ്വന്തമാക്കാൻ സാധിക്കുകയുള്ളൂ. അറിവും ദർശനവും അനുഭവവും ഈ വിവേകത്തിൽ, തെരഞ്ഞെടുക്കൽ പ്രക്രിയയിൽ അടങ്ങിയിരിക്കുന്നു. ദൈവരാജ്യ പ്രവേശനം ആകസ്മികമല്ല, മറിച്ച് ഇത് നിരന്തമായൊരു അന്വേഷണവും കണ്ടെത്തലുമാണ്.

ഞാൻ അന്വേഷിക്കുന്നതെന്താണെന്നും അതിന്റെ മൂല്യവും ബോധ്യപ്പെട്ടാൽ മാത്രമെ അതിന് തടസ്സമായി എന്റെ ജീവിതത്തിൽ നിലനിൽക്കുന്നതെല്ലാം ഉപേക്ഷിക്കുവാനാകൂ. യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ദൈവരാജ്യ അന്വേഷണം നാം ഓരോരുത്തരും ഇന്നു ജീവിക്കുന്ന, മുറുകെപ്പിടിക്കുന്ന മൂല്യങ്ങളെക്കുറിച്ചുള്ള ആത്മപരിശോധനയിലേക്കു നയിക്കും. മൂല്യങ്ങളുടെ പുതിയൊരു ശ്രേണിതന്നെ ഉരുവാക്കപ്പെടണമെന്ന ബോധ്യത്തിലേക്ക് നയിക്കും.

സുവിശേഷത്തിന്റെ അവസാന ഭാഗത്തു പ്രതിപാദിക്കുന്ന തന്റെ നിക്ഷേപത്തിൽ നിന്നും പുതിയതും പഴയതും പുറത്തെടുക്കുന്ന വീട്ടുടമസ്ഥനു തുല്യനാണ് സ്വർഗ്ഗരാജ്യത്തിന്റെ ശിഷ്യൻ. അതിനാൽ പഴയതിന്റെ മൂല്യം ഉൾക്കൊണ്ടുകൊണ്ട് അതിനെ പുത്തൻ ദർശനത്തോടെ, നവ്യമായ രീതിയിൽ അവതരിപ്പിക്കപ്പെടണം. കാരണം, ഒരു പ്രത്യേക രീതിയിൽ കാര്യങ്ങൾ ചെയ്യുവാൻ ശീലിച്ചവർക്ക് പുതിയതിനെ സ്വീകരിക്കുവാൻ തയ്യാറാവില്ല. ഒരുവേള നാം ഉപയോഗിക്കുന്നതിനേക്കാൾ നല്ലൊരു മാർഗ്ഗം മറ്റൊരാൾ നിർദ്ദേശിക്കപ്പെട്ടാൽ കൂടി അത് ഉൾക്കൊള്ളുവാനുള്ള തുറവി ഉണ്ടാവില്ല.

ഇവിടെയാണ് സോളമൻ രാജാവിനുണ്ടായിരുന്ന സ്വയാവബോധവും നമ്മെ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്തത്തെ കുറിച്ചുള്ള ബോധ്യവും നമുക്കുണ്ടാകേണ്ടത്. വിനയത്തോടെ നമുക്കും പ്രാർത്ഥിക്കാം. ദൈവത്തിന് പ്രഥമസ്ഥാനം നൽകുവാൻ, ജീവിതപങ്കാളിയെ, മാതാപിതാക്കളെ, മക്കളെ, അയൽവാസിയെ, സഹപ്രവർത്തകരെ എന്നെക്കാളും പ്രാധാന്യവും മൂല്യവുമുള്ളവരായി കാണുവാനുള്ള വിവേകത്തിനായ്, ദൈവകൃപയ്ക്കായി. അപ്പോൾ നമ്മുടെ ജീവിതവും ശോഭനമാകും, അത്ഥപൂർണ്ണമാകും. ■




# ചാരത്തിൽനിന്ന് ചാരത്തേക്ക്

1. **പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം**
2. **സ്വാഗതം: കുടുംബനാഥൻ/ നാഥ**
3. **ആമുഖം**

മുമ്പ് മനസ്സിലൊരു തെറ്റിദ്ധാരണയുണ്ടായിരുന്നു; ജീവിതത്തോട് വിരക്തിയുള്ളവരാണത്രെ സമർപ്പിതർ! ഈ ലോക ജീവിതത്തിൽ സന്തോഷം കണ്ടെത്താത്തവർ. എന്നാൽ മിഴികൾക്കൽപ്പം കൂടി വെളിച്ചമുണ്ടായപ്പോൾ മനസ്സിലായി; ഏറ്റവും പ്രസന്നമായൊരു ജീവിതാവസ്ഥയാണ് സമർപ്പിത ജീവിതമെന്നത്. ഹൃദയത്തിൽ സന്തോഷമുള്ളവർക്കുമാത്രമേ ആ സന്തോഷം മറ്റുള്ളവർക്ക് പകരാനാവൂ. സന്തോഷം എന്നത് നാം കാണുന്ന ലൗകീക സുഖങ്ങളല്ല, സമർപ്പിതരുടെ സന്തോഷമെന്നും ഓർക്കുക.

ലൗകിക ആനന്ദം മാത്രം കാണുന്ന നമ്മുടെ മിഴികൾക്ക്, ഇവർ ആത്മീയ ആനന്ദം എന്തെന്ന് പറഞ്ഞു തരും. ഒരു കുഞ്ഞിനെയും പ്രസവിക്കാതെ ഒരുപാട് കുഞ്ഞുങ്ങളുടെ അമ്മമാരായി തീരുമ്പോൾ, മക്കളുപേക്ഷിച്ച ഏറെ മാതാപിതാക്കൾക്ക് ഒടുവിൽ താങ്ങും തണലുമായി മാറുമ്പോൾ, സമർപ്പിതർക്കുണ്ടാകുന്ന സന്തോഷത്തെ, നമുക്കുളള് തിട്ടപ്പെടുത്താൻ ആവില്ല. ദൈവം നൽകുന്ന സന്തോഷമാണത്.

അനാഥരായവർ, മാറാരോഗികൾ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ശാരീരിക വൈകല്യമുള്ളവർ, വീടുകളിൽ നിന്ന് പുറന്തള്ളപ്പെടുന്ന വാർധക്യങ്ങൾ... കണ്ണുണ്ടായിട്ടും നാം കാണാതെ പോകുന്ന എത്രയെത്ര പേർക്കാണ് ഈ സമർപ്പിതർ സ്നേഹത്തണലൊരുക്കുന്നത്.

എന്നിട്ടും ചിലവേള നാം ഇവരെ കല്ലെറിയുന്നു. അകാരണമായോ, കാരണമായോ വല്ലപ്പോഴും സംഭവിക്കുന്ന ചില ഇടർച്ചകളുടെ പേരിലൊക്കെ. നാമങ്ങനെയാണ്, മറ്റുള്ളവരുടെ നന്മകളൊക്കെ തിരഞ്ഞു കോറിയിടും, ഏത് തിരമാലയ്ക്കും മായ്ക്കാൻ കഴിയുംവിധം. അവരുടെ വീഴ്ചകളൊക്കെ കൽഫലകത്തിൽ കൊത്തിവയ്ക്കും, ഒരിക്കലും മായരുതെന്ന പിടിവാശിയോടെ.

ശരിയാണ്, സമർപ്പിതർക്കിടയിലുമുണ്ടാകും പൊരുത്തക്കേടുകളും പാളിച്ചകളും. കാരണം അവരും മനുഷ്യരാണ്. നമ്മെപ്പോലെ, നമ്മുടെയൊക്കെ ഭവനങ്ങളിൽ തന്നെയാണ് സമർപ്പിതരും വളർന്നുവന്നത്. എന്നിട്ടും നമുക്കുണ്ടാകുന്ന വീഴ്ചകളേക്കാൾ എത്രയോ കുറവാണ് അവർ വരുത്തുന്ന വീഴ്ചകൾ. ആ വീഴ്ചകൾ ആഘോഷമാക്കുംമുമ്പ് ഒരുവേള ഓർക്കണം, അവർ ചെയ്യുന്ന സൽപ്രവർത്തികളും അവരനുഷ്ഠിക്കുന്ന ത്യാഗങ്ങളും.

ബലിവേദിയും ജീവിതവേദിയും തമ്മിലുള്ള അകലം കൂടുമ്പോഴും ബലിയിലെ ദിവ്യകാരുണ്യം ജീവിതത്തിൽ കാരുണ്യത്തിന് വഴിമാറാതിരിക്കുമ്പോഴാണ് സമർപ്പിത ജീവിതം സ്വാർത്ഥ പൂരിതമാകുന്നത്. ആയതിനാൽ ഈ മാസത്തെ നമ്മുടെ കുടുംബ കൂട്ടായ്മകളിൽ സമർപ്പിതരെക്കുറിച്ച് കൂടുതൽ ചിന്തിക്കുവാനും, ചിന്തയുടെ ഫലമായി അവരെ കൂടുതൽ പരിഗണിക്കുന്നവരായി തീരുവാനും പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് നമ്മുടെ ഈ കൂട്ടായ്മയിലേക്കും എല്ലാ സമർപ്പിതരിലേക്കും ഈശോ വന്ന് നിറയട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

4. **യേശുവിനെ ക്ഷണിക്കൽ**
5. **വചനഗീതി**
6. **ദൈവവചന പാരായണം**

   (ഹെബ്രാ. 4:14-5:4)

7. **വചനവിചിന്തനം**

മൂല്യച്യുതി സംഭവിക്കുന്ന സമർപ്പിതർ ഉണ്ടാകുന്നതിന് കാരണ



ങ്ങൾ ഏറെയുണ്ട്. ആധുനികതയുടെ സ്വാധീനം, വർണശബളവും ആകർഷണീയവുമായ ലോകം, മാതൃകകളല്ലാത്ത സന്യാസഭവനങ്ങളും സെമിനാരികളും, പരിപൂർണ അർപ്പണ ബോധമില്ലാത്ത മാതാപിതാക്കളും. മക്കളെ സമർപ്പിതവിളിക്കായി പറഞ്ഞയക്കുമ്പോൾ അവർ തിരിച്ചുവന്നിരുന്നുവെങ്കിലെന്നാശിക്കുന്ന മാതാപിതാക്കൾ ഇന്നേറിവരികയാണ്. അതിൽ ഒരു വിഷമവുമില്ലാത്തവരാണേറെയും. സെമിനാരിയിൽ പോകുന്ന മകനോ, മഠത്തിൽ പോകുന്ന മകളോ സകല സുഖങ്ങളും അനുഭവിക്കണമെന്നാഗ്രഹിക്കുന്നവരും ഏറെയുണ്ട്.

കുറച്ചുകാലം മുമ്പുവരെ സ്ഥിതി അങ്ങനെയല്ലായിരുന്നു. മക്കളെ ദൈവത്തിന് കൊടുത്താൽ അത് മഹത്തായ കാര്യമായി കരുതുകയും അതിന് എല്ലാ രീതിയിലും പ്രോത്സാഹനം നൽകുകയും ഉപവസിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്ന മാതാപിതാക്കളുണ്ടായിരുന്നു. എന്നാൽ, കുടുംബങ്ങളിലും കവലകളിലും വൈദികരുടെയും സന്യസ്തരുടെയും പാളിച്ചകൾ ചർച്ച ചെയ്ത് ചിരിച്ചാനന്ദിക്കുന്നവർ ഏറിയതോടെ മനസ്സിന്റെ ഓരോ കോണിലും നല്ല വൈദികനാകണം, നല്ല സിസ്റ്റർ ആകണം എന്ന ആഗ്രഹം രൂപംകൊള്ളാത്ത രീതിയിൽ ഒരു തലമുറ വളർന്നുവരികയാണ്. അത് വലിയ അപകടമാണുതാനും.

എത്രമാത്രം കുറവുകളുണ്ടായാലും എത്രപേർ വിളിയിൽ നിന്നും വ്യതിചലിച്ചാലും സമർപ്പിത വിളി എന്നുള്ളത് മഹത്തായ ഒന്നുതന്നെയാണ്. ഒരു പുരോഹിതനായ ഞാൻ അതിൽ ഏറെ അഭിമാനിക്കുകയും ചെയ്യുന്നു.

അഭിഷിക്തരെയോ സന്യസ്തരെയോ മാറിനിന്ന് വിധിയെഴുതിയിട്ടും പരിഹസിച്ചിട്ടും എന്ത് മേന്മയാണ് നമുക്ക് ലഭിക്കുന്നത്? വേലിതന്നെ വിളവ് തിന്നുകയല്ലാതെ ദൂഷ്യത്തേക്കാൾ ഒരുതരി നന്മയും അതിൽ ഇല്ല. ആരും പരിപൂർണരല്ലല്ലോ? അതിനാൽ തന്നെ സമർപ്പിതരെ കാണുമ്പോൾ ബഹുമാനിച്ചില്ലെങ്കിലും പരിഹസിക്കാതിരുന്നാൽ എത്രയോ നല്ലതെന്ന് ചിന്തിക്കുന്നത് നല്ലതാണ്. നല്ലതു പറയുവാനും നല്ലതു ചെയ്യുവാനും കഴിയണം. ഏറെ വർഷങ്ങളുടെ പ്രയത്നത്തിന്റെ ഫലമായാണ് ഒരു പുരോഹിതനോ സന്യസ്തയോ ഉണ്ടാകുന്നത്. അവരെ ആ വിളിയിൽ ജീവിക്കാൻ നാം പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്.

ഫ്രാൻസിസ് പാപ്പ പറഞ്ഞതുപോലെ, അവർക്കായി പ്രാർത്ഥിക്കണം. അവർ പ്രലോഭനങ്ങളിൽ വീഴുമ്പോൾ അതു പറഞ്ഞ് കൈകൊട്ടിച്ചിരിക്കാതെയും വിധിയെഴുതാതെയും, അവരെ പ്രലോഭനത്തിൽ വീഴ്ത്താത്തവരാകാൻ ശ്രമിക്കുകയും വീഴ്ത്തിയവരെക്കുറിച്ച് പരിതപിക്കുകയും വേണം. ഒരു കുടുംബ ജീവിതത്തിൽ ഉള്ളതുപോലെ തന്നെ ബുദ്ധിമുട്ടുകൾ ഉള്ളതാണ് അവരുടെ ജീവിതവും. സമപ്പിത ജീവിതം സുഖവും സന്തോഷങ്ങളും മാത്രം നിറഞ്ഞതാണെങ്കിൽ എന്തുകൊണ്ടാണ് പലരും അവരുടെ മകനെയോ മകളെയോ ഇത്തരം ദൈവവിളികൾക്കായി പൂർണ്ണ മനസ്സോടെ പറഞ്ഞയക്കുന്നതിൽ നന്നും വിസമ്മതിക്കുന്നത്?

മാറിനിന്ന് കല്ലെറിയാൻ ഏറെ എളുപ്പമാണ്. അതേ കല്ലുകൾ സ്വന്തം നേർക്ക് ഒന്നെറിഞ്ഞുനോക്കൂ, നോവും. പരസ്പരം പഴിചാരുന്നവരാകാതെ നന്മകാണുന്നവരാകാൻ പരിശ്രമിക്കുക. ദൈവത്തിന്റെ പ്രതിപുരുഷരായിതീരേണ്ട സമർപ്പിതരും അവരെ അങ്ങനെ തന്നെ കാണട്ടെ. ഞാനും, നിങ്ങളും ഒരിക്കലും വഴിതെറ്റാതിരിക്കട്ടെ. നല്ല കുടുംബങ്ങളും നല്ല സമർപ്പിതരും അതിൽ നിന്നും രൂപപ്പെടട്ടെ.

**8. ചർച്ച**

1. ദൈവവിളിയുടെ വിളനിലം കുടുംബമാണ്. ഇന്നത്തെ നമ്മുടെ കുടുംബങ്ങളിൽ എത്രത്തോളം ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നുണ്ട്?
2. സമർപ്പണ ജീവിതത്തിന്റെ മാഹാത്മ്യം പ്രകടിപ്പിക്കാനുതകുന്ന രീതിയുള്ള മത്സരങ്ങൾ കുടുംബകൂട്ടായ്മകളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്.
3. നമ്മുടെ ഇടവകയിൽ നിന്നും സമർപ്പിതരാകാൻ വിളിക്കപ്പെട്ടിരിക്കുന്നവരുടെ പട്ടിക തയ്യാറാക്കി അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ശീലം വളർത്തിയെടുക്കുക.



**9. റിപ്പോർട്ട്.**

**10. ഹാജർ**

**11. ചർച്ച**

**12. വിശ്വാസികളുടെ പ്രാർത്ഥന**

**13. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ**

**14. സമാപനഗാനം**

**15. സ്നേഹവിരുന്ന്.**

**16. നന്ദി**

*തയ്യാറാക്കിയത് :*
**ഫാ. വിക്ടർ എവരിസ്റ്റസ്**






## കൊച്ചുകൂട്ടുകാരേ,

സ്കൂളിലെ വായനാഘോഷത്തിൽ എല്ലാവരും പങ്കെടുക്കുന്നുണ്ടല്ലോ അല്ലേ? എല്ലാവരും വായിക്കണം വായന ഒരു ശീലമാക്കണം. ടിവിയുടെയും കമ്പ്യൂട്ടറിന്റെയും യുഗത്തിൽ നാം ജീവിക്കുമ്പോൾ വായനയിൽ ശ്രദ്ധിക്കാൻ പലരും സമയം കണ്ടെത്താറില്ല. എന്തിനേറെ ബൈബിൾ വായിക്കാൻ പോലും സമയം ഇല്ലാത്തവരാണ് പുതിയതലമുറ.

ജീവിത വിജയത്തിന് അത്യന്താപേക്ഷിതമാണ് അറിവ് സമ്പാദിക്കൽ. അറിവുനേടാനുള്ള ഏറ്റവും നല്ല ഉപാധിയാണ് വായന. വായനപോലെ ചെലവുചുരുങ്ങിയതും മാനസികോല്ലാസം പ്രദാനം ചെയ്യുന്നതുമായ മറ്റൊരു വിനോദം ഇല്ല. വായനയിൽ നിന്നുളവാകുന്ന ആനന്ദം പോലെ നീണ്ടു നിൽക്കുന്ന മറ്റൊരു ആനന്ദവുമില്ല. മനുഷ്യന് പ്രചോദനം നൽകുന്ന മഹാന്മാരായ സുഹൃത്തുക്കളാണ് പുസ്തകങ്ങൾ. മഹാന്മാരുടെ ജീവിതങ്ങൾ നാം സസൂഷ്മം ശ്രദ്ധിച്ചാൽ അവരെല്ലാം പ്രചോദനം ഉൾക്കൊണ്ടത് പുസ്തകപാരായണത്തിലൂടെയാണെന്ന് കാണാം.

പണ്ട് ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കാനോ പ്രോജക്ട് തയ്യാറാക്കാനോ ടീച്ചർ ആവശ്യപ്പെട്ടാൽ പിന്നെ ഓട്ടമാണ്. ലൈബ്രറിയിൽ നിന്ന് ലൈബ്രറിയിലേക്ക്. വിഷയവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ കണ്ടെത്തി വായിച്ച് ആവശ്യമായ ഭാഗങ്ങൾ മാത്രം അടർത്തിയെടുക്കുന്നു. എന്നാലിന്ന് ഗൂഗിളിൽ കയറി വിഷയം ഒന്ന് ടൈപ്പ് ചെയ്താൽ മതി സെക്കന്റുകൾക്കുള്ളിൽ നമുക്ക് അറിയേണ്ട വിഷയം അല്ലെങ്കിൽ ഭാഗം നമ്മുടെ മുന്നിൽ തെളിയുന്നു. പകർത്തിയെഴുതുകയേ വേണ്ടൂ... അങ്ങനെ ഇന്ന് ആ വായന പോയി ഇ-വായന വന്നു. എന്നുവച്ചാൽ കാര്യം ഗ്രഹിക്കാൻ പുസ്തകങ്ങളിലെ അക്ഷരങ്ങൾക്കിടയിലൂടെ യാത്രചെയ്തിരുന്നവർ ഇന്ന് ഇലക്ട്രോണിക് വായനയിലേക്ക് കടന്നുരിക്കുന്നു എന്നത് വസ്തുതയാണ്.

ലോകത്തെ മാറ്റിമറിച്ച ആയിരക്കണക്കിന് മഹതിമഹാന്മാരുടെ പ്രായോഗിക ജീവിതത്തിന്റെ സത്ത പുസ്തകങ്ങളാണ്. ഹൃദയത്തിലെ കർമ്മജ്വാല അണയാതെ സൂക്ഷിക്കാനും, ജീവിതത്തിന് പുതിയ ആശയങ്ങളും, അർത്ഥതലങ്ങളും പ്രധാനം ചെയ്യാനും പുസ്തകത്തിന് കഴിയും. എന്നാൽ പുസ്തകങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മെ സ്വാധീനിക്കുന്ന ഒരൊറ്റ ആശയം മതി നമ്മുടെ ജീവിതത്തെ മാറ്റിമറിക്കാൻ അതിനാൽ മനസ്സിന് വെളിച്ചം തരുന്ന ജീവിതത്തിന് ദിശാബോധം തരുന്ന പുസ്തകങ്ങൾ നാം കൂടുതലായി വായിക്കണം.

ഞാൻ വായിച്ചിട്ടില്ലാത്ത ഒരു പുസ്തകം എനിക്ക് തരുന്ന വ്യക്തിയാണ് ഏറ്റവും നല്ല സുഹൃത്ത് എന്ന എബ്രഹാം ലിങ്കന്റെ വാക്കുകളിൽ നിന്ന് വായനക്കുള്ള പ്രാധാന്യം കൂടുതൽ വ്യക്തമാകും.

ആയതിനാൽ കൂട്ടുകാരേ, നമുക്ക് വായന തുടരാം... അറിവിന്റെ അർത്ഥതലങ്ങൾ വായനയിലൂടെ കണ്ടെത്താം. നമ്മുടെ രക്ഷകനെ അറിയിക്കാൻ അവനോടൊപ്പം ആയിരിക്കാൻ നമുക്ക് നൽകപ്പെട്ട സുവിശേഷമായ ബൈബിൾ ഇടതടവില്ലാതെ മനസ്സിൽ പതിക്കാൻ ശ്രമിക്കാം.

സ്നേഹപൂർവ്വം,

- കൊച്ചേച്ചി

# കണ്ണാടി അച്ചൻ

അനിഷ്മ തോമസ്






## സൽപ്രവർത്തി

ക്ലാസ് ടീച്ചറിന്റെ വിളികേട്ടാണ് സോഹൻ ചിന്തയിൽ നിന്ന് ഉണർന്നത്. എല്ലാവരും ഓരോ പരോപകാര പ്രവർത്തി ചെയ്തുവേണം ക്ലാസിൽ വരാനെന്ന് ടീച്ചർ ഇന്നലെ പറഞ്ഞത് സോഹൻ ഓർത്തു.

വീടിന് പുറത്തിറങ്ങാൻ പോലും കഴിയാത്ത താൻ എന്ത് പരോപകാരം ചെയ്യാൻ... പനിച്ചുവിറയ്ക്കുന്ന അമ്മയ്ക്കരികിൽ നിന്ന് എവിടെയും പോകരുതെന്ന് പറഞ്ഞാണ് അച്ഛൻ വൈകിട്ട് കടൽപ്പണിക്ക് പോയത്. അമ്മയ്ക്ക് ചുക്കുകാപ്പിയും പിന്നെ കൈയും കാലും തടവിക്കൊടുത്ത് രാത്രി മുഴുവൻ അമ്മയ്ക്കരികിലിരുന്നു.

ക്ലാസിൽ സഹപാഠികൾ തങ്ങൾ ചെയ്ത സൽപ്രവർത്തികൾ ഓരോന്നായി വിവരിച്ച് കൈയടി നേടുകയാണ്.

ഇനി സോഹൻ പറയൂ.... ക്ലാസ്ടീച്ചർ.

സോഹനെ നോക്കി സഹപാഠികൾ കളിയാക്കി ചിരിച്ചു. അല്ലേലും ദരിദ്രനായ ഇവനെന്തുചെയ്യാൻ കഴിയും. കൂട്ടുകാരുടെ കമന്റുകൾ.

എന്റെ അമ്മയ്ക്ക് പനിയായിരുന്നു. സോഹൻ പറഞ്ഞു. കുട്ടികൾ ആർത്തു ചിരിച്ചു.

സൈലൻസ്.... ടീച്ചറുടെ സ്വരം കടുത്തു.

പിന്നെ പിന്നെ സോഹനെ ആശ്ലേഷിച്ചുകൊണ്ട് ടീച്ചർ പറഞ്ഞു. അച്ഛനെ അനുസരിക്കുകയും അമ്മയെ ശുശ്രൂഷിക്കുകയും ചെയ്ത സോഹനാണ് മറ്റുള്ളവരേക്കാൾ മിടുക്കൻ.

ക്ലാസ് പെട്ടെന്ന് നിശബ്ദമായി...

● ജെ.സി



# ആഗോള താപനവും പാരിസ് ഉടമ്പടിയും

ഒരു പരിസ്ഥിതിദിനം കൂടികടന്നു പോകുമ്പോൾ നാം ജീവിക്കുന്ന ചുറ്റുപാടുകളെ നശിപ്പിക്കുവാൻ എത്ര പ്രവർത്തിച്ചുവെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. പാരിസ് കാലാവസ്ഥ ഉടമ്പടിയിൽ നിന്ന് അമേരിക്കയുടെ പിൻമാറ്റം അപ്രതീക്ഷിതമായിരുന്നില്ലങ്കിലും അതിന്റെ പ്രത്യാഘാതം പരിസ്ഥിതിയെ നശിപ്പിക്കുന്നതിൽ വലിയ പങ്കുവഹിക്കുമെന്ന അറിവ് നമ്മെ ഞെട്ടിപ്പിക്കുന്നു. അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് കാലത്തുതന്നെ ട്രംപ് പാരിസിൽ ലോകരാഷ്ട്രങ്ങൾ ഒപ്പുവച്ചകാലാവസ്ഥ ഉടമ്പടിയോട് എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. ചൈനയെയും ഇന്ത്യയെയും പേരെടുത്ത് വിമർശിക്കുന്ന അമേരിക്കൻ പ്രസിഡന്റ് കാലാവസ്ഥാ വ്യതിയാനത്തോടും ഭൗമതാപനത്തോടുമുള്ള ശാസ്ത്രീയ സമീപനത്തെ പരിഹസിക്കുന്നുണ്ട്. ഭൗമതാപനത്തിന് കാരണമാകുന്ന വാതകങ്ങൾ പുറന്തള്ളുന്ന വികസിത രാഷ്ട്രങ്ങളുടെ പട്ടികയിൽ ഒന്നാമത് നിൽക്കുന്ന അമേരിക്ക പാരിസ് ഉടമ്പടിയിൽ നിന്ന് പിൻമാറുന്നതോടെ ആഗോളതാപനത്തിന്റെ തോത് കുറയ്ക്കാനുള്ള ലോകരാഷ്ട്രങ്ങളുടെ നീക്കത്തിനു തിരിച്ചടി നേരിടുകയാണ്. വികസനത്തിന്റെ ഇന്ത്യൻ മാതൃകകളെ അമേരിക്ക എന്നും പരിഹാസത്തോടെയാണ് കണ്ടിരുന്നത്.

വികസനത്തിന്റെ ആക്കം കുറയ്ക്കാതെ തന്നെ ബദൽ മാതൃകകൾ പരീക്ഷിക്കുമ്പോൾ അതിനെ സാമ്പത്തികമായും രാഷ്ട്രീയമായും പിൻതാങ്ങാനുള്ള ധാർമ്മിക ഉത്തരവാദിത്വം വികസനത്തിന്റെ ട്രാക്കിൽ മുന്നേറിയ രാഷ്ട്രങ്ങൾക്കുണ്ട്. അത് നീതിയുടെ പ്രശ്നമാണ്.

ഒരുകോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചാണ് കേരളം ലോക പരിസ്ഥിതിദിനം ആഘോഷിച്ചത്. ഹരിതകേരളമെന്ന ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പുകൾ എല്ലാം സ്വാഗതാർഹം തന്നെ. പരിസ്ഥിതിക്ക് പരിക്കേൽപ്പിക്കാതെ നടത്തിയ സ്കൂൾ പ്രവേശനോത്സവം പച്ചപ്പിന്റെ ആഘോഷം കൂടിയായിരുന്നു. കേരളത്തെ സമ്പൂർണമായി വൈദ്യുതീകരിക്കപ്പെട്ട സംസ്ഥാനമായി പ്രഖ്യാപിച്ച ചടങ്ങിൽ മുഖ്യമന്ത്രിതന്നെ, വൻജലവൈദ്യുതി പദ്ധതികൾ ഇനി നടപ്പിലാക്കാനാവില്ലായെന്ന് പ്രസ്താവിക്കുകയുണ്ടായി. ഇത്തരം നയം മാറ്റങ്ങളിലൂടെയാണ് നാടിന്റെ പരിസ്ഥിതിനയ മാറ്റങ്ങൾ രൂപപ്പെടുന്നത്. ഊർജത്തിന് ബദൽ സ്രോതസ്സുകൾ സൗരോർജവും കാറ്റുമടക്കമുള്ളവ, പുനഃരുപയോഗസാധ്യതയുള്ള ഉറവിടങ്ങൾ കണ്ടെത്തി കൂടുതലായി പ്രയോജനപ്പെടുത്താൻ ശാസ്ത്രലോകത്തെ പ്രതിഭകളും ശ്രമിക്കുകയാണ്. കൽക്കരി, ഫോസിൽ ഇന്ധനങ്ങൾ തുടങ്ങിയ ഊർജസ്രോതസ്സുകളുടെ ഉപയോഗം ഭാവിയിൽ തീർത്തും ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പാരിസ് ഉടമ്പടി നടപ്പിലാക്കിയിട്ടുള്ളത്.

ആഗോളവ്യാപകമായി വായുമലിനീകരണങ്ങൾ കുറയ്ക്കാനുള്ള നടപടികൾ ലോകരാഷ്ട്രങ്ങൾ സ്വീകരിച്ചു. പക്ഷേ, ഇന്ത്യ രണ്ടുവർഷത്തിനുള്ളിൽ കാർബൺ വിസർജ്ജന നിരക്ക് അഞ്ചുശതമാനം കൂട്ടുകയാണുണ്ടായത്. 2010 –15 കാലഘട്ടത്തിൽ വായുമലിനീകരണഫലമായി ഉണ്ടാകുന്ന മരണനിരക്ക് 10 ശതമാനമായിരുന്നുവെങ്കിൽ 2016 ഡിസംബർ ആയപ്പോഴേക്കും 16 ശതമാനമായി വർധിച്ചു. 2020 ആകുമ്പോൾ വൻ ഊർജ്ജപ്രതിസന്ധിയാണ് രാജ്യം നേരിടാനുള്ളത്. സോളാർ വൈദ്യുതിയാണ് ഇതിനൊരു പരിഹാരമായി നിർദ്ദേശിക്കപ്പെടുന്നത്. ■



*അതിരൂപതാ ബിസിസി ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ തുമ്പ ഇടവകയിൽ നടന്ന ഹോം മിഷൻ പ്രവർത്തനത്തിന്റെ സമാപനം അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു.*

# ഭവനം ഒരു സമ്മാനം പദ്ധതി: അഗസ്റ്റിൻ പെരുമാളിന് വീടായി

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ഭവന രഹിതരായ 6000ത്തോളം കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഭവനം ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായി തൈയ്ക്കാട് ഇടവകാംഗമായ അഗസ്റ്റിൻ പെരുമാളിന് നൽകിയ ഭവനത്തിന്റെ താക്കോൽ തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. കൈമാറി. തൈയ്ക്കാട് ഇടവക വികാരി ഫാ. ശാന്തപ്പൻ. പൂഴിക്കുന്ന് ഇടവക വികാരി ഫാ. ആന്റണി സിൽവസ്റ്റർ, റ്റി.എസ്.എസ്.എസ് ഡയറക്ടർ, ഫാ. ലെനിൻ രാജ് റ്റി, നോഡൽ ഓഫീസർ ക്ലമന്റ് റൊസാരിയോ തുടങ്ങിയവർ സന്നിഹിതരായിരുന്നു. പൂഴിക്കുന്ന് ഇടവകാംഗമായ സേവ്യർ സി ആണ് ഗുണഭോക്താവിന് മൂന്നു സെന്റ് ഭൂമി ദാനമായി നൽകിയത്.



*ഭവനം ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായി തൈയ്ക്കാട് ഇടവകാംഗമായ അഗസ്റ്റിൻ പെരുമാളിന് നൽകിയ ഭവനത്തിന്റെ ആശീർവാദകർമ്മം തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. നിർവ്വഹിക്കുന്നു*

Total Page 44 Pub. Date : 01.07.2017
RNI Registered NO. 36056/81 REG NO. KL/TV(S)266/2015-2017. WPP NO. KL/TV(S)WPP/171/2015-17 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Sterling Print House 9847900555, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor: Fr. Melkon.